[illegible]
A 40
[illegible]

‘‘പ്രഭാതം’’ ഗ്രന്ഥാവലി—1

# ASOKA

BY

PAZHAYANUR RAMA PISHARODI

# അശോകൻ

ഗ്രന്ഥകർത്താ

പഴയന്നൂർ രാമപിഷാരോടി

Lakshmi Press, Ltd., Palghat.

1930] [വില 12 ണ.

954m

DEDICATED

BY

Kind permission

TO



**Diwan Bahadur Sir M. Krishnan Nair**

(Law Member, Government of Madras.)

*as a token of the*

Author's esteem and high regard.

A 40

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

## BOOKS CONSULTED.


1. "Asoka" by Vincent Smith.
2. "Asoka" by MacPhail.
3. "The Ancient Universities of India."
4. Encyclopaedea Britannica.
5. "From Akbar to Aurangazib.
6. Articles by Mr. H. G. Wells in The Strand Magazine.

# മുഖവുര

വിൻസെൻട് സ്മിത്തിൻെറ 'ആക്സ്ഫോർഡ് ഇന്ത്യാചരിത്രം' എന്ന ഗ്രന്ഥം വായിച്ച അവസരത്തിൽ മഹാനായ അശോക ചക്രവത്തിയെപ്പററി ആ സുപ്രസിദ്ധ ചരിത്രകാരൻ പ്രസ്താവിച്ചിട്ടുള്ളതു യഥാൎത്ഥത്തിൽ എന്നെ ആശ്ചൎയ്യപരതന്ത്രനാക്കിത്തീൎത്തു. ഇതു നിമിത്തമാണ് അശോകചക്രവത്തിയുടെ ചരിത്രം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തേണമെന്നുള്ള മോഹം എന്നിലുല്പതിച്ചതു്. എന്നാൽ, അശോകനേയും ആക്ബരേയുംപ്പററി ഒരു ആനുഷാംഗിക വിമൎശനമാണ് ആദ്യത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായതു്. അങ്ങിനെയിരിക്കെ, വിക്ടോറിയാ കാളേജ് ഹോസ്റ്റൽ ഡിപ്യൂട്ടി വാർഡനായിരുന്ന ([illegible] ൧൨ാം കോഴിക്കോട് ട്രെയിനിങ്ങ് സ്കൂൾ ഹെഡ്മാസ്റ്റ[illegible]) ശ്രീമാൻ സി. വി. ഗോവിന്ദൻ നമ്പ്യാരവർകളുടെ [illegible]ഭിപ്രായമനുസരിച്ച് എനിക്ക് "സ്റ്റ്റാണ്ട് മാഗസീൻ" എന്ന ഇംഗ്ലീഷു മാസികയുടെ ഒരു പഴയപ്രതി വായിപ്പാനിടയുണ്ടായി. അതിൽ പ്രസിദ്ധനായ എച്ച്. ജി. വെൽസ് എന്ന ഗ്രന്ഥകാരൻ ചരിത്രസമ്മതന്മാരും ലോകത്തിൽവെച്ച് ഏററവും വലിയ പദവി നേടിയവരുമായ ആറുപേരെപ്പററി പ്രതിപാദിച്ചിരുന്നു. അവർ, വഴിമുറക്ക് ക്രിസ്തു, ബുദ്ധൻ, അറിസ്റ്റോട്ടിൽ, അശോകൻ, ഏബ്രഹാം ലിങ്കൺ, റോജർ ബേക്കൺ എന്നിവരാണ്. ഇതിൽ റോജർബേക്കണൊഴിച്ച് അഞ്ചുപേരുടേയും, അക്ബർ, അലക്സാണ്ടർ, നെപ്പോ

ളിയൻ എന്നീ മൂന്നുപേരുടേയും, ഇങ്ങിനെ എട്ടു മഹാപുരുഷന്മാരുടെ ചരിത്രം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയും അതിൽ ആദ്യത്തേതായി അശോകന്റെ ഈ ചെറുതായ ചരിത്രം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാകുന്നു.

ഈ ഗ്രന്ഥത്തെപ്പററി എന്റെ മാന്യസ്നേഹിതനും ഒരു യഥാർത്ഥപണ്ഡിതനുമായ ശ്രീമാൻ മാണിക്കത്ത് നാരായണമേനോനവർകൾ (അഡ്വോക്കേററ്) എഴുതീട്ടുള്ള അവതാരിക വായനക്കാൎക്ക് പ്രത്യേകമുപയോഗമുള്ളതായ്ത്തീരുമെന്നതിന്നു സംശയമില്ല. പല തിരക്കുകളുടേയുമിടയിൽ എനിക്കുവേണ്ടി കുറെ സമയം വിനിയോഗിച്ച ഈ സാഹിത്യബന്ധുവിനോട് ഞാൻ പ്രത്യേകം കൃതജ്ഞതയുള്ളവനായിരിക്കുന്നതാണ്.

വളരെക്കാലമായി, എന്റെ ഒരു ഉററ ബന്ധുവായിവൎത്തിച്ച്, സാഹിത്യവിഷയത്തിലും മററും എന്നെ അനന്യസാധാരണമായ തരത്തിൽ സഹായിച്ചുവന്നിട്ടുള്ള ശ്രീമാൻ വി. കേളുക്കുട്ടി ഏറാടി അവർകൾ (ബി. ഏ.) നിയമപഠനത്തെ സംബന്ധിച്ച തിരക്കിന്നിടയിൽ ഈ ഗ്രന്ഥം മുഴുവൻ വായിച്ച് ഒരു വിലയേറിയ അഭിപ്രായമെഴുതിത്തന്നതിന്നു അദ്ദേഹത്തോടും ഞാൻ സൎവ്വദാ കടപ്പെട്ടിരിക്കുന്നു.

| | |
|---|---|
| വടക്കന്തറ,<br>പാലക്കാട്, 4—8—1930. | എന്ന്<br>രാമപിഷാരടി. |

# അവതാരിക

മനുഷ്യസമുദായത്തിൻെറ പുരോഗതി ആദൎശപുരുഷന്മാരെ ആശ്രയിച്ചാണിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ല. ഭാരതഖണ്ഡത്തിലെ ആദൎശപുരുഷന്മാർ മിക്കവരും പുരാണേതിഹാസങ്ങളിലെ കല്പനകളാകുന്നു. എന്നാൽ, അവരെ അനുകരിക്കുന്നതിൽ പ്രയാസം തോന്നുമ്പോൾ അവർ ഈശ്വരാംശഭൂതന്മാരാണെന്നൊ യഥാൎത്ഥത്തിൽ ജീവിച്ചിരുന്നവരല്ലെന്നൊ വ്യവഹരിച്ച് നാം പലപ്പോഴും സമാധാനപ്പെടാറുണ്ട്. ഇതു നമ്മുടെ സമുദായങ്ങളുടെയും വ്യക്തികളുടെയും മുന്നോട്ടുള്ള ഗതിക്ക് വലുതായ പ്രതിബന്ധമാണ്. നമ്മുടെ ആദൎശപുരുഷൻ യഥാൎത്ഥത്തിൽ, ഭൂമിയിൽത്തന്നെ ജനിച്ചുവളൎന്ന് ഉന്നതി നേടിയവനാണെന്ന് നമുക്കു ബോധമുണ്ടാകുമ്പോൾ ആ സ്ഥിതി സമ്പാദിക്കാമെന്ന ഒരു ധൈൎയ്യവും സമ്പാദിക്കണമെന്ന ഒരു ആഗ്രഹവും നമ്മിലുല്പതിപ്പാനിടയുള്ളതാകുന്നു.

ഭാരതവൎഷത്തിൽ, എന്നു വേണ്ട, ലോകമൊട്ടുക്കെ ഒരു മഹാപുരുഷനായി ഗണിക്കപ്പെടുന്ന അശോകമഹാരാജാവിൻെറ ചരിത്രം മലയാളഭാഷയിൽ ദുൎല്ലഭമായിട്ടേ ഉള്ളൂ. പ്രജാരഞ്ജന, സമുദായസമുന്നതി, ഭരണകുശലത, പരാക്രമം മുതലായ രാജയോഗ്യങ്ങളായ ഗുണങ്ങളാൽ രാജാക്കന്മാൎക്കും, പ്രേമം, ദയ, സന്താപാനുകമ്പ, സത്യതല്പരത, സമുദായസേവനം മുതലായ ലോകോത്തരമായ ഗുണങ്ങളാൽ സാധാരണന്മാൎക്കും അദ്ദേഹം

ഒരുപോലെ അനുകരണീയനാണ്. ഈ മഹാപുരുഷന്റെ ജീവിതചരിത്രം ഈശ്വരാംശമായി നാം ബഹുമാനിച്ചുവരുന്ന രാമകൃഷ്ണന്മാരുടെ ചരിത്രങ്ങളെക്കാഠം മനോൽക്കഷത്തിന്നു ഒരു ഉത്തേജനമായി പരിണമിക്കുമെന്നുള്ളതിന്നു സംശയമില്ല.

പ്രസ്തുതഗ്രന്ഥം അശോകമഹാരാജാവിന്റെ സവിസ്തരമായ ജീവിതചരിത്രമല്ലെങ്കിലും ഇതിൽ അദ്ദേഹത്തെ സംബന്ധിച്ച പ്രധാനവിഷയങ്ങളെല്ലാമടങ്ങീട്ടുള്ളതാണ്. അശോകന്റെ ജീവകാലത്തെപ്പററി ഈ ഗ്രന്ഥകത്താവ് വിലയേറിയ പയ്യനേഷണം ചെയ്തിട്ടുണ്ടെന്നു ആക്കും പ്രത്യക്ഷത്തിലറിയാം. ഇന്ത്യയിൽ സമുദായങ്ങളും വ്യക്തികളുമൊന്നായിച്ചേൎന്ന് ഏകമനസ്സോടെ പ്രവൃത്തിക്കേണ്ടതായ ഈ സമയത്ത് ആദൎശപുരുഷന്മാരുടെ ജീവിതചരിത്രങ്ങളെ വിശദമായ രീതിയിൽ പ്രസിദ്ധീകരിപ്പാൻ നമ്മുടെ ഗ്രന്ഥകത്താവ് ചെയ്യുന്ന ഉദ്യമങ്ങളിൽ ഏതു കേരളീയനും അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

എം. നാരായണമേനോൻ,

പാലക്കാട്,
30—7—1930.

അഡ്വോക്കേററ്,
Vice President
വൈസ് പ്രസിഡേണ്ട്,
മലബാർ ഡിസ്ട്രിക്റ്റ് ബോർഡ്.

# ഒരു അഭിപ്രായം.

## ശ്രീ

## അശോകൻ.

ശ്രീമാൻ വി. കേളുക്കുട്ടി ഏറാടി അവർകാം ബി. എ.,
എഴുതുന്നതു:—

ശ്രീമാൻ പഴയന്നൂർ രാമപിഷാരോടി അവർകാം എൻെറ ഒരുവലിയ സ്നേഹിതനാണ്. കോഴിക്കോട്ടെ ഗവൎമ്മേണ്ട് കമൎഷ്യൽ സ്ക്കൂളിൽ ഞാനും മി: പിഷാരോടിയും ഒരുമിച്ച് ഉപാദ്ധ്യായവേല എടുത്തിരുന്ന കാലംമുതൽക്ക് മിസ്റ്റർ പിഷാരോടിയുടെ ലോകോപകാരകങ്ങളായ പല ഉദ്യമങ്ങളിലും പ്രത്യേകിച്ച് മാതൃഭാഷാപോഷണത്തിനുള്ള നിരന്തരപരിശ്രമങ്ങളിലും അദ്ദേഹത്തിന്നുണ്ടായിരുന്ന ശ്രദ്ധയും ശുഷ്കാന്തിയും എന്നെ പ്രത്യേകം ആകൎഷിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ മിക്കഗ്രന്ഥങ്ങളും പ്രസ്സിൽനിന്നു പുറത്താവുന്നതിന്നു മുമ്പുതന്നെ എനിക്കുവായിപ്പാൻ സാധിച്ചിട്ടുമുണ്ട്.

മലയാള ഭാഷയുടെ വ്യാപ്തി വളരെ ചുരുങ്ങിയ സ്ഥലത്തിൽ മാത്രമാണെങ്കിലും ഈ ചുരുങ്ങിയ സ്ഥലത്തുക്കൂടി വേണ്ടുവോളം നല്ല ഗ്രന്ഥങ്ങാം ഉണ്ടായി കഴിഞ്ഞിട്ടില്ല. തമിഴ്, തെലുങ്ക്, കൎണ്ണാടകം ഹിന്തുസ്ഥാനി മുതലായ മററു

ഭാഷകളിലെ ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തി നോക്കു ന്നതായാൽ ഈ സംഗതി പ്രഥമദൃഷ്ടിയിൽതന്നെ വെളിപ്പെ ടുന്നതാണ്. മാതൃഭാഷയിൽ പ്രത്യേക നൈപുണ്യം സിദ്ധി ക്കുന്നത് ഏതൊരാൾക്കും അത്യന്താപേക്ഷിതമാണെന്നു ള്ള ബോധത്തിന്ന് ഈയിടയിൽ കൂടുതൽ പ്രചാരം സിദ്ധി ച്ചിട്ടുണ്ടെന്നുള്ളതിലേക്ക് മദ്രാസ് സർവ്വകലാശാലക്കാർ ചെറിയ ക്ലാസ്സുമുതൽ ബി. എ. ക്ലാസ്സുവരെയും 'വെർനാകു ലർ' ഒരു നിർബ്ബന്ധിതവിഷയമാക്കിയ സംഗതിതന്നെ മതി യായ തെളിവാകുന്നു.

ഇപ്പോഴത്തെ പുസ്തകവായനക്കാരിൽ അധികമാളുക ളും വായിപ്പാൻ ആഗ്രഹിച്ചുകാണുന്നത് 'നോവലുകളും' 'കഥകളു'മാണ്. ഇതിന്നുള്ള ഒരു പ്രധാനകാരണം മല യാളഭാഷയിലെ ഉത്തമങ്ങളായ ജീവിത ചരിത്രഗ്രന്ഥങ്ങളു ടെ ദൌർല്ലഭ്യം തന്നെയാണ്. ഉൽകൃഷ്ടങ്ങളായ ജീവിത ചരിത്രങ്ങൾ എഴുതി ഈ ന്യൂനതയെ കഴിയുന്നതും പരിഹ രിപ്പാനുള്ള ഉദ്യമം ഏററവും കാലോചിതമായിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

വിശ്വവിശ്രുതനായ 'അശോകൻെറ' ജീവചരിത്രം ഇതിന്നുമുമ്പിൽ വായിച്ചറിവാൻ സംഗതിവരാത്തവൎക്ക് പ്രത്യേകിച്ചും ഈ ഗ്രന്ഥം ഒരു അനുഗ്രഹമായിരിക്കും. ര ണ്ടായിരത്തിലധികം കൊല്ലങ്ങൾക്ക്മുമ്പാണ് അശോകൻ രാജ്യഭാരം നടത്തിയിരുന്നതെങ്കിലും ഈ ഇരുപതാംനൂററാ ണ്ടിലെ ജനങ്ങൾക്കു കൂടി ഒരു മാതൃകാ ചക്രവൎത്തിയാവാ നുള്ള മിക്ക യോഗ്യതകളും അദ്ദേഹത്തിന്നുണ്ടായിരുന്നു.

അദ്ദേഹം പ്രജാക്ഷേമതല്പരനും ഭരണതന്ത്രനിപുണനും പരമദയാലുവും സാധാരണന്മാർക്കുപോലും ആദർശപുരുഷനുമായിരുന്നു. ഒരു മഹാശക്തനായ ചക്രവർത്തിയായിരുന്നുവെങ്കിലും ഒരു സന്ന്യാസിയുടെ വേഷവും ചെങ്കോലും ഒരേസമയത്തു ധരിക്കുന്നതു കേവലം പരസ്പരവിരുദ്ധമല്ലെന്നു അദ്ദേഹത്തിന്റെ ജീവിതം വെളിപ്പെടുത്തുന്നുണ്ട്. സകലമതക്കാരോടും ഒരുപോലെ അനുകമ്പയുള്ളവനായിട്ടാണ് അദ്ദേഹം വർത്തിച്ചിട്ടുള്ളതു.

പ്രസ്തുത ഗ്രന്ഥത്തിലെ ഭാഷ ഏററവും ലളിതമായും വിശദമായും എളുപ്പത്തിൽ ഗ്രഹിക്കത്തക്ക വിധത്തിലും ആയിട്ടുണ്ട്. ഇതിൽ ഭാഷയുടെ രസികത്വമുള്ളതിന്നുപുറമെ അശോകമഹാരാജാവിനെപ്പററി അറിയേണ്ടുന്ന എല്ലാകാര്യങ്ങളും സപ്രമാണം വിവരിച്ചെഴുതീട്ടുമുണ്ട്.

വിദ്ദ്യാർത്ഥികൾക്ക് ദൈവഭക്തി, സഹോദരവാത്സല്യം, മതവിശ്വാസം, മനഃപരിഷ്കാരം, മുതലായവയെ ജീവിതാദർശമാക്കി കയ്യ്ക്കൊള്ളേണ്ടതിലേക്കും അവരെ ഉത്തമപൌരന്മാരാക്കേണ്ടതിലേക്കും വിശ്വവിശ്രുതനായ അശോകന്റെ ജീവിതചരിത്രം സഹായിക്കുന്നതാകകൊണ്ട് ഈ ഗ്രന്ഥത്തെ ബ്രിട്ടീഷ്മലബാറിലും, കൊച്ചി, തിരുവിതാംകൂർ, എന്നീരാജ്യങ്ങളിലും ഒരു പുസ്തകമായി അംഗീകരിച്ചു കാണുവാൻ ഞാനാഗ്രഹിക്കുകയും അതിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മദ്രാസ്സ്,
10—6—1930.

വി. കേളുകുട്ടിഏറാടി.

Kelukutty

# ശുദ്ധപത്രം

| ഭാഗം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 13 | 5 | ദൈവീകമായ | ദൈവികമായ |
| 18 | 10 | സ്വമേധയായി | സ്വമേധയാ |
| 22 | 3 | പരിപൂൎത്തിയായ | പരിപൂൎണ്ണമായ |
| 27 | 2 | പ്രചാരപ്രവൃത്തി | പ്രചരണപ്രവൃത്തി |
| 29 | 10 | ദുഃഖഭ്രയിഷ്ഠ | ദുഃഖഭൂയിഷ്ഠ |
| 30 | 15 | പ്രചാരത്തിൽ | പ്രചരണത്തിൽ |
| 31 | 24 | നിഷ്കൃഷ്ടയോടെ | നിഷ്കൃഷ്ടത്തോടെ |
| 32 | 11 | വിനോദേഛ | വിനോദേച്ഛ |
| 36 | 9 | പ്രചരിപ്പിച്ചിട്ടുള്ളവയാണ് | പ്രചരിച്ചിട്ടുള്ളതാണ് |
| 37 | 16 | എന്തെന്നാൽ | എന്നാൽ |
| 49 | 2 | ദൃഷ്ടാന്തമുണ്ട് | ദൃഷ്ടാന്തമാകുന്നുണ്ട് |
| 51 | 8 | നൽകിയി | ചെയ്തി |
| | 9 | കൊടുത്തു | ചെയ്തു |
| 54 | 17 | മിററവും | മുററവും |
| 56 | 15 | നിൎവ്വാഹണ | നിൎവ്വാണ |
| * 56 | 3 | ശക്തിമത്തായി | ശക്തിയോടെ |
| | 9 | മഹായന | മഹായാന |
| 65 | 3 | ഏകഛം | ഏകച്ഛത്ര |
| 82 | 1 | ധൎമ്മശാസ്ത്രമായി | ധൎമ്മമായി |
| | 11 | വൎദ്ധനക്കായി | വൎദ്ധനവിന്നായി |
| 87 | 17 | ജ്യോത്സ്യൻ | ജ്യോത്സ്യൻ |
| 88 | 1 | ബിന്ദുസാരൻ | ബിന്ദുസാരന്റെ |
| 103 | 15 | അകലത്തു | അകലത്തുള്ള |
| | 17 | പൂൎത്തിയാ | പൂൎണ്ണമാ |
| 104 | 7 | ക്രീത്രി | കൃത്രി |
| 121 | 21 | രാജാവോ | രാജാവിനോ |
| 124 | 12 | ബോധ്യം | ബോധം |

# അശോകൻ

## ഒന്നാം അദ്ധ്യായം.

### 1

വിശ്വവിഖ്യാതനായ ബുദ്ധന്റെ ആദേശം.

അവൎണ്ണനീയമായ ഏതൊ ഒരു മഹാശക്തിയുടെ പ്രേരണയാൽ ഓരോ കാലങ്ങളിൽ ലോകരക്ഷക്കും ധൎമ്മസ്ഥാപനത്തിന്നുമായിട്ടുകൊണ്ട് പല ദിവ്യന്മാരും ഭൂഃലോകത്തിലുണ്ടായിട്ടുകൊണ്ടിരിക്കുന്നുവെന്നു പുരാണങ്ങൾ, ചരിത്രഗ്രന്ഥങ്ങൾ ഇവയിൽനിന്നെല്ലാം നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. ഈ ദിവ്യന്മാർ അവതാരപുരുഷന്മാരെന്നോ, മതപ്രവൎത്തകന്മാരെന്നോ, പ്രവാചകന്മാരെന്നോ ഏതെങ്കിലും തരത്തിൽ അഭിധാനം ചെയ്യപ്പെട്ടുകൊള്ളട്ടെ. അവരുടെയെല്ലാമുദ്ദേശം ലോകത്തിൽ നന്മ വൎദ്ധിപ്പിക്കുകയും തിന്മയില്ലാതാക്കുകയും ചെയ്യേണമെന്നായിരുന്നു. ഇതിന്നു യാതൊരു പക്ഷാന്തരവുമില്ല. അവരിൽ ചിലർ ഈശ്വരൻ, ലോകം, മനുഷ്യൻ എന്നീ മൂന്നവസ്ഥകളിൽ അന്തർല്ലീനമായിട്ടിടക്കുന്ന സൂക്ഷ്മസ്ഥിതിയെ അവരേക്കാൾ താണപടിയിലുള്ളവൎക്കു വെ

ളിവാക്കിക്കൊടുപ്പാനാണ് യത്നിച്ചിട്ടുള്ളത്. മററു ചിലർ പരോപകാരമാണ് മഹത്തരമായ ധർമ്മമെന്നു വിശ്വസിച്ചു, സ്വാത്മത്യാഗംചെയ്ത്, ജനസമുദായത്തിന്റെ സുഖാവസ്ഥക്കായി നിരന്തരം പരിശ്രമിച്ചു പോന്നിട്ടുണ്ട്. വേറെ ചിലർ താന്താങ്ങളുടെ പരലോകാവസ്ഥയെ ക്ഷേമോന്മുഖമാക്കിത്തീർപ്പാൻ മാത്രമായും പ്രവൃത്തിച്ചിട്ടുണ്ട്. ഇങ്ങിനെയുള്ള മഹാപുരുഷന്മാരുടെ ജീവിതക്രമമാണ് നമ്മെ ആശ്ചര്യപരതന്ത്രന്മാരാക്കിത്തീർക്കുന്നത്. ഇരുളടഞ്ഞ രാത്രിയിൽ കാട്ടിന്നടുവിൽപ്പെട്ടു കുഴങ്ങുന്ന ഒരു പാന്ഥൻ ഏതുപ്രകാരം ദീപദർശനത്താൽ സന്തോഷഭരിതനായ്ത്തീരുന്നുവോ അതുപോലെ, അന്ധകാരമയമായ പ്രപഞ്ചവനാന്തരാളത്തിൽ വഴിതെററിയലയുന്ന മനുഷ്യൻ ഒരു മഹാപുരുഷനിൽനിന്നുത്ഭൂതമാകുന്ന തേജസ്സിനെക്കണ്ടാനന്ദിക്കുകയും ആ ദിവ്യതേജസ്സ് തന്നേയും ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കുമെന്നു വിശ്വസിച്ചു കൃതാർത്ഥനാകുകയും ചെയ്യുന്നതു സർവ്വസാധാരണമാണല്ലോ.

എന്നാൽ, ചിലർ ഈ ദിവ്യതേജസ്സിന്റെ അപാരമായ ശക്തിയറിയാറശേഷം, തങ്ങൾതന്നെ തേജോമയന്മാരായ്ത്തീരുന്നു. സ്വയംപ്രകാശമില്ലാത്ത ചന്ദ്രൻ സൂര്യന്റെ രശ്മികളേററു കോമളാകാരത്തോടുകൂടിയ പ്രകാശവസ്തുവായ്ത്തീരുന്നില്ലേ? ഇങ്ങിനെയുള്ളവരുടെ കൂട്ടത്തിൽ എല്ലാവിധത്തിലും ഉന്നതസ്ഥാനത്തെയലങ്കരിക്കുന്ന ഒരു പുരുഷോത്തമനാണ് അശോകചക്രവർത്തി. അവതാരപുരുഷന്മാരിലഗ്രഗണ്യനും വിശ്വവിഖ്യാതനുമായ ബുദ്ധഭഗ

വാൻെറ പരമപാവനങ്ങളായ രശ്മികളാകുന്നു അശോക ചക്രവൎത്തിയിൽ ഉദ്ദീപ്തമായിട്ടുള്ളതു. 'മഹാബലൻ' എന്ന അനശ്വരമായ പരിഖ്യാതിനേടിയ ബുദ്ധഭഗവാൻ സൎവ്വസംഗപരിത്യാഗംചെയ്തു, പാപകൃത്തുക്കളെ രക്ഷിപ്പാനായി നിശ്ചലമായ മനസ്സോടെ ചിരകാലം തപസ്സുചെയ്തതിൻെറ ഫലപ്രാപ്തി ലോകത്തിലേക്കുണ്ടായതു കൂട്ടമുക്കാലും അശോകചക്രവൎത്തിമൂലമായിട്ടാണ്. വമ്പിച്ച ഒരു സാമ്രാജ്യത്തെ അതുലമായ പാടവത്തോടും നിഷ്പക്ഷയോടും ഭരിച്ചുപോന്ന ആ ചക്രവൎത്തി തൻെറ സൎവ്വവ്യാപാരങ്ങളിലും ഒരു യഥാൎത്ഥത്യാഗിവൎയ്യൻെറ മനസ്ഥിതിയെയാണ് വെളിപ്പെടുത്തീട്ടുള്ളതു. അശോകനെപ്പോലെ സൎവ്വഗുണസമ്പന്നനായ ഒരു ചക്രവൎത്തി പണ്ടൊരുകാലത്തുമുണ്ടായിട്ടുള്ളതായി ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നതല്ല. അദ്ദേഹത്തോളമത്ര പരോപകാരതല്പരനായി ജീവിച്ചിട്ടുള്ള ഒരു ഭരണാധികാരിയും മുൻകാലങ്ങളിലുണ്ടായിട്ടില്ല. പരമശക്തനായ അദ്ദേഹത്തിന്നു സ്വതസ്സിദ്ധമായുണ്ടായിരുന്ന ജീവകാരുണ്യം ധവളവും പാവനവുമായ അദ്ദേഹത്തിൻെറ കീൎത്തിയെ ലോകത്തിൽ ശാശ്വതമായി നിലനിൎത്തുകയും ചെയ്യും. അശോകൻ ചരിത്രപുരുഷന്മാരുടെയിടയിൽ ഒരു നക്ഷത്രംപോലെ പ്രകാശിക്കുന്നതിനേയും, ഒരു അവതാരപുരുഷൻെറയും അദ്വിതീയനായ ഒരു ഭരണതന്ത്രനിപുണൻെറയും, ജീവകാരുണ്യം നിറഞ്ഞൊഴുകുന്ന ഒരു മഹാപുരുഷൻെറയും, പരോപകാരത്തിന്നായി സ്വസുഖങ്ങ

ളെല്ലാമവഗണിച്ച ഒരു യഥാൎത്ഥത്യാഗിവൎയ്യന്റെയും ഗു ണങ്ങൾ അദ്ദേഹത്തിൽ പ്രതിബിംബിച്ചു കാണുന്നതിനേയും വെളിവാക്കുവാൻ ഇനിയുള്ള ഭാഗങ്ങളിൽ പ്രയത്നിച്ചുകൊള്ളാം.

## 2

### പൂൎവ്വവൃത്താന്തം.

---

മഗധരാജ്യം പണ്ടുകാലത്ത് പരമസ്വാതന്ത്ര്യപദവിയെ പ്രാപിച്ച ഒരു പുണ്യപ്രദേശമായിരുന്നു. അനേകം കാലത്തോളം ധീരോദാത്തന്മാരായ രാജപുംഗവന്മാരാലലവതംസിതമായ ആ പ്രദേശം ഭാരതമാതാവിന്റെ ഒരു ദിവ്യചക്ഷുസ്സായിരുന്നുവെന്നു പറയുവാനൊട്ടുംതന്നെ മടിക്കേണ്ടതില്ല. കുരുപാണ്ഡവന്മാരുടെകാലത്ത് പരാക്രമശാലിയെന്നു പ്രസിദ്ധനായ ജരാസന്ധൻ ഈ രാജ്യത്താണ് വാണിരുന്നതു. അദ്ദേഹം അനേകം രാജാക്കന്മാരെ കീഴടക്കി കുറേക്കാലം ഏകച്ഛത്രാധിപതിയായി രാജ്യപരിപാലനം നടത്തിയിരുന്നുവെന്നു പുരാണപ്രസിദ്ധമാണല്ലോ.

മഹാനായ അലക്സാണ്ടർ ക്രി. മു. 323ൽ ബേബിലോണിൽവെച്ചു ചരമഗതി പ്രാപിച്ചപ്പോൾ മഗധാധിപനായിരുന്നതു ധനനന്ദൻ എന്ന രാജാവായിരുന്നു. അലക്സാണ്ടരുടെ നിൎയ്യാണത്തോടുകൂടി അദ്ദേഹത്താൽ കീഴടക്കപ്പെട്ടതായ ഇന്ത്യാരാജ്യത്ത് പല കുഴപ്പങ്ങളുമുണ്ടായിത്തീൎന്നു. നാട്ടുകാർ രാജശാസനക്കു കീഴടങ്ങാതെ ഭരണാധികാരിമാരെ കൊലപ്പെടുത്തിയും സ്വാത

ന്തരമാകുവാൻ തുനിഞ്ഞും നാനാപ്രകാരേണ വിപ്ലവങ്ങ ണ്ടാക്കി. അക്കാലത്തു അവരുടെയിടയിൽ ചന്ദ്രഗുപ്ത മൌര്യൻ എന്ന പ്രബലനായ ഒരു നേതാവുണ്ടായിരുന്നു. അദ്ദേഹം ഒരു വമ്പിച്ച സൈന്യം ശേഖരിച്ച് വിദേശി യരെ ഉത്തരേന്ത്യയിൽനിന്നോടിച്ച്, പഞ്ചാബും അടു ത്തുള്ള രാജ്യങ്ങളും കീഴടക്കിയശേഷം ശക്തിമാനായ ധനനന്ദനെ കൊലപ്പെടുത്തി മഗധാധിപനായിത്തീരുകയും ചെയ്തു. ഇപ്രകാരം താൻ ആദ്യമായി ശേഖരിച്ച സൈ ന്യത്തോടുകൂടി മഗധരാജ്യത്തുണ്ടായിരുന്ന വമ്പിച്ച സൈന്യത്തേയും ചേർക്കുകയാൽ ചന്ദ്രഗുപ്തന്റെ ശക്തി സീമാതീതമായിത്തീർന്നു. അതിനാൽ അദ്ദേഹം ഉത്തരേ ന്ത്യയുടെ മിക്കഭാഗങ്ങളേയും കീഴടക്കി, "പാടലാധ രിമാരുടെ കേളിസങ്കേതസ്ഥാന"മായ പാടലീപുത്രമെന്നു നാമമാം മഹാപുര"ത്തിൽ തന്റെ തലസ്ഥാനമുറ പ്പിച്ച്, നിഷ്കർഷയോടെ രാജ്യഭാരം നടത്തിപ്പോന്നു.

അങ്ങിനെയിരിക്കെ, അലക്സാണ്ടറുടെ സേനാ നായകന്മാരിലൊരുവനായിരുന്ന സെല്യൂക്കസ് എന്ന യവ നൻ ഗംഭീരമായ സൈന്യശേഖരത്തോടെ ഇന്ത്യയെ അക്രമിച്ചു. തന്റെ യജമാനനാൽ കീഴടക്കപ്പെട്ട രാജ്യ ങ്ങളെ വീണ്ടും പിടിച്ചടക്കി ഭരിക്കേണമെന്നായിരുന്നു 'ജയ ശാലി' എന്നു വിഖ്യാതിനേടിയിരുന്ന സെല്യൂക്കസ് ആഗ്രഹിച്ചിരുന്നതു. എന്നാൽ, ചന്ദ്രഗുപ്തന്റെ ശക്തി യോടുകൂടിയ ചതുരംഗസേനകൾ സെല്യൂക്കസ്സിനെ പരി താപകരമാകുംവണ്ണം പരാജിതനാക്കി. യവനന്മാരുടെ

അതുവരെയായി ഇന്ത്യക്കാരെപ്പററിയുണ്ടായിരുന്ന അലക്ഷ്യമെല്ലാം തൽക്ഷണം നീങ്ങി. സെല്യൂക്കസ് നിക്കേററർ എന്ന യവനാധിപൻ ചന്ദ്രഗുപ്തന്ന് കീഴടങ്ങുകയും അവർ തമ്മിൽ ഒരു സന്ധിയുണ്ടാകുകയും ചെയ്തു. ഈ സന്ധിപ്രകാരം, സെല്യൂക്കസ്സിൻെറ കുടുംബത്തിൽനിന്ന് ഒരു രാജകുമാരിയെ ചന്ദ്രഗുപ്തൻ വിവാഹംചെയ്തു. ഇന്ത്യയിൽ അലക്സാണ്ടർ പിടിച്ചടക്കീട്ടുണ്ടായിരുന്ന രാജ്യങ്ങളെല്ലാം (ഇതിൽ ഇന്നത്തെ അഫ്ഘാനിസ്ഥാൻ പെട്ടിരുന്നു) ചന്ദ്രഗുപ്തന്ന് വിട്ടുകൊടുപ്പാൻ തീച്ചപ്പെടുത്തി; ഇതിന്നുപകരമായി 500 ഗജങ്ങളെ ചന്ദ്രഗുപ്തൻ സെല്യൂക്കസ്സിന്നും കൊടുത്തു. അതിന്നുശേഷം സെല്യൂക്കസ്സ് 'ജയശാലി' എന്ന അഭിധാനമുപേക്ഷിച്ച് സിറിയായിലെ രാജാവായിത്തീരുകയുംചെയ്തു.

പിന്നീട്, സിറിയാ രാജാവ് മെഗസ്തനീസ് എന്ന യവനപണ്ഡിതനെ രാജദൂതനായി ചന്ദ്രഗുപ്തൻെറ ഗംഗാതീരത്തുള്ള പാടലീപുത്രത്തിലെ രാജസഭയിലേക്കയക്കയുണ്ടായിട്ടുണ്ട്. ആ രാജദൂതൻ കുറെക്കാലം പാടലീപുത്രത്തിൽ അധിവസിച്ചകാലത്ത് താൻ കണ്ടതായ വിവരങ്ങളെ കുറിച്ചുവെച്ചിരുന്നു. അതുമുഴുവൻ നമുക്കിപ്പോളധീനമല്ല. എങ്കിലും, അദ്ദേഹത്താലെഴുതപ്പെട്ടതു അക്കാലത്തെ ചരിത്രനിമ്മാണത്തിൽ നമുക്ക് മുഖ്യമായ ആധാരമായിത്തീന്നിട്ടുണ്ട്. മഗധരാജ്യത്തിൻെറ തലസ്ഥാനനഗരം ഗംഭീരാകൃതിയോടുകൂടിയ കോട്ടമതിലുകളാൽ ചുററപ്പെട്ടതും അനേകമലങ്കാരങ്ങളോടു

കൂടിയതുമായിരുന്നു. ചന്ദ്രഗുപ്തന്റെ കാലത്ത് രാജ്യഭരണം ശക്തിയോടും നൈപുണ്യത്തോടും നടത്തപ്പെട്ടുപോന്നിരുന്നു. രാജാവിന്റെ പരിവാരങ്ങൾ ആകെ നാലു ലക്ഷംജനങ്ങളാണുണ്ടായിരുന്നതു. സുശാസിതമായ ഒരു ചതുരംഗസേനയും തലസ്ഥാനനഗരിയിൽ എപ്പോഴുമുണ്ടായിരുന്നു. ഇതിൽ അറുപതിനായിരം കാലാൾപ്പടയും മുപ്പതിനായിരം കുതിരപ്പടയും എണ്ണായിരം ആനപ്പടയുമുണ്ടായിരുന്നു. യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ചതുരംഗസേനയിൽ ആറുലക്ഷം പടയാളികൾ എല്ലാംകൂടി ഉണ്ടാകാറുണ്ടായിരുന്നുവത്രെ. ഇത്രവലുതായ സൈന്യശേഖരത്താൽ ചന്ദ്രഗുപ്തൻ യഥാർത്ഥത്തിൽ ശത്രുരഹിതനായി തീൎന്ന് ഇന്ത്യയിലെ ആദ്യത്തെ ചക്രവൎത്തിയായി ഉപശോഭിച്ചു. ഇങ്ങിനെ ഇരുപത്തിനാലു കൊല്ലത്തെ രാജ്യഭാരം നടത്തിയശേഷം ചന്ദ്രഗുപ്തൻ പരലോകം പ്രാപിക്കുകയും അദ്ദേഹത്തിന്റെ പുത്രനായ ബിന്ദുസാരൻ വാഴ്ചയാരംഭിക്കുകയുംചെയ്തു. ബിന്ദുസാരന്ന് 'അമിത്രഘാതൻ' എന്ന പേരുമുണ്ടായിരുന്നു. ഇദ്ദേഹം ഇരുപത്തിയഞ്ചു കൊല്ലമാണ് രാജ്യഭാരം നടത്തീട്ടുള്ളതു. ഇദ്ദേഹത്തിന്റെ കാലത്ത് മുഖ്യമായ യാതൊരു സംഭവവുമുണ്ടായിട്ടുള്ളതായി പറഞ്ഞുകൂടാ. എന്നാൽ 'ഡിമോക്കസ്' എന്നയവനരാജദൂതനെ സിറിയാ രാജാവ് ഇദ്ദേഹത്തിന്റെ (ബിന്ദുസാരന്റെ) രാജധാനിയിലേക്ക് അയക്കയുണ്ടായെന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു. ദക്ഷിണഖണ്ഡം പിടിച്ചടക്കിയതും ഇദ്ദേഹമാണെന്നൂഹിക്കപ്പെടുന്നു.

## 3

## കലിംഗയുദ്ധം.

അമിത്രഘാതൻ എന്നു പ്രസിദ്ധിനേടീട്ടുള്ള ബിന്ദുസാരമഹാരാജാവിന്റെ പുത്രനാണ് അശോകവർദ്ധനൻ. ഇദ്ദേഹം മൌര്യരാജവംശത്തിലെ മൂന്നാമത്തെ രാജാവാണ്. ബുദ്ധമതം കൈക്കൊണ്ടശേഷമാണ് അശോകൻ അതുലമായ ജീവകാരുണ്യത്തോടുകൂടിയവനായ്ത്തീൎന്നതെന്നും അതിന്നുമുമ്പ് അദ്ദേഹം ക്രൂരസ്വഭാവനായിരുന്നുവെന്നും വരുത്തിത്തീൎക്കുവാനായി ബൌദ്ധധൎമ്മപ്രചാരകന്മാർ പല പഴംകഥകളും അദ്ദേഹത്തെപ്പററി പറഞ്ഞുണ്ടാക്കീട്ടുണ്ട്. അശോകൻ തന്റെ സഹോദരന്മാരിൽ തൊണ്ണൂററിയൊമ്പതുപേരെ കൊലപ്പെടുത്തീട്ടാണ് രാജ്യാധികാരം കൈക്കലാക്കിയതെന്നു ഈ ധൎമ്മപ്രചാരകന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ, അതു തീരെ തെററാണെന്നും, അശോകൻ അദ്ദേഹത്തിന്റെ സോദരീസോദരന്മാരെ ഭക്തിശ്രദ്ധയോടും സ്നേഹത്തോടും ആദരിച്ചുപോന്നിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ ശിലാശാസനങ്ങൾ തെളിയിക്കുന്നുണ്ട്. "ഇവിടേയും (പാടലീപുത്രത്തിലും) മററു പ്രാദേശികനഗരികളിലും 'ധൎമ്മമാൎഗ്ഗവിവേചകന്മാർ' എന്റെ സഹോദരന്മാരുടേയും സഹോദരിമാരുടേയും മററു ബന്ധുക്കളുടേയും അന്തഃപുരങ്ങളെ പരിപാലിക്കുന്നതിൽ ജാഗ്രൂകന്മാരായിരിക്കുന്നു," എന്നിപ്രകാരം അദ്ദേഹത്തിന്റെ അഞ്ചാം ശിലാശാസനത്തിൽ കാണുന്നു. ഇതിനെക്കുറിച്ചാലോചിക്കുമ്പോഴും

തന്റെ ബന്ധുക്കളുടെ സുഖക്ഷേമാദികളിൽ അശോകൻ ഏററവും ഉത്സുകനായിരുന്നുവെന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ.

അശോകൻ (ക്രി. മു. 273ൽ) രാജ്യഭാരം തുടങ്ങീട്ട് എട്ടുകൊല്ലം കഴിയുന്നതുവരെയുള്ള സംഭവങ്ങളെപ്പററി നമുക്കു യാതൊരറിവുമില്ല. എന്നാൽ, രാജ്യാഭിഷേകം നടന്നിട്ടുള്ളതു ബിന്ദുസാരൻ മരിച്ചിട്ടു നാലുകൊല്ലം കഴിഞ്ഞിട്ടാണ് (ക്രി. മു. 269ൽ). ഇങ്ങിനെ, ബിന്ദുസാരന്റെ മരണശേഷം നാലുകൊല്ലത്തോളം രാജ്യാഭിഷേകം നടക്കാതിരിപ്പാൻ കാരണമെന്താണെന്നു ക്ലിപ്തമായി പറഞ്ഞുകൂടാ. മൈസൂരിന്റെ ഉത്തരപ്രദേശങ്ങൾ തുടങ്ങി ഹിമവൽപാർശ്വംവരെ പരന്നുകിടന്നിരുന്ന മൌര്യസാമ്രാജ്യം ചന്ദ്രഗുപ്തനാലും ബിന്ദുസാരനാലും ശക്തിമത്തായി ഭരിക്കപ്പെട്ടുപോന്നിട്ടുണ്ടായിരുന്നതിനാൽ സിംഹാസനാരോഹണകാര്യത്തിൽ അശോകനു വലുതായ കഷ്ടപ്പാടുകളൊന്നുമുണ്ടായിരിപ്പാൻ കാരണമില്ല. അന്തഃഛിദ്രത്തെപ്പററി വിശ്വാസയോഗ്യമായ യാതൊരറിവുമില്ലാതിരിക്കുന്ന സ്ഥിതിക്കു അതു നിമിത്തം പട്ടാഭിഷേകം നീണ്ടുപോയതായിരിക്കാമെന്നൂഹിപ്പാനും വഴിയില്ല. ഈ എട്ടുകൊല്ലത്തിലകത്തു എന്തെല്ലാമാണുണ്ടായതെന്നു യാതൊരു ശിലാശാസനവും വിളംബരപ്പെടുത്തുന്നില്ല. ഒമ്പതാം കൊല്ലത്തിൽ, മഹാനദിയുടെയും കൃഷ്ണാനദിയുടെയും മദ്ധ്യപ്രദേശത്തായി ബങ്കാള ഉൾക്കടലിനെ തൊട്ടുകിടക്കുന്ന കലിംഗദേശത്തിലെ രാജാവിനോടു അതി

ഭയങ്കരമായ ഒരു യുദ്ധം അശോകചക്രവൎത്തിക്കു നടത്തേണ്ടിവന്നു. യുദ്ധത്തിൽ അദ്ദേഹം വിജയിയായ്ത്തീൎന്നു; കലിംഗന്മാരുടെ രാജ്യം തൻെറ സാമ്രാജ്യത്തോടു കൂട്ടിച്ചേൎക്കുകയും ചെയ്തു. എന്നാൽ ഈ യുദ്ധാന്തിൽ താൻ നേരിട്ടു കണ്ടതായ ഭയനീയമായ കാഴ്ചകൾ പരമദയാലുവും മഹാമനസ്കനുമായ അശോകനെ അസ്വസ്ഥചിത്തനും അളവറ്റ പശ്ചാത്താപത്തോടുകൂടിയവനുമാക്കിത്തീൎത്തു. പരാജിതന്മാരുടെ പരിതാപകരമായ അവസ്ഥ അദ്ദേഹത്തിനു അവൎണ്ണനീയമായ ദുഃഖത്തെത്തന്നെയാണുണ്ടാക്കിത്തീൎത്തതു. 'പ്രിയദൎശി' എന്നു വിഖ്യാതനായ ആ ദിവ്യനായ ചക്രവൎത്തി കലിംഗയുദ്ധത്താൽ അദ്ദേഹത്തിനുണ്ടായ സങ്കടത്തെ താഴെ ചേൎക്കുന്ന ഒരു ശിലാശാസനത്തിൽ പ്രത്യക്ഷമാക്കീട്ടുണ്ട്.

"മഹിമയേറിയ രാജാ പ്രിയദൎശി പട്ടാഭിഷേകം കഴിഞ്ഞ ഒമ്പതാം സംവത്സരത്തിൽ കലിംഗന്മാരെ കീഴടക്കി."

" ആ അവസരത്തിൽ ഒരു ലക്ഷത്തിലധികം സൈന്യങ്ങൾ വധിക്കപ്പെടുകയും ഒന്നരലക്ഷംപേർ തടവുകാരാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിലെത്രയോ അധികംപേർ നാനാപ്രകാരേണ നാശമടഞ്ഞിട്ടുമുണ്ടായിരിക്കണം."

"കലിംഗരാജ്യം കീഴടക്കിയതുമുതൽ മഹിമയേറിയ തിരുമേനി ധൎമ്മരക്ഷക്കായി നിരന്തരപരിശ്രമം ചെയ്കയും ധൎമ്മമാൎഗ്ഗത്തെ ശ്രദ്ധയോടെ ആദരിച്ചുപോരുകയും

അതിൻെറ മാഹാത്മ്യങ്ങളെ പ്രചരിപ്പിക്കുവാൻ സന്നദ്ധനാകുകയുമുണ്ടായിട്ടുണ്ട്.”

“കലിംഗന്മാരെ യുദ്ധംചെയ്തുകീഴടക്കിയതിൽ തിരുമേനിക്കു വലുതായ പശ്ചാത്താപമുണ്ട്; കാരണം, മുമ്പ് സ്വാതന്ത്ര്യമനുഭവിച്ചുവന്ന ഒരു രാജ്യം പിടിച്ചടക്കുമ്പോൾ ഭയങ്കരമായ സംഹാരം, അന്യായമായ മരണം മുതലായവയെല്ലാം സുലഭമായുണ്ടാകും. ഇതെല്ലാമാലോചിക്കുന്തോറും തിരുമേനിക്ക് വലുതായ വ്യസനവും പശ്ചാത്താപവുമുണ്ട്.”

“എന്നാൽ, വേറൊരുകാര്യമാലോചിക്കുമ്പോൾ ഇതിനെക്കാളധികം പരിതാപം തിരുമേനിക്കുണ്ട്. അതെന്തെന്നാൽ, അങ്ങിനെ പുതുതായി കീഴടക്കപ്പെട്ട രാജ്യത്ത്, ബ്രാഹ്മണരും യോഗിവര്യന്മാരും ഉണ്ടായിരിക്കും. ഇത്രയുമല്ല, അമ്മയച്ഛന്മാരെ സ്നേഹിച്ചു ബഹുമാനിക്കുക, ഭ്രാതാക്കന്മാരോടു കരുണയുള്ളവരായിരിക്കുക, ഗുരുനാഥന്മാരെ ആദരിക്കുക, സ്നേഹിതന്മാർ ബന്ധുക്കൾ അടിമകൾ എന്നിവരോടു ന്യായമായും ആർദ്രതയോടും വർത്തിക്കുക, എന്നീപ്രകാരമെല്ലാം ചെയ്യുന്ന ഗൃഹസ്ഥന്മാരും ആ രാജ്യത്തുണ്ടായിരിക്കും.”

“അങ്ങിനെയുള്ളവക്ക് തീവ്രമായ ആപത്തു നേരിടും; അവരിൽ പലരും വധിക്കപ്പെടുകയും ചെയ്യും.”

“അവനവനു നേരിട്ടു ആപത്തു സംഭവിച്ചിട്ടില്ലാത്തവക്കും കഠിനമായ ദുഃഖം നേരിടാതിരിക്കയില്ല. കാരണം, അവരുടെ സ്നേഹിതന്മാരൊ ബന്ധുക്കളൊ സഹ

പാറികളോ താല്പൎയ്യക്കാരോ ആ ഭയങ്കരവിപത്തിൽപെട്ടിരിക്കും."

"ഇപ്രകാരം, ദുർവ്വിപത്തു നേരിട്ടതിനെക്കുറിച്ചാലോചിച്ചു തിരുമേനി അത്യന്തം ദുഃഖിക്കുന്നുണ്ട്. കാരണം, ബ്രാഹ്മണരും യോഗിവൎയ്യന്മാരും എല്ലായിടത്തുമുണ്ടായിരിക്കും. ജനങ്ങൾക്കെല്ലാം ഒരു മതത്തിൽമാത്രം വിശ്വാസം എന്നുള്ളതു ഒരിടത്തുമില്ല."

"അന്നു യുദ്ധക്കളത്തിൽവെച്ചു കൊല്ലപ്പെടുകയും തടവുകാരാക്കപ്പെടുകയും ചെയ്തിട്ടുള്ളവരിൽ എത്രയോ ചെറുതായ ഒരു കൂട്ടം ജനങ്ങളുടെ നാശംപോലും തിരുമനസ്സിലേക്കു ഇന്നു വലുതായ വ്യസനത്തിന്നു കാരണമായ്ത്തീരും."

"തോന്നിക്കു വല്ല അപരാധവും ഒരുത്തൻ ചെയ്തുപോയാൽത്തന്നെ, എത്രത്തോളം സാധിക്കുമോ അത്രത്തോളം അതിനെ സമാധാനചിത്തത്തോടെ സഹിപ്പാനാണ് ഇന്ന് തിരുമനസ്സുകൊണ്ടു പരിശ്രമിക്കുക."

"തന്റെ രാജ്യത്തിന്റെ അതൃത്തിക്കകത്തുള്ള ദുൎമ്മാൎഗ്ഗികളായ കാട്ടാളന്മാരുടെ പേരിൽപോലും തിരുമേനിക്കു അപാരമായ ദയയുണ്ട്. അവരെ നിശ്ശേഷം നശിപ്പിക്കേണമെന്ന് തിരുമേനിയോടു പലരുമുപദേശിക്കുന്നുണ്ടെങ്കിലും, അവരെ നശിപ്പിപ്പാനുള്ള ശക്തി തിരുമേനിക്കുണ്ടെങ്കിലും, തിരുമേനി അങ്ങിനെയൊന്നും ചെയ്വാനിഷ്ടപ്പെടുന്നില്ല. അതിനാൽ അവരോട് തിരുമേനി ഇപ്രകാരമാജ്ഞാപിക്കുന്നു — നിങ്ങൾ നശിക്കാതിരിപ്പാ

നായി ദുർവൃത്തികളിൽനിന്ന് പിന്മാറുവിൻ! എന്തെന്നാൽ, ജീവനുള്ളവക്കെല്ലാം ആത്മരക്ഷയും സന്തോഷവും ശാന്തതയുമുണ്ടാകണമെന്നു തിരുമേനി ആഗ്രഹിക്കുന്നു."

"ഇത്രയുമല്ല, കാരുണ്യപൂരമായ ഹൃദയത്തിന്റെ ദൈവീകമായ ശക്തികൊണ്ട് അന്യരെ കീഴടക്കുന്നതാണു ഉത്തമമായിട്ടുള്ളതെന്ന് തിരുമനസ്സിലേക്ക് ബോദ്ധ്യംവരികയും ചെയ്തിരിക്കുന്നു."

ഏതുപ്രകാരം വിപ്ലവത്തിൽ നിന്ന് ശാന്തിയും ക്രൌര്യത്തിൽ നിന്ന് ദയയും പലപ്പോഴുമുണ്ടായിട്ടുള്ളതായി ചരിത്രകാരന്മാർ നമ്മെ പഠിപ്പിക്കുന്നുവോ, അതുപോലെ, ഭയങ്കരമായ ആ കലിംഗയുദ്ധത്തിൽനിന്ന് ലോകത്തിന്നൊട്ടാകെ പൂൎവ്വാപരിയായ ഭാഗ്യമുണ്ടായിന്നു. ആ യുദ്ധത്തിൽ ഉണ്ടായ ക്രൌര്യം മഹാനായ അശോകന്റെ മനസ്സിന്ന് അനിതരസാധാരണമായ ആർദ്രതയുണ്ടാക്കിത്തീൎത്തതിന്നുപുറമെ, അദ്ദേഹം പരമപാവനമായ ബുദ്ധധമ്മം കൈക്കൊൾകയും ചെയ്തു.

ചരിത്രകാരന്മാരുടെ അഭിപ്രായപ്രകാരം അശോകൻ ബൌദ്ധനായതു ഈ മഹായുദ്ധംനിമിത്തം മാത്രമാണ്. ബൌദ്ധധമ്മപ്രചാരകന്മാർ അടിസ്ഥാനരഹിതങ്ങളായ പലസംഗതികളും അശോകന്റെ മതാന്തരസ്വീകാരത്തെപ്പററി പറഞ്ഞുവരുന്നുണ്ട്. അതെല്ലാം വെറും അതിശയോക്തികളും ബുദ്ധമതത്തിന്റെ അതുലമായ ശക്തിയെ വർണ്ണിപ്പാനായി കെട്ടിയുണ്ടാക്കപ്പെട്ടവയും മാത്രമാണ്.

## 4

## ബുദ്ധധൎമ്മസ്വീകരണം

---

ബുദ്ധിമാനും വാചാലനുമായ ഉപഗുപ്തോ ഒരു മതപ്രചാരകന്റെ സാമൎത്ഥ്യത്താലാണ് അശോകൻ ബുദ്ധമതക്കാരനായിത്തീൎന്നതെന്നുള്ളതിനു പക്ഷാന്തരമില്ല. ഈ ഭയങ്കരയുദ്ധത്തിന്റെ നഗ്നവും ക്രൂരവുമായ അവസ്ഥയെ ചൂണ്ടിക്കാണിച്ചതും ആ മതപ്രവൎത്തകൻതന്നെയായിരിക്കണം. അദ്ദേഹമാരാണെന്നു ക്ലിപ്തപ്പെടുത്തി പറയത്തക്ക അടിസ്ഥാനമില്ല. എന്നാൽ അശോകന്റെ ഹൃദയത്തിൽ ആ മഹാപുരുഷൻ ഉത്ഭവിപ്പിച്ച ഉണൎച്ച യഥാൎത്ഥമായതും ശക്തിയോടു കൂടിയതുമായിരുന്നു.

അശോകൻ പറയത്തക്കവണ്ണം ഒരു യുദ്ധം മാത്രമേ നടത്തീട്ടുള്ളു. വാഴ്ചതുടങ്ങിയ ഒമ്പതാംകൊല്ലം മുതൽക്കുതന്നെ യുദ്ധം ചെയ്തു ജയംനേടുകയും രാജ്യങ്ങൾ കീഴടക്കുകയും ചെയ്യുന്നതിൽ അദ്ദേഹത്തിനഭിരുചിയില്ലാതായിത്തീൎന്നു. അതിനുശേഷം അദ്ദേഹം രാജ്യത്തിലെ അഭ്യന്തരഭരണരീതിയെ പരിഷ്കരിച്ചു ധൎമ്മപ്രചാരത്തിന്നായി യത്നിപ്പാനാണ് ഉദ്യുക്തനായത്. ബുദ്ധധൎമ്മപ്രചാരത്താൽ തന്റെ പ്രജകൾക്കും അയൽവാസികൾക്കും സുഖവും അഭ്യുദയവുമുണ്ടാകുമെന്നു അദ്ദേഹം വിശ്വസിക്കുകയും ചെയ്തു. ഒരു രാജാവിന്റെ യഥാൎത്ഥമായ അഭ്യുദയം യുദ്ധത്തിലുള്ള ജയത്താലല്ല ഉണ്ടാകുന്നതെന്നു അദ്ദേഹം താഴെ ചേൎക്കുന്ന ശിലാശാസനത്തിൽ വിശദമാക്കീട്ടുണ്ടു:

"ജനങ്ങൾ ബുദ്ധധമ്മത്തെ ആത്മാത്ഥമായി വിശ്വസിച്ച് അതുപ്രകാരം നടക്കാതിരുന്നാൽ ഇപ്പോഴും മേലിലും, പ്രഭാവംകൊണ്ടും കീത്തികൊണ്ടും യാതൊരു പ്രയോജനവുമവക്കുണ്ടാകുന്നതല്ലെന്ന് മഹിമയേറിയ തിരുമേനി രാജാപ്രിയദശി വിചാരിക്കുന്നു."

"അതുനിമിത്തമാണ് യഥാത്ഥമായ പ്രഭാവം, കീത്തി എന്നിവ ഭവണമെന്നു രാജാപ്രിയദശി വിചാരിക്കുന്നത്."

"എന്നാൽ, മഹിമയേറിയ തിരുമേനി എന്തെല്ലാം പ്രവൃത്തിച്ചിട്ടുണ്ടെങ്കിലും അതെല്ലാം ഭാവിജീവിതം ക്ഷേമോന്മുഖവും എല്ലാവരെസംബന്ധിച്ചും ആപത്‌വിഹീനവുമാക്കിത്തീപ്പാൻ വേണ്ടിമാത്രമാണ്. കാരണം ആപത്താണ് പാപം."

"അപ്രകാരം ആപത്തിൽനിന്നു വിമുക്തരാകുകയെന്നത് ഉയന്ന നിലയിലും എളിയനിലയിലുമുള്ളവക്കു ഒരുപോലെ പ്രയാസമായിട്ടുള്ളതാണ്. അതു സാധിക്കേണമെങ്കിൽ വലുതായ പ്രയത്നവും പരിപൂണ്ണമായ ത്യാഗവും ചെയ്യേണ്ടിവരും. എന്നാൽ, ഇതു വലിയ നിലയിലുള്ളവക്കു അസാമാന്യമായ കഷ്ടപ്പാടുണ്ടാകുന്നതായിരിക്കും".

മേൽപറഞ്ഞ കാരണങ്ങളാൽ, തൻെറ വാഴ്ച തുടങ്ങിയ ഒമ്പതാംകൊല്ലത്തിൽ അശോകൻ ഒരു സാധാരണശിഷ്യൻെറ നിലയിൽ ബൌദ്ധസംഘത്തിൽ ചേന്നു. എന്നാൽ പതിനൊന്നാം കൊല്ലത്തിലാണു അദ്ദേഹം മതപ്രചാരകാര്യത്തിൽ അതിയായ തൃഷ്ണ പ്രകടിപ്പിച്ചുതുടങ്ങിയതു.

അതിന്നുശേഷം അദ്ദേഹം, തൻെറ വമ്പിച്ച സാമ്രാജ്യത്തിലെ രാജകീയമുതലെടുപ്പുകളേയും സ്വാധീനശക്തിയേയും മതപ്രചാരത്തിന്നായി സശ്രദ്ധം വിനിയോഗിക്കുന്നതിലേപ്പെട്ടു. സ്വൎഗ്ഗത്തിൻെറ കവാടം തുറക്കുവാൻ ബുദ്ധധൎമ്മത്തെപ്പോലെ മഹത്തരമായ മാൎഗ്ഗം വേറെയില്ലെന്നു അദ്ദേഹം സൎവ്വാത്മനാ വിശ്വസിക്കുകയും ചെയ്തു.

അതിനാൽ, അശോകൻ ഒരു സന്ന്യാസിയായിട്ടിരുന്ന്, ബൌദ്ധസംഘത്തിൽ ചേൎന്നു. ഒരു മഹാശക്തനായ ചക്രവൎത്തി സന്ന്യാസിയുടെ വേഷവും ചെങ്കോലും ഒരേ സമയത്തു ധരിക്കുകയെന്നുള്ളതു ആശ്ചൎയ്യകരമായി പലൎക്കും തോന്നുവാനിടയുണ്ട്. എന്നാൽ, പണ്ടുകാലത്തും ഈ മഹനീയമായ മാതൃക നാം കാണുന്നു. ജനകൻെറ കഥയെപ്പററി ചിന്തിക്കുക. അദ്ദേഹം രാജാവായിരുന്നു. അതേ സമയത്തുതന്നെ സൎവ്വസംഗപരിത്യാഗിയുമായിരുന്നു. ഒരുപക്ഷേ കാഷായവസ്ത്രം ധരിച്ചിരുന്നില്ലായിരിക്കാമെന്നു മാത്രമെ ഉള്ളൂ. ചാലൂക്യരാജാവായ കുമാരപാലൻ എന്ന ഒരു ജൈനനും ഇതുപ്രകാരം പ്രവൃത്തിച്ചിട്ടുള്ളതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ടു. അശോകൻ പലപ്പോഴും സന്ന്യാസിവേഷം ധരിച്ച് ലൌകികവിഷയത്തിൽ വിരക്തിയോടെ ജീവിച്ചിട്ടുണ്ടായിരിക്കേണമെന്നുള്ളതിന്നു സംശയമില്ല. ആ സന്ദൎഭങ്ങളിലെല്ലാം അദ്ദേഹത്തിൻെറ മന്ത്രിമാർ രാജ്യകാൎയ്യം നടത്തിവന്നിട്ടുമുണ്ടായിരിക്കാം. ബുദ്ധസംഘത്തിൽ ചേരുന്നവൻ എന്നേക്കും സന്ന്യാസിയായിരുന്നുകൊള്ളണമെന്ന് നിൎബ്ബന്ധമില്ല. കുറ

ച്ചുകാലം സന്യാസിമഠത്തിൽ കാലം കഴിച്ചശേഷം ലൌകികകാൎയ്യങ്ങളിലേപ്പെട്ടുകയെന്നുള്ളതു ഇന്നും ബുദ്ധമതക്കാരുടെ ഇടയിൽ പലേടങ്ങളിലും നാം കണ്ടുവരുന്നുണ്ട്. അതിനാൽ അശോകനും കുറച്ചുകാലം ബൌദ്ധസംഘത്തിലെ ഒരു അംഗമായിച്ചേൎന്ന് മതകാൎയ്യത്തിൽ പ്രവൃത്തിപ്പാൻ ബദ്ധകങ്കണനായി വൎത്തിച്ചിട്ടുണ്ടായിരിക്കാം. അശോകൻ നിൎയ്യാതനായി ഓരായിരംകൊല്ലം കഴിഞ്ഞശേഷം 'ഇട്സിങ്ങ്' എന്ന ചീനാതീൎത്ഥയാത്രക്കാരൻ ഇന്ത്യയിൽ വന്ന അവസരത്തിൽ അദ്ദേഹത്തിൻെറ (അശോകൻെറ)സന്യാസിവേഷത്തോടുകൂടിയ ഒരു ശിലാരൂപം കണ്ടിട്ടുള്ളതായി രേഖപ്പെടുത്തീട്ടുണ്ട്.

അശോകനു ബൌദ്ധധൎമ്മത്തിലുണ്ടായിരുന്ന തൃഷ്ണ സ്വരാജ്യത്തുമാത്രം മതപ്രചാരം വരുത്തുക എന്നുള്ളതോടുകൂടി അവസാനിച്ചില്ല. അന്യരാജ്യങ്ങളിലെക്കു ധൎമ്മപ്രചാരകന്മാരെഅയച്ച്, പരമപാവനമായ ബുദ്ധമതതത്വത്തെ അവിടങ്ങളിലെ ജനങ്ങളോടുപദേശിക്കുകയെന്നുള്ളതു അദ്ദേഹം തൻെറ മുഖ്യ തൊഴിലായി കൈക്കൊള്ളുകയുണ്ടായിട്ടുണ്ട്. ലോകത്തിലെ മതപ്രചാരകന്മാരിൽഅശോകനെ കടത്തിവെച്ചവരായി ആരുംതന്നെയുണ്ടായിട്ടില്ല. ആദ്യത്തെ രണ്ടുകൊല്ലത്തിലകത്തുതന്നെ, അദ്ദേഹം സിലോൺ, മൈസൂർ ബോംബെ, മഹാരാഷ്ട്രരാജ്യം, കാശ്മീരം, പെഗു എന്നീ ദിക്കുകളിലേക്കു പണ്ഡിതന്മാരായ പാതിരിമാരെ അയക്കയുണ്ടായി. ഈ പ്രവൃത്തിയാൽത്തന്നെ അദ്ദേഹം മനുഷ്യസമുദായത്തിന്നൊട്ടാകെ ശ്ലാഘ്യവും ശ്രേഷ്ഠവുമായ നന്മയെ

പ്രദാനം ചെയ്യിരിക്കുന്നു. കാരണം, അശോകൻ ബുദ്ധമതം സ്വീകരിച്ചതിന്റെ ഏറെക്കുറെ 250 കൊല്ലങ്ങൾക്കു മുമ്പു ആ മതം പ്രസിദ്ധിയൊ പ്രചാരമൊ ഇല്ലാതെ ഇന്ത്യയുടെ ചില മൂലകളിൽ മാത്രം നിലനിന്നുവന്നിരുന്നതെയുള്ളൂ. അശോകനാണ് പ്രഥമഗണനീയമായ ഒരു സ്ഥിതി ബുദ്ധമതത്തിന്നുണ്ടാക്കിത്തീർത്തു. ഇത്രയുമല്ല ചന്ദ്രഗുപ്തനാലും ബിന്ദുസാരനാലുമാദരിച്ചുനിലനിൎത്തപ്പെട്ട പൌരസ്ത്യപരിഷ്കാരത്തിന്റെ രശ്മികളേയും അശോകന്റെ പാതിരിമാർ ലോകത്തിലെങ്ങും പരത്തുകയുണ്ടായി. ഇതെല്ലാം അദ്ദേഹം സ്വമേധയായിച്ചെയ്യുതല്ലാതെ ധൎമ്മപ്രചാരകന്മാരുടെയൊ പുരോഹിതന്മാരുടെയൊ ഇഷ്ടത്തിന്നുവേണ്ടിച്ചെയ്യുതല്ലായിരുന്നു. ഈ സംഗതികൾക്കു അദ്ദേഹത്തിന്റെ ശിലാശാസനങ്ങൾതന്നെ മതിയായ സാക്ഷ്യം വഹിക്കുന്നതുമുണ്ട്.

## 5

### പരോപകാരപ്രദങ്ങളായ സ്ഥാപനങ്ങൾ.

ജീവികളെ രക്ഷിപ്പാനുള്ള തീവ്രമായ ആഗ്രഹം അശോകന്റെ എല്ലാപ്രവൃത്തികളിലും അക്ഷീണമായി ഉജ്വലിച്ചുകാണാവുന്നതാണ്. തന്റെ വിസ്തൃതമായ രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽ, പാന്ഥന്മാരുടെ വിശ്രമത്തിന്നുതകുന്നവയും ഫലസമൃദ്ധങ്ങളുമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, കന്നുകാലികൾക്കും മനുഷ്യൎക്കും ദാഹശാന്തിക്കുതകുന്നകിണറുകൾ,കുളങ്ങൾ എന്നിവകുഴിപ്പിക്കുക, വഴിയമ്പല

ങ്ങൾ നിർമ്മിക്കുക, എന്നീ പ്രവൃത്തികൾ അദ്ദേഹം സശ്ര ദ്ധം നിറവേററിപ്പോന്നു. രോഗാതുരന്മാരുടെ രക്ഷയ്ക്കുതകു ന്ന മരുന്നുകളും ചെടികളും അദ്ദേഹം പലേടങ്ങളിലും നിഷ്ക ർഷയോടെ നട്ടുവളർത്തിച്ചിരുന്നു. ഈ പ്രവൃത്തി അയൽരാ ജാക്കന്മാരുടെ രാജ്യങ്ങളിൽപ്പോലും നടത്തുവാൻ അവിടങ്ങ ളിലെ രാജ്യാധികാരിമാരെ അദ്ദേഹംസർവ്വദാപ്രോത്സാഹിപ്പി ക്കയുണ്ടായിട്ടുണ്ട്. താഴെ ചേർക്കുന്ന ശിലാശാസനം നോക്കു ക:—

"മഹിമയേറിയ തിരുമേനി രാജാപ്രിയദർശിയുടെ രാജ്യ ങ്ങളിലും അയൽരാജ്യങ്ങളായ ചോളരാജ്യം, പാണ്ഡ്യരാജ്യം, സത്യപുത്രരാജ്യം, കേരളം സിംഹളം എന്നിവയിലും യവന രാജാവായ ആൻടിയോക്കസ്സിൻെറ കീഴിൽ രാജ്യഭാരം നട ത്തിവരുന്ന രാജാക്കന്മാരുടെ രാജ്യങ്ങളിലും—ഈ രാജ്യങ്ങ ളിലെല്ലാം, മഹിമയേറിയ തിരുമേനിയുടെ ആവശ്യപ്രകാരം മനുഷ്യർക്കും മൃഗങ്ങൾക്കുമുതകുന്നവയായ ചികിത്സാശാലക ൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇല്ലാത്ത ഇടങ്ങളിൽ മരുന്നു വള്ളികളും ചെടികളും നട്ടുവളർത്തപ്പെട്ടിരിക്കുന്നു."

"അതുപോലെതന്നെ, കിഴങ്ങുകൾ, ഫലങ്ങൾ എ ന്നിവ ഓരോ ഇടങ്ങളിൽ പുതുതായി കൃഷി ചെയ്യപ്പെട്ടുന്നു ണ്ട്."

"വഴിവക്കുകളിൽ മനുഷ്യരുടേയും മൃഗങ്ങളുടേയും ഉ പയോഗത്തിന്നുള്ള മരങ്ങൾ നട്ടുവളർത്തുക, കിണറുകൾ കുഴി ക്കുക എന്നിവയുമുണ്ടായിട്ടുണ്ട്"

രാജകീയ വിളംബരങ്ങളെ പ്രചുരപ്രചാരമാക്കിത്തീർപ്പാ

നായി, വാഴ്ചതുടങ്ങിയ പതിമൂന്നാംകൊല്ലം, തന്റെ സാമ്രാജ്യത്തിലെ ഗവർണർമാരും മററു ഭരണാധികാരിമാരും മഹാസമ്മേളനങ്ങൾ നടത്തികൊള്ളേണമെന്നും അവിടെ വെച്ച് മതസിദ്ധാന്തങ്ങളെ ആദരിച്ച് വിമർശനങ്ങൾ നടത്തേണമെന്നും അശോകനാജ്ഞാപിച്ചിട്ടുണ്ട്. കീഴുദ്യോഗസ്ഥന്മാർ ഈ മതസമ്മേളനങ്ങളിൽ ഭാഗഭാക്കുകളായിക്കൊള്ളണമെന്ന നിർബന്ധവുമുണ്ടായിരുന്നു. എന്നാൽ, അവരുടെ രാജ്യഭരണസംബന്ധമായ ജോലികളിൽ ഇതു നിമിത്തം യാതൊരു അശ്രദ്ധയും വന്നുകൂടെന്നും ക്ലിപ്തമുണ്ടായിരുന്നു. താഴെ ഉദ്ധരിക്കുന്ന ശിലാശാസനം നോക്കുക.—

"മഹിമയേറിയ തിരുമേനി രാജാപ്രിയദശി ഇപ്രകാരം പ്രസ്താവിക്കുന്നു.—

"എന്റെ വാഴ്ചതുടങ്ങിയ പതിമൂന്നാം കൊല്ലത്തിൽ ഞാൻ ഇപ്രകാരം വിളംബരപ്പെടുത്തിയിരിക്കുന്നു."

"എന്റെ സാമ്രാജ്യത്തിലെ എല്ലായിടങ്ങളിലേയും കമിഷണർമാരും ജില്ലാ അധികാരിമാരും അഞ്ചുകൊല്ലത്തിലൊരിക്കൽ അവരുടെ ജോലികൾക്കുപുറമെ മഹാസമ്മേളനത്തിൽ പങ്കുകൊള്ളേണ്ടതാകുന്നു. അവിടെവെച്ചു ധരിക്കുന്ന ധമ്മമാഗ്ഗത്തെക്കുറിച്ചു അവർ പ്രഖ്യാപനം ചെയ്കയും വേണം—അവ സന്മാഗ്ഗപരമായ തത്വങ്ങൾ, മാതാപിതാക്കന്മാരോടുള്ള അനുസരണം, സ്വജനങ്ങൾ, സ്നേഹിതന്മാർ, ബ്രാഹ്മണർ, സന്യാസിമാർ എന്നിവരോടുള്ള ദാക്ഷിണ്യം, ജീവലോകത്തോടുള്ള ദയ, പരുഷവാക്കുകൾ സംസാരിക്കാതിരിക്കുക എന്നിവതന്നെ."

"മതപ്രവത്തകന്മാർ ഇവയെല്ലാം സൂക്ഷ്മമായി കീഴ്‌ദ്യോഗസ്ഥന്മാരെ ധരിപ്പിക്കേണം".

മേൽപ്രകാരം ചെയ്തശേഷം തന്റെ മതസിദ്ധാന്തങ്ങളെ ശരിയായി പ്രചരിപ്പിക്കുവാനായി 'ധമ്മമഹാമാത്രന്മാർ' എന്ന ഒരു സംഘക്കാരെ അദ്ദേഹമേപ്പെടുത്തുകയുണ്ടായി. ഇവരുടെ ചുമതല രാജാവിന്റെ കീഴിലുള്ളവരെമാത്രം മതപരമായ ബുദ്ധിയോടുകൂടിയവരാക്കിത്തീക്കുകയെന്നതല്ലായിരുന്നു. ഏറെക്കുറെ സ്വതന്ത്രന്മാരായി ജീവിച്ചിരുന്ന അതൃത്തിരാജ്യങ്ങളിലെ നിവാസികളെപ്പോലും ധമ്മാനുസാരികളാക്കിത്തീപ്പാൻ ഈ സംഘക്കാർ ചുമതലപ്പെട്ടവരായിരുന്നു. സവ്വവഗ്ഗക്കാരായ ജനങ്ങളുടേയും സുഖാവസ്ഥക്കും ക്ഷേമത്തിന്നും പയ്യാപ്തമായ എല്ലാ പ്രയത്നങ്ങളും ത്രിവിധകരണങ്ങളാൽ ചെയ്യാൻ ഈ ധമ്മമഹാമാത്രന്മാർ ബാദ്ധ്യസ്ഥന്മാരായിരുന്നു. ദരിദ്രന്മാർ, വയോധികന്മാർ എന്നിവരെ കാത്തുരക്ഷിപ്പാനും, നിരപരാധികൾ ശിക്ഷയിലകപ്പെടാതെ സൂക്ഷിപ്പാനും, കുററക്കാർ വയോധികന്മാരൊ, വലിയകുടുംബം കാത്തുരക്ഷിക്കേണ്ടവരൊ, വലുതായ ആപത്തു നേരിട്ടവരൊ ആണെങ്കിൽ കുററത്തിന്റെ കാഠിന്യം യഥാവിധി കുറയ്ക്കുവാനും, ഇവക്കധികാരമുണ്ടായിരുന്നു. ഇവരിൽചിലർ രാജാവിന്റെ ബന്ധുക്കളെ പരിപാലിക്കുവാനും പ്രത്യേകമായി നിയമിക്കപ്പെട്ടിരുന്നു. മററുചിലർ സന്മാഗ്ഗപരമായ കമ്മങ്ങളിലേപ്പെട്ടിരുന്നവരെ കാത്തുരക്ഷിപ്പാനായും നിയമിക്കപ്പെട്ടിരുന്നു.

## 6

### ധമ്മതിതിക്ഷ.

---

പരിശുദ്ധവും മനോഹരവുമായ ഏതൊരു ധമ്മത്തെ സ്ഥാപിക്കുവാനായി ധീമാനായ അശോകൻ സർവ്വാത്മനാ പ്രയത്നിച്ചിരുന്നുവൊ ആ ധമ്മത്തിന്റെ പരിപൂർത്തിയായ വിവരണങ്ങൾ അദ്ദേഹത്താൽ സുസ്ഥാപിതമായ അനേകം ശിലാശാസനങ്ങളിൽനിന്ന് നമുക്കിന്ന് നിഷ്പ്രയാസം ലഭിക്കുന്നുണ്ട്. ചുരുക്കിപ്പറയുമ്പോൾ അവ ഏറക്കുറെ താഴെചേക്കുംവിധമായിരിക്കും:—

രാജാവ് പ്രജകളെയെല്ലാം സ്വസന്താനങ്ങളെപ്പോലെയാണുകരുതുന്നത്. അവർ അദ്ദേഹത്തോട്, പുത്രന്മാർ പിതാവിനോടെന്നപോലെ അനുസരണമുള്ളവരായിരിക്കണം; അങ്ങിനെതന്നെ, ഒരു പിതാവിന്റെ ആനുകൂല്യം ഏതുപ്രകാരം പുത്രന് വലിയ രക്ഷയായ്ത്തീരുന്നുവൊ അതുപോലെ, അദ്ദേഹത്തിന്റെ പിതൃനിവ്വിശേഷമായസ്നേഹം പ്രജകൾക്കും ഗുണകരമാകുംവണ്ണം ലഭിക്കുമാറാകും. സഹനശക്തി, മനശ്ശുദ്ധി, ഉപകാരസ്മരണ, വിശ്വസ്തത എന്നവ എല്ലാമനുഷ്യക്കുമൊരുപോലെ ഉണ്ടായ്ത്തീരേണ്ടവയായ ഗുണങ്ങളാണ്. അഹങ്കാരാദി ദുർഗ്ഗുണങ്ങൾ ഒരിക്കലും ബാധിക്കാതിരിപ്പാൻ മനുഷ്യൻ നിരന്തരം പ്രയത്നിക്കുകയുംവേണം. ആത്മപരിശോധനചെയ്കയും സത്യം സംസാരിക്കുന്നതിൽ നിഷ്ഠയോടെ ഇരിക്കുകയും ചെയ്യേണ്ടതു അയാളുടെമുറയാണ്; സകലജീവപ്രാണികളോടും കരുണയുള്ളവനായിരിക്കു

ന്നതുഒഴിച്ചുകൂടാത്ത ഒരു ധമ്മവുമാണ്. ഹിംസാപരമായ ബുദ്ധിയുള്ളവൻ പാപിയും നാശമടയുവാൻ പോകുന്നവനുമാണ്; അവനായിട്ടുള്ള സംസഗ്ഗം പുണ്യാത്മാവ് കാംക്ഷിക്കുന്നില്ല. മാതാപിതാക്കന്മാരേയും ഗുരുനാഥന്മാരേയും സ്നേഹിച്ച് ബഹുമാനിക്കാതിരിപ്പാൻപാടുള്ളതല്ല. ബന്ധുക്കൾ, ബ്രാഹ്മണർ, സന്യാസിമാർ എന്നിവരോടു മര്യാദകാണിക്കേണം; വേലക്കാരോടും അടിമകളോടുപോലും, ദയകാണിക്കേണം.

എല്ലാമതസിദ്ധാന്തങ്ങളും യഥാർത്ഥത്തിൽ ഒരു ഒററ പ്രാപ്യസ്ഥാനത്തെ ഗണ്യമാക്കി പ്രവൃത്തിക്കുന്നു എന്നുള്ളതുകൊണ്ടും, മനശ്ശുദ്ധിയും സഹനശക്തിയും മനുഷ്യക്ക്ത്യാവശ്യമായിട്ടുള്ളതാണെന്ന് എല്ലാമതക്കാരും ഒരുപോലെ സമ്മതിക്കുന്നുള്ളതുകൊണ്ടും, ബുദ്ധമതമനുസരിക്കുന്നവൻ മററു മതക്കാരെപ്പററി അലക്ഷ്യമായിയാതൊന്നും പറയുന്നതുശരിയല്ലെന്ന് അശോകൻ ഉജ്ജ്വലമായ ഭാഷയിൽ തൻെറ ശിലാശാസനങ്ങളിൽ ചിലവയിൽ പ്രത്യക്ഷപ്പെടുത്തീട്ടുണ്ട്. അന്യമതസ്ഥന്മാരോടു അസഹിഷ്ണുത കാണിക്കാതിരിക്കുന്നതു മതതൃഷ്ണയുള്ളവരുടെ ശരിയായ കടമയാണെന്നു രണ്ടായിരത്തിലധികം കൊല്ലങ്ങൾക്കുമുമ്പ് മഹാമഹിമശാലിയായ ആ രാജസിംഹൻ വിളംബരപ്പെടുത്തീട്ടുള്ളതു ഇന്നത്തെ ഭാരതീയരെങ്കിലും ധരിക്കുമെങ്കിൽ ആ പുണ്യപുരുഷൻെറ പരിശുദ്ധാത്മാവ് എത്ര ആനന്ദിക്കുമായിരുന്നു! ഈ വിഷയത്തിലുള്ള അദ്ദേഹത്തിൻെറ ശിലാശാസനം താഴെ ഉദ്ധരിക്കാം:—

"മഹിമയേറിയ രാജാ'പ്രിയദശി ദാനം, പൂജ, ഇത്യാ

ദികളാൽ, സന്ന്യാസിമാരായിരുന്നാലും ശരി, ഗൃഹസ്ഥന്മാരായാലും ശരി, എല്ലാമതക്കാരേയും ഒരുപോലെ ബഹുമാനിക്കുന്നു."

"ദാനംചെയ്യുക മുതലായവ എല്ലാമതക്കാരുടേയുമിടയിൽ ആത്മാർത്ഥമായ മതവിശ്വാസമുണ്ടാകണമെന്നാണ് മഹിമയേറിയ തിരുമേനി ആഗ്രഹിക്കുന്നതു്. ആത്മാർത്ഥമായ വിശ്വാസമെന്നത് പലപ്രകാരത്തിൽ പ്രത്യക്ഷീഭവിക്കും; എന്നാൽ അതിന്റെ മുഖ്യമായ ലക്ഷണം ചീത്തവാക്കുകൾ ഉച്ചരിക്കാതിരിക്കയും തന്റെമതത്തെ പുകഴ്ത്തുവാനായി അന്യന്റെ മതത്തെ ദൂഷിക്കാതിരിക്കയും ചെയ്യുതന്നെ. കുററാരോപണം മതിയായ കാരണത്തിന്മേൽമാത്രമെ ചെയ്യാൻപാടുള്ളു. കാരണം, എല്ലാമതങ്ങളിലും ഗുണാംശങ്ങൾ പലതുമുണ്ടായിരിക്കും".

"അങ്ങിനെചെയ്യുന്നതിനാൽ, ഒരുവൻ തന്റെ മതത്തെ ഉയർത്തുകയും മററു മതങ്ങൾക്കു ശരിയായ നന്മചെയ്യുകയും ചെയ്യുന്നു. നേരെ മറിച്ചു തന്റെ മതത്തിന്റെ ഉന്നത പദവിയെ സ്ഥാപിപ്പാനാണെന്നുവെച്ച് അന്യമതങ്ങളെ ദൂഷിക്കുന്നവൻ യഥാർത്ഥത്തിൽ അയാളുടെ മതത്തെത്തന്നെ അത്യധികം അധഃപതിപ്പിക്കയാണുചെയ്യുന്നതു."

"അതിനാൽ, അതിവാക്കുപറയാതെയും മത ദൂഷണം ചെയ്യാതെയുമിരിക്കുന്നതു ശ്രേഷ്ഠമാകുന്നു."

"തിരുമേനിയുടെ അഭിപ്രായം, എല്ലാമതക്കാരും മതസിദ്ധാന്തങ്ങളിൽ വിധിയാംവണ്ണം പരിജ്ഞാനമുള്ളവരായിരിക്കണമെന്നാണ്".

"ഈ വസ്തുത എല്ലാമതക്കാരുമറിയത്തക്കവണ്ണമാക്കിത്തീക്കണം. ഇതിന്നായിട്ടാണ്ടുതന്നെയാണ് ധമ്മമഹാമാത്രന്മാർ, സ്ത്രീസമുദായരക്ഷകന്മാർ, മററനേകം രാജകീയസംഘക്കാർ, ഇവരെയെല്ലാം നിയമിച്ചിരിക്കുന്നതു്. അതുകൊണ്ടുണ്ടാകുവാനുള്ള ഫലം സ്വമതപ്രചാരവും ബൌദ്ധധമ്മത്തിൻെറ ശ്ലാഘയുംതന്നെ."

തൻെറ വിസ്തൃതമായ സാമ്രാജ്യത്തിൻെറ അതൃത്തികളിലും മററനേകം പ്രദേശങ്ങളിലും ബുദ്ധമതം പ്രചരിക്കുവാൻ ധീരശിരോമണിയും കാരുണ്യവാരിധിയുമായ അശോകൻ ഇന്ന പ്രകാരത്തിലെ പ്രയത്നിച്ചിട്ടുള്ളുവെന്നു വിസ്തരിച്ചു പറവാൻ പ്രയാസമായിരിക്കും. മതസംബന്ധമായ കാര്യങ്ങളെ നിയന്ത്രിപ്പാനായിട്ടുമാത്രം ഒരു വമ്പിച്ച രാജകീയസ്ഥാപനം അദ്ദേഹത്താൽ നിമ്മിക്കപ്പെട്ടിരുന്നുവെന്നു നമുക്കു പ്രത്യക്ഷമായ്ക്കഴിഞ്ഞിട്ടുണ്ടല്ലോ. എന്നാൽ, അന്യമതക്കാരോട് ആ ദിവ്യനായ ചക്രവത്തി പ്രകടിപ്പിക്കുന്നതായ കരുണ എത്രയാണെന്നു നോക്കുക! അദ്ദേഹമല്ലയോ പ്രപഞ്ചപിതാവിൻെറ പരമശ്രേഷ്ഠനായ പ്രതിനിധി! മതതത്വങ്ങളെ ആരാഞ്ഞറിഞ്ഞനുഷ്ഠിച്ചവനായ ഏകനേതാവാണ് അശോകൻ. അദ്ദേഹത്തിൽനിന്നുൽഭൂതമായ കാന്തിപ്രവാഹം ഇന്നത്തെ ലോകത്തിൽ മനോഹരവും ഉജ്വലവുമായി പരിലസിക്കുന്നതു നോക്കുക! ചൈന, ബമ്മ, ജാപ്പാൻ മുതലായ രാജ്യങ്ങളിലെ അനേകംകോടി ജനങ്ങൾ അവരുടെ വന്ദ്യഗുരുവായി ഗണിച്ചുവരുന്ന അശോകചക്രവത്തിയെ ഉല്ലാദിപ്പിക്കുവാൻ സാധിച്ച ഭാര

തമാതാവിൻെറ ഭാഗ്യം എത്രയെന്നൊങ്ങിനെ പറയട്ടെ!

## 7

### ഭരണാധികാരിമാരുടെ പ്രവൃത്തികൾ.

ധമ്മമാൎഗ്ഗപ്രചാരത്തിന്നായി ഭരണാധികാരിമാർ എന്തെല്ലാം പ്രവൃത്തിക്കേണമെന്നാവശ്യപ്പെട്ടുകൊണ്ടു അശോകവൎദ്ധനൻ പലപ്പോഴും ഖണ്ഡിതമായ ഉപദേശങ്ങളും കല്പനകളും ശിലാശാസനം വഴിയായും മററും അവൎക്കു നൽകീട്ടുണ്ടെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. തൻെറ അഭിപ്രായങ്ങളെ ശ്രദ്ധയോടെ ആദരിക്കുന്നവരോടു താൻ തുലോം സ്നേഹമുള്ളവനായിരിക്കുമെന്നും, ഇഹലോകക്ഷേമത്തിന്നും പരലോകാഭ്യുദയത്തിന്നും ബുദ്ധമതത്തെ ഭക്തിപൂൎവ്വം കൈക്കൊണ്ടു് കാലംകഴിക്കുന്നതു ഒഴിച്ചുകൂടാത്തതാണെന്നും അദ്ദേഹം താഴെ ചേൎക്കുന്ന ശിലാശാസനത്തിൽ സിദ്ധാന്തിച്ചിരിക്കുന്നു:--

"മഹിമയേറിയ തിരുമേനി ഇപ്രകാരമഭിപ്രായപ്പെടുന്നു:--

"എൻെറ വാഴ്ച തുടങ്ങിയ ഇരുപത്തിയേഴാം കൊല്ലത്തിൽ ഞാൻ പാവനമായ ഈ ശാസനം പ്രചരിപ്പിച്ചു."

"സീമാതീതമായ ബുദ്ധധമ്മഭക്തി, സീമാതീതമായ ജാഗ്രത, സീമാതീതമായ അനുസരണം, സീമാതീതമായ ആപൽഭയം, സീമാതീതമായ ഉത്സാഹം, ഇവകൊണ്ടല്ലാതെ ഭൂലോകത്തിലെ സുഖാവസ്ഥകളും പരലോകത്തിലെ ശ്രേയസ്കരമായ പദവിയും ലഭിക്കുന്നതല്ല."

"ഏതായാലും, എൻെറ പ്രചാരപ്രവൃത്തിയാൽ, ധൎമ്മമാൎഗ്ഗമിന്നതെന്നറിവാനും അതിനെ ആദരിപ്പാനും ജനങ്ങളുടെ ഇടയിൽ ദിനംപ്രതി ആഗ്രഹം വളൎന്നുവരുന്നുണ്ട്. ഇതു മേലിൽ വൎദ്ധിച്ചുവരികയെ ഉള്ളൂ."

"എൻെറ ആൾക്കാർ ഉന്നതകുലജാതന്മാരൊ എളിയ നിലയിലുള്ളവരൊ, എങ്ങിനെയായാലുംശരി, അവരെല്ലാവരും എൻെറ സിദ്ധാന്തങ്ങളെ അനുസരിക്കുന്നുണ്ട്. അവർ ജനങ്ങളെ സന്മാൎഗ്ഗങ്ങളിൽക്കൂടെ ചരിപ്പിക്കുന്നുമുണ്ട്. കാരണം, ചഞ്ചലഹൃദയന്മാരായവൎക്കു ധൎമ്മബോധമുണ്ടാകുവാനുള്ള സാമൎത്ഥ്യം അവൎക്കുണ്ട്."

മറെറാരു ശിലാശാസനം നോക്കുക:—

"എൻെറ അനേകായിരം പ്രജകളെ ഭരിപ്പാനായി ഞാൻ രാജ്യതന്ത്രനിപുണന്മാരായ ഭരണാധികാരിമാരെ നിയമിച്ചിട്ടുണ്ട്. ഈ ഭരണാധികാരിമാരുടെ യുക്തംപോലെ പ്രജകൾക്കു സമ്മാനങ്ങളും ബഹുമതികളും നൽകുവാൻ വിരോധമില്ല. ന്യായമായ ശിക്ഷകൾ വിധിക്കുവാനും അവർക്കധികാരമുണ്ട്. അവരുടെ കൃത്യം ഭയരാഹിത്യത്തോടും ഉന്മേഷത്തോടും കൂടി അവർ നിൎവ്വഹിക്കേണമെന്നും അതു നിമിത്തം പ്രജകൾക്ക് അനല്പമായ ക്ഷേമമുണ്ടാകേണമെന്നും കരുതീട്ടാകുന്നു ഞാനവൎക്കു ഇത്രത്തോളം അധികാരങ്ങൾ നൽകീട്ടുള്ളതു്."

"പ്രജകളുടെ ദുഃഖാവസ്ഥയുടെയും സന്തോഷത്തിൻെറയും കാരണമന്വേഷിച്ചറിഞ്ഞ്, ധൎമ്മമാൎഗ്ഗപ്രകാരം അവരെ നടത്തിച്ച്, അവൎക്ക് ഇഹലോകസുഖവും പരലോ

ക്കോന്നതിയും ഉണ്ടാക്കിക്കൊടുക്കുന്നതിൽ എന്റെ ഭരണാധികാരിമാർ ജാഗരൂകന്മാരായിരിക്കുന്നുണ്ട്."

"എന്റെ ഭരണാധികാരിമാർ എന്നെ തൃപ്തിപ്പെടുത്തുവാനാഗ്രഹമുള്ളവരാകയാൽ അവരുടെ കൃത്യബോധത്തെപ്പററി എനിക്കു ആത്മാർത്ഥമായ വിശ്വാസമുണ്ടു."

"ഏതൊരു പ്രകാരം ശിശുപരിപാലനത്തിൽ വിദഗ്ദ്ധയായ ഒരു സ്ത്രീയുടെ വശം ഏല്പിക്കപ്പെട്ട ശിശുവിനെപ്പററി പിതാവിന്നു അസ്വാസ്ഥ്യമില്ലാതിരിക്കുമോ അതുപോലെ എന്റെ പ്രജകളുടെ ക്ഷേമത്തിന്നും സന്തോഷത്തിന്നുമായുള്ള പ്രവൃത്തികൾ നടത്തുവാൻ ഭരണനിപുണന്മാരായ അധികാരിമാരെ ഏല്പിച്ചശേഷം എനിക്കു മനസ്സമാധാനമുണ്ടായിട്ടുണ്ടു."

അതൃത്തി രാജ്യങ്ങളിലെ കാട്ടാളന്മാർ, അപരിഷ്കൃതന്മാർ, മതദ്വേഷികൾ എന്നിവരെപ്പോലും ശിക്ഷിപ്പാൻ അശോകന്നാഗ്രഹമുണ്ടായിരുന്നില്ല. ഈ അപരിഷ്കൃതന്മാർ കലിംഗരാജ്യത്തിന്റെ അതൃത്തിപ്രദേശങ്ങളിൽ വളരെപ്പേരുണ്ടായിരുന്നു. ഇന്നും അവിടങ്ങളിൽ ഹീനന്മാരായ പല വൎഗ്ഗക്കാരുമുണ്ടെന്നു പ്രസിദ്ധമാണല്ലൊ. അവിടങ്ങളിലെ ഭരണാധികാരിമാൎക്ക് അശോകൻ അയച്ചിട്ടുള്ള സന്ദേശങ്ങൾ എത്രയോ ആകർഷണീയങ്ങളാണ്. കാട്ടുവൎഗ്ഗക്കാരായ പ്രജകൾ തന്റെ സന്താനങ്ങളാണെന്നും അവരെ പരിഷ്ക്കാരികളാക്കിത്തീൎക്കേണ്ടതു തന്റെ ഭരണാധികാരിമാരുടെ പ്രത്യേകചുമതലയാണെന്നും അവർ അതിന്നായി നിരന്തരം പരിശ്രമിച്ചുകൊള്ളേണ്ടതാ

ണെന്നും അദ്ദേഹം പ്രത്യേകമായി കല്പിക്കുന്നുണ്ട്. ഈ കാട്ടുജാതിക്കാക്ക് ആത്മാഭിമാനവും രാജ്യഭരണത്തിലുള്ള വിശ്വാസവും വദ്ധിക്കുകയും രാജാവിൽനിന്നു ക്ഷേമവും സന്തോഷവും അവക്കുണ്ടാകുവാനായി തിരുമേനി ആഗ്രഹിക്കുന്നുവെന്നു അവരെ ധരിപ്പിക്കുകയും ചെയ്യേണമെന്നാണ് തിരുമേനിയുടെ ആജ്ഞയെന്നു അദ്ദേഹം ഭരണാധികാരിമാരെ പല തവണയും അറിയിച്ചിരുന്നു. ആ കാട്ടുജാതിക്കാർ തിരുമേനിയുടെ ആഗ്രഹം അറിയുന്നതായാൽ അവക്ക് ശാന്തമായും സമാധാനപരമായും ജീവിക്കാം. രാജപ്രീതി നേടുവാനും പരലോകവാസം ദുഃഖഭ്രയിഷ്ഠമല്ലാതാക്കിത്തീപ്പാനും ധമ്മമാൎഗ്ഗമനുസരിക്കുകയാണ് നല്ലതെന്നു അതൃത്തിരാജ്യത്തിലെ നിവാസികളെ ധരിപ്പിച്ചുകൊള്ളേണമെന്നു ഭരണാധികാരിമാക്ക് പ്രത്യേക രാജകല്പനകളുണ്ടായിരുന്നു.

മേൽപ്രകാരം അതൃത്തി രാജ്യങ്ങളിലെ നിവാസികളേയും അയൽരാജ്യക്കാരേയും ധമ്മമാൎഗ്ഗനിരതന്മാരാക്കിത്തീപ്പാൻ അശോകവദ്ധനൻ ചെയ്തിട്ടുള്ള പ്രവൃത്തികൾ ആശ്ചയ്യാവഹം തന്നെ! എന്നാൽ അക്കാലത്തെ ഭരണാധികാരിമാർ ഈ കായ്യത്തിൽ ആ മഹാമഹിമശാലിയായ ചക്രവത്തിക്കു എത്രത്തോളം സഹായമായ്തീൎന്നിരുന്നുവെന്നു തെളിയിപ്പാനുള്ള യാതൊരു രേഖകളും ഭാഗ്യദോഷത്താൽ നമുക്കു ലഭിച്ചിട്ടില്ല.

സകല ജീവപ്രാണികളുമൊരുപോലെ കഴിയുന്നത്ര ജീവിച്ചിരിപ്പാൻ വാഞ്ഛയുള്ളവയാണെന്നും ഒരു ചെറിയ

പ്രാണിയുടെ ജീവനാശം പോലും വരുത്തുന്നതു വലുതായ പാപമാണെന്നും കാരുണ്യവാരിധിയായ അശോകൻ സർവ്വദാ സിദ്ധാന്തിച്ചിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ഇക്കാൎയ്യത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രയത്നങ്ങൾ എത്രത്തോളം ശക്തിമത്തായിരുന്നുവെന്നു അദ്ദേഹത്താൽ നിൎമ്മിക്കപ്പെട്ട പല ശിലാശാസനങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. വാഴ്ച തുടങ്ങി എട്ടുകൊല്ലം കഴിയുന്നതുവരെ ഇതിനെപ്പററി അദ്ദേഹം ഒട്ടുംതന്നെ ശ്രദ്ധവെച്ചിട്ടില്ല; അക്കാലങ്ങളിൽ കോവിലകത്തുള്ളവരുടെ ആവശ്യത്തിന്നായി അനേകായിരം മൃഗങ്ങളെ കൊല്ലുകയുണ്ടായിട്ടുണ്ട്. എന്നാൽ ഒമ്പതാം കൊല്ലം മുതൽ പതിമൂന്നാം കൊല്ലംവരെ രണ്ടു കുക്കുടങ്ങളേയും ഒരു മാനിനേയും മാത്രമെ രാജമന്ദിരത്തിലെ ആവശ്യത്തിന്നായി വധിച്ചുകൊണ്ടിരുന്നുള്ളു. അതിന്നുശേഷം ഇതു തീരെ നിൎത്തിക്കളഞ്ഞു. ബുദ്ധധൎമ്മപ്രചാരത്തിൽ അശോകൻ ഉൽസുകനായ്ത്തീൎന്നതോടുകൂടി രാജാവിൻെറ ജിഹ്വാചാപല്യത്തിന്നായി യാതൊരു ജീവിയും അതിൻെറ ജീവനെ ബലികഴിക്കേണ്ടതില്ലാതായി. മാംസഭക്ഷണത്തിൽ ആ പുണ്യവാനായ തിരുമേനിക്കു അത്യാദൃശമായ വെറുപ്പുണ്ടായ്ത്തീൎന്നു. ആത്മരക്ഷയ്ക്കായപേക്ഷിപ്പാനൊ അതിന്നായി മത്സരിപ്പാനൊ ശക്തിയില്ലാത്ത ജീവലോകം പരമഭാഗ്യമടഞ്ഞു!

വാഴ്ചതുടങ്ങിയ പതിനൊന്നാം കൊല്ലത്തിൽ യഥാൎത്ഥധൎമ്മമാൎഗ്ഗം ഇന്നതെന്നു തനിക്കു ബോദ്ധ്യംവന്നതോടുകൂടി താൻ മൃഗയാവിനോദത്തിൽ വലുതായ വൈമുഖ്യമു

ള്ളവനായ്തീൎന്നുവെന്നും അതിൻെറ സ്ഥാനത്തു പുണ്യക്ഷേ ത്രങ്ങളെ സന്ദശിപ്പാനായി ദേശസഞ്ചാരം ചെയ്യുന്നതിൻ തനിക്കു ആസക്തിവദ്ധിച്ചുവെന്നും അശോകൻ പ്രഖ്യാപ നം ചെയ്തിട്ടുണ്ട്. ദാനം ചെയ്യുക, മതപ്രസംഗം നടത്തു ക, മതസംബന്ധമായ വാദപ്രതിവാദം നടത്തുക, എന്നിവ യിൽ അദ്ദേഹം നിരതനായിത്തീൎന്നു. പതിമൂന്നാംകൊല്ലം മുതൽക്കു കോവിലകത്തെ ആവശ്യത്തിന്നായി മൃഗങ്ങളെ കൊലചെയ്യുന്നതു തീരെ നിൎത്തിക്കളഞ്ഞുവെന്നു മാത്രമല്ല, തലസ്ഥാനനഗരിയിൽ മൃഗബലി ഒരേടത്തും പാടില്ലെന്നു അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. വിശേഷ ദിവസങ്ങ ളിൽ മാംസഭക്ഷണം ഒഴിച്ചു കൂടാത്തതായി അക്കാലത്തെ അനേകം വൎഗ്ഗക്കാർ കരുതിയിരുന്നതിനാൽ, അങ്ങിനെയു ള്ള അവസരങ്ങളിൽ ആഘോഷപൂൎവ്വം വിരുന്നുകൾ നട ത്തേണ്ടതില്ലെന്നുകൂടി മഹിമയേറിയ തിരുമേനി കല്പിച്ചു. എന്നാൽ, ഈ ചട്ടങ്ങളെല്ലാം നിൎബ്ബന്ധപൂൎവ്വം നടത്തപ്പെട്ടി രുന്നതു പ്രധാനമായി തലസ്ഥാനനഗരിയിൽ മാത്രമായി രുന്നുവെന്നുള്ളതു സ്മരണീയമാണ്. സാമ്രാജ്യത്തിലൊട്ടാ കെ ഈ നിയമം നിൎബ്ബന്ധപൂൎവ്വം നടത്തപ്പെടുന്നതു ക്ഷിപ്ര സാദ്ധ്യമല്ലെന്നു അദ്ദേഹം കണ്ടിരിക്കേണമല്ലോ. എ ന്നാൽ വാഴ്ച തുടങ്ങിയ ഇരുപത്തിയേഴാംകൊല്ലമായപ്പോ ഴെക്കും, ജീവകാരുണ്യമെന്ന ആ മഹത്തരമായ സ്വഭാവവി ശേഷം അദ്ദേഹത്തിൽ ബലവത്തായി പ്രതിബിംബിച്ചു. അതിനാൽ, ജന്തുക്കളുടെ ജീവൻെറ പവിത്രതയെ സംബ ന്ധിച്ചുള്ള അനേകം നിയമങ്ങൾ അദ്ദേഹം നിഷ്കൎഷി

യോടെ ഉണ്ടാക്കി. മതസമ്പ്രദായമോ സാമുദായികസമ്പ്രദായങ്ങളുടെ വ്യത്യാസമോ ഗണ്യമാക്കാതെ ഈ നിയമങ്ങൾ എല്ലാവരാലുമാദരിക്കപ്പെടത്തക്കവണ്ണമുള്ള അനേകം ചട്ടങ്ങളും അദ്ദേഹമേർപ്പെടുത്തി.

വധിക്കപ്പെടുവാൻ പാടില്ലാത്തവയായ മൃഗങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി, സാമ്രാജ്യമൊട്ടാകെ അതിനെ വിളംബരപ്പെടുത്തുകയും ചെയ്തു. ഇതുപ്രകാരം, യാതൊരു നാല്ക്കാലികളെയും കൊലപ്പെടുത്തുവാൻ പാടില്ലാതായ്തീൎന്നു. നരി, സിംഹം, എന്നീ കാട്ടുമൃഗങ്ങളെപ്പോലും കൊലപ്പെടുത്തുന്നതു നിയമവിരുദ്ധമായിത്തീൎന്നതുകൊണ്ടും, മൃഗയാവിനോദേച്ഛുക്കളായ പ്രജകളുടെ സ്വാതന്ത്ര്യത്തിന്നു ഇതു വലുതായ തടവായ്തീൎന്നു. കൊല്ലുവാൻ വിരോധമുണ്ടെന്നു കല്പിക്കപ്പെടാത്ത മൃഗങ്ങളുടെ കൊലയെപ്പററിപ്പോലും പല നിബ്ബന്ധങ്ങളുമേർപ്പെടുകയും ചെയ്തു.

കൊല്ലത്തിൽ എല്ലാംകൂടി അയ്മ്പത്തിആറു നിർദ്ദിഷ്ട ദിനങ്ങളിൽ മത്സ്യംപിടിക്കുകയൊ വില്ക്കുകയൊ പാടില്ലാതായി; അന്നൊന്നും മൃഗയാവിനോദവും പാടില്ലെന്നു ക്ലിപ്തമുണ്ടായിരുന്നു. എല്ലാവിശേഷദിവസങ്ങളിലും ഋഷഭം പോത്ത്, മുതലായവയുടെ പുംസ്ത്വാപഹാരം പാടില്ലെന്നു ഒരു വിളംബരവുമുണ്ടായി. ക്ലിപ്തമായ അഞ്ചു പക്ഷങ്ങളിൽ കുതിരകളേയും മററു മൃഗങ്ങളേയും ചൂടിടുന്നതു നിയമവിരുദ്ധമായിത്തീൎന്നു. ഇതുപോലെ തന്നെ, ജീവികളുടെ നാശത്തെ തടയുവാനുതകുന്ന മററനേകം നിയമങ്ങൾ നടപ്പിൽ വരുത്തുവാൻ ചുമതലപ്പെട്ടവരായ്തീൎന്ന കാൎയ്യനിൎവ്വാഹക

ന്മാക്ക് അളവററ ക്ലേശം സംഭവിച്ചിട്ടുണ്ടായിരിക്കണമെന്നു ള്ളതിന്നു പക്ഷാന്തരമില്ലല്ലൊ.

8

ഭരണകാൎയ്യത്തിലുള്ള പ്രത്യുല്പന്നത.

---

അശോകൻ കൊലക്കുററമെന്നുള്ളതു തീരെ നിൎത്തിക്കളഞ്ഞതായി ബൌദ്ധപാതിരിമാരുടെ പല ആഖ്യായികകളിലും പ്രസ്താവിച്ചിട്ടുണ്ട്. അവരുടെ മററനേകം പ്രസ്താവങ്ങൾപോലെ ഇതും മിത്ഥ്യാവാദമാണ്. കൊലക്കുററം നിൎമ്മൂലഷമില്ലാതാക്കേണ്ടതാണെന്നു അദ്ദേഹം വിചാരിച്ചിരുന്നതായി യാതൊരുതെളിവും നമുക്കില്ല. നേരെമറിച്ചു, മരണശിക്ഷ രാജനീതി നടത്തുന്നതിൽ അവശ്യം വേണ്ടതായി വരുമെന്നു അദ്ദേഹം വിശ്വസിക്കുന്നുവെന്നു പല സന്ദൎഭങ്ങളിലും അനുമാനിക്കേണ്ടതായുമിരിക്കുന്നുണ്ട്. എന്നാൽ ഈ ശിക്ഷ നടത്തുന്നതിൽ അക്കാലത്തുണ്ടായിരുന്ന ക്രൂരത കുറയ്ക്കുവാനാണ് അദ്ദേഹമാശിച്ചിരുന്നതു. ന്യായപരിപാലനാൎത്ഥം ഏററവും വലുതായ ദണ്ഡനപോലും വിധിപ്പാനുള്ള അധികാരം ന്യായാദ്ധ്യക്ഷന്മാൎക്കുണ്ടായിരിക്കേണമെന്നു അദ്ദേഹം അറിഞ്ഞിരുന്നുവെങ്കിലും, പലപ്പോഴുംതൻെറ രാജകീയമായ വിശേഷാധികാരത്തെ ഉപയോഗിച്ചു കൊലക്കുററക്കാരിൽ പലൎക്കും മോചനം നൽകുകയുംപതിവായിരുന്നു. ഇത്രയുമല്ല, തൻെറ രാജ്യാഭിഷേകത്തിൻെറ വാൎഷികോത്സവം പ്രമാണിച്ച് അന്നുള്ള സകല കുററക്കാരേയും വിട്ടയൽചെയ്യു എന്നുള്ള ഏൎപ്പാടും അശോകനാലാദരിക്ക

പ്പെട്ടു. വാഴ്ചതുടങ്ങിയ ഇരുപത്തിയേഴാം കൊല്ലത്തിൽ അദ്ദേഹം ഒരു പ്രത്യേകനിയമം നടപ്പിൽ വരുത്തി. അതുപ്രകാരം മരണശിക്ഷവിധിക്കപ്പെട്ടിട്ടുള്ളവരെ തൂക്കുമരത്തിന്മേൽ കയററുന്നതിന്നുമുമ്പായി അവക്ക് മൂന്നു ദിവസത്തെ വിശ്രമം നൽകപ്പെട്ടു; ഭാവിലോകയാത്രയെ സുഗമമാക്കിത്തീക്കുവാനുതകുന്ന ഉപദേശങ്ങൾ ഈ മൂന്നു ദിവസം അവക്കുലഭിക്കുമാറാക്കുകയുംചെയ്തിരുന്നു.

ന്യായപരിപാലനം അത്യന്തം പ്രത്യുൽപന്നതയോടെ നടത്തുന്നതിൽ അശോകന്നുണ്ടായിരുന്ന നിഷ്കഷ്ട അന്യാദൃശമായിരുന്നു. ഏതുസമയത്തും ഏതുസ്ഥലത്തുവെച്ചും പ്രജകളുടെ ആക്ഷേപങ്ങൾ കേൾക്കുന്നതിലും തക്കതായ പ്രതിവിധികൾ ഉടനടി കല്പിക്കുന്നതിലും അദ്ദേഹത്തിന്നു അവണ്ണനീയമായ ജാഗ്രതയുണ്ടായിരുന്നു. പ്രജകളെ യഥാത്ഥമായി സ്നേഹിക്കുന്ന ഒരു രാജാവ് ഇങ്ങിനെയല്ലയോ ചെയ്യേണ്ടതു? എളിയനിലയിലുള്ളവക്കുപോലും രാജസന്നിധിയിൽ ചെന്നു സങ്കടങ്ങൾ ബോധിപ്പിക്കാമെന്നുവന്നാൽത്തന്നെ പ്രജകൾ എത്രത്തോളം സംതൃപ്തന്മാരായിത്തീരുമെന്നാലോചിച്ചുനോക്കുക! പ്രജാവത്സലനായ അശോകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"ഞാൻ ഇപ്പോൾ ചെയ്തുവരുന്നമാതിരിയിലുള്ള പ്രയത്നംകൊണ്ടു എനിക്കു പരിപൂണ്ണമായ തൃപ്തിയുണ്ടാകുന്നില്ല. ആക്ഷേപങ്ങൾ കേട്ടു അതിന്നു പ്രതിവിധികൾ കണ്ടുപിടിക്കുന്നതും മതിയാകുന്നില്ല. പൊതുജനങ്ങളുടെ ഗുണത്തിന്നായി ഞാൻ എല്ലായ്പോഴും പ്രയത്നംചെയ്യേണം. ജീവ

ലോകത്തോടുള്ള എന്റെ കടമയെ നിറവേററുവാനും, അതു നിമിത്തം ചിലജീവികളെങ്കിലും ഇഹലോകത്തിൽ സുഖമായിവസിക്കത്തക്കവണ്ണവും പരലോകത്തിൽ ശ്രേഷ്ഠപദവിയെ പ്രാപിക്കത്തക്കവണ്ണവുമാക്കിത്തീപ്പാനും വേണ്ടിയാകുന്നു എന്റെ ഈ പ്രയത്നങ്ങളെല്ലാം." തന്റെ സിദ്ധാന്തങ്ങളെയെല്ലാം പ്രകാശിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും അദ്ദേഹമെടുത്തിട്ടുള്ള അപാരമായ പ്രയത്നം അദ്ദേഹത്തിന്റെ അതുലമായ കൃത്യബോധത്തേയും നിഷ്കാപട്യത്തേയും തെളിയിക്കുന്നതിന്നു പുറമെ, അദ്ദേഹം അതിപ്രയത്നശാലിയായിരുന്നുവെന്നു ദൃഷ്ടാന്തപ്പെടുത്തുന്നുമുണ്ട്. അശോകന്റെ പ്രബലമായ പ്രചോദനം നിമിത്തവും രക്ഷാധികാരത്തിലും ബുദ്ധമതത്തിന്നു അത്ഭുതപൂൎവ്വമായ ശ്രേയസ്സും ശക്തിയുമുണ്ടായിട്ടുള്ളതിനെക്കുറിച്ചാലോചിക്കുമ്പോൾ, അദ്ദേഹത്തിന്നു ഓരോ സന്ദൎഭങ്ങളിൽ വലുതായ ഭഗ്നാശയതാപവും പ്രതിബന്ധവും നേരിട്ടിട്ടുണ്ടായിരുന്നാൽകൂടി, അദ്ദേഹത്തിന്റെ പ്രയത്നങ്ങൾക്കു ധാരാളം ഫലമുണ്ടായിട്ടുണ്ടെന്നു വെളിവാകുന്നുണ്ട്. ഇങ്ങിനെ ഫലസമ്പൂൎണ്ണമായ പ്രയത്നത്തിൽ അദ്ദേഹത്തിന്നു് ശുഷ്കാന്തി നാൾക്കുനാൾ കൂടിക്കൊണ്ടുവരികയും ചെയ്തു.

തന്റെ മാതൃകാപരമായ ജീവിതരീതിയാൽ സ്വന്തം പ്രജകളേയും അയൽരാജ്യക്കാരേയും സന്മാൎഗ്ഗചാരികളാക്കിത്തീൎക്കാമെന്നു അശോകൻ ആത്മാൎത്ഥമായി വിശ്വസിച്ചു. താൻ പല സൽക്കൎമ്മങ്ങളും ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് അതുപ്രകാരമാചരിക്കുന്നതിൽ ഔത്സുക്യമുള്ളവരായ

പ്രജകൾ തന്റെ സാമ്രാജ്യത്തിൽ പണ്ടത്തേക്കാൾ എത്ര യോ വദ്ധിച്ചിട്ടുണ്ടെന്നും അദ്ദേഹം ചിലേടങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഭാബ്രാശിലാരേഖകളാണ് അശോകന്റെ ബുദ്ധമത വാത്സല്യത്തെ സവിശേഷം തെളിയിക്കുന്നതു. മററു ശിലാരേഖകൾ അധികമായി ധാമ്മികതത്വങ്ങളെ വികസിപ്പിക്കുന്നവയാണ്. അവയെല്ലാം അന്നു ഇന്ത്യയിലുണ്ടായിരുന്ന ഏതുമതക്കാക്കും സ്വീകാര്യമായ്ത്തീരാവുന്നവയുമായിരുന്നു. ഭാബ്രാശിലാരേഖ ബൌദ്ധപാതിരിമാരെ ലക്ഷ്യമാക്കീട്ടുമാത്രം പ്രചരിപ്പിച്ചിട്ടുള്ളവയാണ്. അതു രേഖപ്പെടുത്തിയിരുന്നതു ഒരു ബൌദ്ധസന്യാസിമഠത്തിലുമായിരുന്നു. ഇതിൽനിന്നു അശോകൻ ബൌദ്ധസിദ്ധാന്തങ്ങളെ ഇഷ്ടമില്ലാത്തവരുടെ തലയിൽ വെച്ചുകെട്ടുവാനായി പ്രയത്നിച്ചിട്ടുണ്ടായിരിക്കുമെന്നോ മറെറാ വായനക്കാർ വിചാരിച്ചുപോകരുതു. ബുദ്ധമതം ഇഷ്ടമുള്ളവർ സ്വീകരിച്ചാൽ മതിയായിരുന്നു. എന്നാൽ ജനങ്ങൾ സന്മാഗ്ഗചാരികളായ്ത്തീരുന്നതിൽമാത്രം അദ്ദേഹത്തിന്നു അത്യാഗ്രഹമുണ്ടായിരുന്നു.

ജീവലോകത്തെ രക്ഷിപ്പാനും ഇഹത്തിലെ ദുഃഖം കുറക്കുവാനും പ്രജകളെ സന്മാഗ്ഗചാരികളാക്കിത്തീപ്പാനുംവേണ്ടി താൻ പ്രവൃത്തിച്ചിരുന്നവയെക്കുറിച്ചു അശോകന്നു വലുതായ ചാരിതാത്ഥ്യമുണ്ടായിരുന്നു. എന്നാൽ ആവക നിബന്ധനകൾകൊണ്ടുമാത്രം യാതൊരു നന്മയുമുണ്ടാകുന്നതല്ലെന്നും മനുഷ്യരെല്ലാവരും ആത്മപരിശോധന നടത്തി ശ്രേഷ്ഠമായ വസ്തുവേതെന്നു കണ്ടുപിടിപ്പാനായി നിരന്തരം

പരിശ്രമിക്കയാണ് യഥാർത്ഥത്തിൽ വേണ്ടതെന്നും ഇതിന്നായി ജ്ഞാനശക്തി വർദ്ധിപ്പിക്കുന്നതു മനുഷ്യരുടെ കടമയാണെന്നും അദ്ദേഹം വിളംബരപ്പെടുത്തി. പ്രയോജനശൂന്യമായ ആചാരംകൊണ്ടു മോക്ഷം സാധിക്കാമെന്നു കരുതുന്നത് ഭോഷത്വമാണെന്നും ശരിയായ ധർമ്മമിന്നതെന്നറിഞ്ഞു അനുഷ്ഠിക്കുന്നതായാൽ അതുനിമിത്തം മാത്രമേ പരലോകക്ഷേമം ക്ഷിപ്രസാദ്ധ്യമായിത്തീരുകയുള്ളുവെന്നും അശോകൻ സിദ്ധാന്തിക്കുന്നുണ്ട്. അദ്ദേഹം പ്രസ്താവിക്കുന്നതു നോക്കുക:—

"രോഗപീഡിതരാകുമ്പോഴും, പുത്രന്മാരുടേയും പുത്രിമാരുടേയും വിവാഹമുഹൂർത്തങ്ങളിലും, സന്തത്യോല്പാദനാവസരങ്ങളിലും, ദേശസഞ്ചാരത്തിനായിപുറപ്പെടുമ്പോഴും ജനങ്ങൾ പലതരം ശിഷ്ടാചാരങ്ങൾ നടത്തുന്നുണ്ടു. ഈ അവസരങ്ങളിലുംമററും ഫലശൂന്യമായ്ത്തീൎന്നിട്ടുള്ള പല ആചാരങ്ങളും നിറവേററിവരുന്നുമുണ്ട്. പ്രയോജനമില്ലെങ്കിലും ആചാരങ്ങൾ അനുഷ്ഠിക്കേണ്ടതുതന്നെ. എന്തെന്നാൽ, ധർമ്മമാർഗ്ഗമിന്നതെന്നറിഞ്ഞു അതുപ്രകാരം നടക്കുന്നതിനാലാണു ശരിയായ നന്മയുണ്ടാകുക."

"ഇഹത്തിലെ നന്മക്കായി നടത്തുന്ന ആചാരങ്ങൾ ഫലവത്തായിയെന്നുവരാം, ഇല്ലെന്നും വരാം. അതിൻെറ ഫലം ഗുണപ്രദമൊ ദോഷപ്രദമൊ എന്നു പറഞ്ഞുകൂടാ. എന്നാൽ യഥാർത്ഥമായ ധർമ്മമാർഗ്ഗം സ്വീകരിച്ചു വർത്തിക്കുന്നതായാൽ ആവക സംശയങ്ങളൊന്നും വേണ്ടതില്ല. ഒരുപക്ഷെ അതുനിമിത്തം ഇഹത്തിൽ പറയത്തക്ക ഗുണങ്ങളു

ണ്ടാകുന്നില്ലെങ്കിൽക്കൂടി പരലോകത്തിൽ ശാശ്വതമായ നന്മ സംഭവിക്കാതിരിക്കയില്ല. അതല്ല, ഇഹത്തിലും നന്മയുണ്ടാകുന്നതായാലൊ, എല്ലാംകൊണ്ടും അതു സ്വീകാൎയ്യവുമാണല്ലൊ."

## 9

### പൎയ്യടനം

---

മൃഗയാവിനോദത്തിന്നായും മററും സമയം വിനിയോഗിക്കുന്നതിൽ അശോകവൎദ്ധനന്ന് യാതൊരു തൃപ്തിയുമില്ലാതായിത്തീൎന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിന്നുപകരം പുണ്യസ്ഥലങ്ങൾ സന്ദൎശിക്കുന്നതിലാണ് അദ്ദേഹം വാഞ്ഛയുള്ളവനായിത്തീൎന്നതു. ഇങ്ങിനെയുള്ള ഒരു പൎയ്യടനത്തിന്നായി അദ്ദേഹം തന്റെ വാഴ്ച്ചതുടങ്ങിയ ഇരുപത്തിയൊന്നാംകൊല്ലത്തിൽ പുറപ്പെട്ടു. ഏറെക്കുറെ ബുദ്ധന്റെ യാത്രാമാൎഗ്ഗംതന്നെയാണ് അദ്ദേഹവും സ്വീകരിച്ചതു. അദ്ദേഹം തന്റെ തലസ്ഥാനനഗരമായ പാടലീപുത്രത്തിൽ നിന്നുപുറപ്പെട്ട്, ഗംഗാനദികടന്ന് വൈശാലിയെന്നരാജ്യത്തിൽ പ്രവേശിച്ചു. അതിന്നുശേഷം ഒന്നുകിൽ കിഴക്കൻവഴിയായി മലകളുടെ മദ്ധ്യത്തിൽക്കൂടെ കടന്ന് ഗൌതമബുദ്ധന്റെ സ്വൎഗ്ഗാരോഹണപ്രദേശമായ കുശിനഗരത്തിൽക്കൂടെ യാത്രചെയ്തിരിക്കണം. അതല്ലാത്തപക്ഷം, പടിഞ്ഞാറോട്ടു തിരിഞ്ഞ്, ഗണ്ഡകനദികടന്ന്, 'തറ' വഴിയായി 'ലുംബിനിയു' ദ്യാനത്തിലേക്കു പോയിരിക്കണം. ഈ ലുംബിനയുദ്യാനമാണു ലോകോദ്ധാരകനായ ഗൌതമബുദ്ധന്റെ

ജന്മഭൂമിയെന്ന പ്രസിദ്ധമാണല്ലൊ. ഈ ഉദ്യാനത്തിൽ അദ്ദേഹം ഒരു സ്തംഭമുണ്ടാക്കിച്ച് അതിൽ താഴെപ്രസ്താവിക്കും പ്രകാരമുള്ള ഒരു ശിലാരേഖ വിശദമായും ഭംഗിയായും നിർമ്മിച്ചു:

"മഹിമയേറിയ തിരുമേനി, അദ്ദേഹത്തിന്റെ വാഴ്ചതുടങ്ങിയ ഇരുപത്തിയൊന്നാംകൊല്ലത്തിൽ, ഇവിടെ സന്നിഹിതനായിട്ട് ഈ പുണ്യക്ഷേത്രത്തേ മാനിച്ചിരിക്കുന്നു. കാരണം, ഇവിടെയാണല്ലൊ ശാക്യമുനിയായ ബുദ്ധൻ ഭൂജാതനായതു! ഇവിടെ മഹിമയേറിയ തിരുമേനി ശിലകൊണ്ടുള്ള ഒരു അശ്വവും ഒരു സ്തംഭവും നിർമ്മിച്ചിരിക്കുന്നു. പൂജ്യപാദനായ ബുദ്ധന്റെ ജന്മഭൂമിയാകുവാൻ ഭാഗ്യമുണ്ടായ ലുംബിനിയെന്ന ഈ ഗ്രാമത്തിലുള്ളവരെ മേലിൽ സർക്കാർ കരം കൊടുക്കുന്നതിൽ നിന്ന് ഇതിനാൽ ഒഴിവാക്കിയിരിക്കുന്നു. രാജാവിന്റെ പ്രേമത്തിന്ന് ഈ ഗ്രാമക്കാർ പ്രത്യേകം പാത്രീഭവിക്കയും ചെയ്തിട്ടുണ്ട്."

അനന്തരം രാജാവ്, കുറേക്കൂടി പടിഞ്ഞാറോട്ടു യാത്രചെയ്തശേഷം ഗൌതമബുദ്ധന്റെ പൂർവ്വാചാര്യനായിരുന്ന കനകമുനി എന്ന ബുദ്ധന്റെ ഭൂമിദാനപ്രദേശം സന്ദർശിക്കുകയുണ്ടായി. ഇവിടെയും അദ്ദേഹം ഒരു സ്തംഭമുണ്ടാക്കിച്ച് അതിൽ തന്റെ അഭ്യാഗമത്തെപ്പററിയും താൻ വാഴ്ചതുടങ്ങിയ പതിനഞ്ചാംകൊല്ലത്തിൽ അവിടത്തെ കനകമുനി സ്തൂപം പുതുക്കിച്ചതിനേക്കുറിച്ചും രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ഈ യാത്രയിൽ അദ്ദേഹം നീപ്പാൾ രാജ്യത്തുള്ള ലളിതപട്ടണം, കാഷ്ഠമണ്ഡപം എന്നീ പ്രദേശങ്ങൾ

സന്ദൎശിച്ചുവെന്നും, അനന്തരം പടിഞ്ഞാറോട്ടുമാറിസഞ്ചരിച്ചു് ശ്രാവസ്തിയിൽചെന്നുവെന്നും ദൃഷ്ടാന്തമാകുന്നുണ്ടു. ശ്രാവസ്തിയിൽ ഗൌതമബുദ്ധൻ വളരെക്കാലം മതപ്രസംഗംചെയ്തും മററും വസിച്ചിട്ടുള്ളതിനാൽ, ആ പുണ്യക്ഷേത്രത്തിൽ അശോകൻ ഭക്തിപുരസ്സരം കുറച്ചുനാൾ ഭജിച്ചു. ഈ പ്രദേശത്തു അദ്ദേഹം പലസ്തംഭങ്ങളുമുണ്ടാക്കിച്ചതായി പറയപ്പെടുന്നുണ്ടെങ്കിലും അവയൊന്നും ആരും ഇതുവരെ കണ്ടെത്തിക്കഴിഞ്ഞിട്ടില്ല.

ഈ ശ്രേഷ്ഠമായ പൎയ്യടനത്തെപ്പററി പല ഐതിഹ്യങ്ങളും പണ്ടുകാലത്തു പറഞ്ഞുവന്നിരുന്നതിന്നുപുറമെ 'അശോക വൎദ്ധനൻ' എന്ന സംസ്കൃതഗ്രന്ഥത്തിൽ ഇതിന്റെ കഥ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥപ്രകാരം, മഹാനായ അശോകവൎദ്ധനൻ, ഉപഗുപ്തൻ എന്ന ഒരു പുണ്യാത്മാവിന്റെ അഭിപ്രായങ്ങളെ സവിശേഷമാദരിച്ചുകൊണ്ടും അദ്ദേഹത്തിന്റെ ആലോചനപ്രകാരവും, ലുംബിനിയിലെ ഉദ്യാനം, കപിലവസ്തു, ബുദ്ധഗയയിലെ ബോധിവൃക്ഷം, കാശിക്കു സമീപമുള്ള ഋഷിപട്ടണം, കുശിനഗരം (നീപ്പാളത്തിൽ എവിടെയൊ ആയിരിക്കേണമെന്നു വിൻസൻട്സ്മിത്ത് അഭിപ്രായപ്പെടുന്നു); ശ്രാവസ്തി, വാക്കലത്തിലെ സ്തൂപം, ആനന്ദത്തിലെ സ്തൂപം, ഇവകളെല്ലാം സന്ദൎശിക്കുകയും അവിടങ്ങളിലെ സജ്ജനങ്ങൾക്കെല്ലാം ദാനംചെയ്കയുമുണ്ടായിട്ടുണ്ടു്. അശോകന്റെ ശിലാശാസനങ്ങളെ വഴിപോലെ മനസ്സിലാക്കീട്ടുള്ളവൎക്കു അദ്ദേഹത്തിന്റെ മൃദുലമായ മനസ്സിനെപ്പററി ആശ്ചൎയ്യം തോ

ന്നാതിരിക്കയില്ല. അദ്ദേഹം മുഖ്യമായി ആഗ്രഹിച്ചിരുന്നതു മനുഷ്യരും മൃഗങ്ങളുമുൾപ്പെടെയുള്ള ജീവപ്രാണികളുടെ ക്ഷേമത്തെയായിരുന്നുവെന്നു ആ രേഖകൾ പ്രത്യക്ഷീഭവിപ്പിക്കുന്നു.

സർവ്വശക്തനായ ഒരു ഈശ്വരനെപ്പററിയുള്ള യാതൊരു സംഗതിയും അദ്ദേഹം ആലോചിക്കുന്നതേയില്ല. എല്ലാമനുഷ്യരും താന്താങ്ങളുടെ പരലോകക്ഷേമത്തിന്നായി നിരന്തരം പരിശ്രമിച്ചുകൊള്ളേണ്ടതാണെന്നും സ്വപ്രയത്നത്താലല്ലാതെ ഗുണകരമായ ഫലാംശമുണ്ടാകുന്നതല്ലെന്നും അദ്ദേഹം തീർത്തുപറയുന്നുണ്ടു. പ്രയത്നിക്കാതിരിക്കുന്നതാണ് മുഖ്യമായ നാശകാരണമെന്നും അദ്ദേഹം ബലമായി സിദ്ധാന്തിക്കുന്നു.

മനുഷ്യൻെറ മരണശേഷമുള്ള അവസ്ഥയെപ്പററി അശോകൻെറ അഭിപ്രായമെന്തായിരുന്നുവെന്നു യാതൊരേടത്തുനിന്നും ക്ലിപ്തമായറിയാവുന്നതല്ല. ഭാവിജീവിതത്തെക്കുറിച്ചു പലേടങ്ങളിലും പ്രസ്താവിക്കുന്നുണ്ടു; സ്വർഗ്ഗം കാമ്യവസ്തുവാണെന്നും കാണുന്നു. 'ഭാവിയിലെ ഭയങ്ങൾ' എന്ന ഒരു ശിലാരേഖയിൽ, സന്ന്യാസിമാർക്കുണ്ടായേക്കാവുന്ന ദുഃഖാവസ്ഥകളെപ്പററിയും അവയുടെ നിവാരണമാർഗ്ഗങ്ങളെപ്പററിയും പറയുന്നുണ്ടു. സ്വഭാവസംബന്ധമായ ദശാപായങ്ങളിൽ മതസംബന്ധമായും ആചാരസംബന്ധമായുമുള്ള അധഃപതനം, മതഗ്രന്ഥങ്ങളുടെ സാഹിത്യപരമായ സൌന്ദര്യത്തെ പുകഴ്ത്തി, അതിലെ യാഥാർത്ഥ്യത്തെ അത്രത്തോളം വിലമതിക്കാതിരിക്കുന്നതു, അലസത, അധി

കമായ സുഖമനുഭവിക്കുവാനുള്ള വാഞ്ഛ, ദ്വേഷസംസർഗ്ഗം ചെയ്യാനുള്ള ആസക്തി, ഇതുകളാണ് മുഖ്യമായിട്ടുള്ളവ. ഈവക ദോഷങ്ങളിലകപ്പെടാതിരിപ്പാൻ ത്യാഗികൾ സർവ്വദാ പ്രയത്നിച്ചുകൊള്ളണമെന്നു അശോകൻ അവരോടുപദേശിക്കുന്നുണ്ടു. പുനർജ്ജന്മത്തിൽ അശോകനു വിശ്വാസമുണ്ടായിരുന്നുവെന്നുള്ളതിന്നു പക്ഷാന്തരമില്ല. സ്വർഗ്ഗമെന്നു അദ്ദേഹം കരുതിയിരുന്നത്, ജീവൻെറ പരിണാമത്തിലുള്ള ഒരു പാവനമായ അവസരത്തെയായിരുന്നുവെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഏതായാലും ജന്മാന്തരവാദത്തിലുള്ള വിശ്വാസം നിമിത്തംതന്നെയായിരിക്കണം ജീവലോകത്തോടുള്ള കാരുണ്യം മനുഷ്യധർമ്മത്തിൽ മുഖ്യസ്ഥാനമർഹിക്കുന്നതാണെന്നു അശോകൻ സിദ്ധാന്തിച്ചിരിക്കുന്നത്.

## 10

### ഭൂദേവന്മാരുടെ യാഥാർത്ഥ്യം

---

അശോകൻെറ മതസംബന്ധമായ അഭിപ്രായങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതു ഇതരമതങ്ങളിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന തിതിക്ഷയായിരുന്നുവെന്നുമുമ്പു പ്രതിപാദിച്ചിട്ടുണ്ടല്ലൊ. അക്കാലത്തു ഇന്ത്യയിൽ ഇന്നത്തെപ്പോലുള്ള അത്യഗ്രവാദികളായ മതക്കാരുണ്ടായിരുന്നില്ലെന്നും അതിനാൽ ഈകാര്യത്തിൽ അശോകനെ അതിരുകവിഞ്ഞ നിലയിൽസ്ഥതിക്കേണ്ടതില്ലെന്നും ചില പാശ്ചാത്യന്മാർ അഭിപ്രായപ്പെട്ടുന്നുണ്ടു. മററു മതങ്ങളെല്ലാംതെററാണെന്നും അവ

രവരുടെ മതം മാത്രം ഈശ്വരകല്പിതമാണെന്നും മുഷ്ക്കുപിടി
ക്കുന്ന ക്രിസ്തുമതക്കാർ, മുഹമ്മദുമതക്കാർ മുതലായവർ ആ
കാലത്തുണ്ടായിരുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. എ
ന്നാൽ അക്കാലത്തു ജൈനമതം, ബുദ്ധമതം, എന്നിവയ്ക്കു
പുറമെ, വീരശൈവന്മാരുടെ മതം, വീരവൈഷ്ണവന്മാരുടെ
മതം, കാപാലികന്മാർ പാഷണ്ഡന്മാർ എന്നിവരുടെ മതം,
ഇവയെല്ലാം പ്രചരിച്ചിരുന്നുവെന്നും, ഇതുനിമിത്തം ഇന്ത്യ
യിൽ പല അഭ്യന്തരകലഹങ്ങളുമുണ്ടായിരുന്നുവെന്നും ഈ
പാശ്ചാത്യന്മാർ ഓർക്കേണ്ടതുണ്ട്. അക്കാലത്തു ജനങ്ങൾക്കു
മതസംബന്ധമായ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമു
ണ്ടായിരുന്നില്ല. വീരശൈവന്മാരും വീരവൈഷ്ണവന്മാരും
അന്യോന്യം ഭത്സിച്ചിരുന്നതുപോലെയൊ, കാപാലികന്മാ
രും പാഷണ്ഡന്മാരും മററു മതക്കാരെ ദ്രോഹിച്ചിരുന്നതു
പോലയൊ ഇക്കാലത്തു മതസംബന്ധമായ മത്സരമില്ലെന്നു
തന്നെ പറയണം. മതകാര്യത്തിൽ സഹിഷ്ണുത എന്നതു
അക്കാലത്തുള്ളോൎക്കറിവുണ്ടായിരുന്നില്ലെന്നുകൂടി പറയുന്ന
തു അധികമായിരിക്കയില്ല; കൂടാതെ, ബ്രാഹ്മണരുടെ ശ
ക്തിയും പ്രാമാണ്യവും വൎദ്ധിച്ചുനിന്നിരുന്ന അക്കാലത്തു
വേദങ്ങൾ, ചാതുൎവ്വൎണ്ണ്യം, യാഗാദികൾ എന്നിവയെ നി
ഷേധിച്ചുകൊണ്ടും എതൃത്തുകൊണ്ടും പ്രചരിച്ചുവന്നിരുന്ന
ബുദ്ധമതം, മുതലായവക്ക് മതദ്വേഷമുണ്ടാക്കത്തക്ക കാൎക്കശ്
ത്വമുണ്ടായിരുന്നില്ലെന്നു വാദിക്കുന്നതു ശരിയല്ല. ബ്രാഹ്മണ
മതത്തെ എതൃത്തിരുന്നവരിൽ പലരേയും അവർ അക്കാല
ത്തെ രാജാക്കന്മാരുടെ സ്വാധീനതയാൽ നിഷ്ഠുരമായി മട്ടി

ച്ചിട്ടുണ്ട്. ഈ സംഗതികളെല്ലാമാലോചിക്കുമ്പോൾ മത സംബന്ധമായ അസഹിഷ്ണുത അക്കാലത്തും ധാരാളമുണ്ടായിരുന്നുവെന്നുതെളിയുന്നതാണ്. അതിനാൽ അശോകൻ, ഇതരമതക്കാരോടു കരുണയും ആദരവുമുള്ളവനായി വത്തിച്ചിട്ടുള്ളതു നിശ്ചയമായും പരമശ്ലാഘയെ അർഹിക്കുന്നതുതന്നെ. ഇത്രയുമല്ല, ഏറെക്കുറെ അശോകൻെറ കാലത്തുതന്നെ ലോകത്തിലെ മററു ഭാഗങ്ങളിൽ മതസംബന്ധമായ അസഹിഷ്ണുത എത്രത്തോളം ബലവത്തായിരുന്നുവെന്നു പാശ്ചാത്യ ചരിത്രകാരന്മാർ ആലോചിക്കാതിരിക്കുന്നതാണ് കഷ്ടമായിത്തോന്നുന്നതു! മതസംബന്ധമായ കൊലകളും മററനേകം കലാപങ്ങളും അക്കാലങ്ങളിൽ ഭൂഭാഗത്തിൻെറ പലേടത്തും നടന്നിട്ടുണ്ടു. അങ്ങിനെയിരിക്കെ, തൻെറ സമകാലീനന്മാരുടെ ആക്ഷേപാവഹവും ഉപദ്രവകരവുമായ പ്രവൃത്തികളെ അനുസരിക്കാതെ പരമദയാലുത്വം കൈക്കൊണ്ടു, എല്ലാജനങ്ങളേയും ഒരുപോലെ സ്നേഹിച്ച് ജീവലോകത്തിൻെറ നന്മക്കായി കാലം നയിച്ച ആ മഹാപുരുഷനല്ലയൊ മതത്തിൽ അസഹിഷ്ണുത അനാശാസ്യമാണെന്നുള്ള തത്വം ലോകത്തിൽ ഒന്നാമതായി മുറവിളികൊള്ളിച്ചതു! സൎവ്വജീവികളോടുമുള്ള കാരുണ്യമായിരുന്നു അദ്ദേഹത്തിൻെറ മുഖ്യമായ മതം. മനുഷ്യനെ മനുഷ്യൻ എന്നുള്ള നിലക്കുതന്നെ നിഷ്കളങ്കമായി സ്നേഹിപ്പാനുള്ള മനഃശക്തി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നുള്ളതാണ് എല്ലാകാൎയ്യത്തിലും അദ്ദേഹത്തെ പ്രധാനമായി പ്രേരിപ്പിച്ചിരുന്നതു.

ജൈനന്മാർ, ഹിന്തുക്കൾമുതലായവൎക്കെല്ലാം അദ്ദേഹം ദാനങ്ങൾ നൽകിക്കൊണ്ടിരുന്നു. അവരുടെ മതങ്ങളെക്കുറിച്ചു ദ്വേഷ്യം പറയുന്നതു തീരെ തെററാണെന്നും അദ്ദേഹം സിദ്ധാന്തിച്ചിട്ടുണ്ടു. ഇങ്ങിനെ സകലമതക്കാരോടുമൊരുപോലെ അനുകമ്പയുള്ളവനായിട്ടാണ് അദ്ദേഹം വൎത്തിച്ചിട്ടുള്ളതെങ്കിലും, തങ്ങൾ ഭൂദേവന്മാരാണെന്നു ബ്രാഹ്മണർ സിദ്ധാന്തിച്ചിരുന്നതിനെ അദ്ദേഹം ബലമായി എതിൎത്തിട്ടുണ്ട്. ഇതുനിമിത്തം ബ്രാഹ്മണരുടെ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തെപ്പററി യാതൊന്നും പ്രസ്താവിച്ചിട്ടില്ല. അതുവരെ ഭൂലോകത്തിലെ ദേവന്മാരായി വിലസിക്കൊണ്ടിരുന്ന ബ്രാഹ്മണൎക്കു അശോകന്റെ മതമൊ അഭിപ്രായങ്ങളൊ രുചികരമായിത്തീരുകയില്ലല്ലൊ. ഭൂദേവന്മാരാണെന്നു നടിച്ചിരുന്ന ബ്രാഹ്മണരെ സംബന്ധിച്ചു അശോകൻ പ്രചരിപ്പിച്ചിട്ടുള്ള ഒരു സിദ്ധാന്തം നോക്കുക.—

"ഞാൻ രണ്ടുകൊല്ലത്തിലധികംകാലം ധൎമ്മമാൎഗ്ഗവൎത്തിയാവാനുള്ള പരിശ്രമത്തിലേൎപ്പെട്ടുകൊണ്ടിരുന്നു; എന്നാൽ അതിന്നായി കുലശലായി പ്രയത്നമൊന്നും ചെയ്യുണ്ടായിട്ടില്ല. ഞാൻ ബൌദ്ധസംഘത്തിൽ ചേൎന്നിട്ടു ഇപ്പോഴുക്കു ആറുകൊല്ലമായിരിക്കുന്നു. ഈ കാലംവരെ ഞാൻ കഴിയുന്നതു പ്രയത്നിച്ചിട്ടുമുണ്ടു."

"അക്കാലത്തു ഭൂദേവന്മാരായി ഗണിക്കപ്പെട്ടിരുന്നവർ യഥാൎത്ഥത്തിൽ ഭൂദേവന്മാരല്ലെന്നു ഇപ്പോൾ ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു."

"സൽപ്രയത്നത്താൽ സൽഫലങ്ങൾ യാതൊരാൾ

ക്കും ലഭിക്കാതിരിക്കയില്ല; ഉയൎന്ന നിലയിലുള്ളവൎക്കുമാത്രമല്ല സ്വൎഗ്ഗസുഖമനുഭവയോഗ്യമായിത്തീരുന്നതു. എത്രയുമെളിയ നിലയിലുള്ളവനുപോലും ആത്മാൎത്ഥമായി പ്രയത്നിച്ചാൽ ഉച്ചസ്ഥാനത്തെത്താം."

"ഇതുനിമിത്തമാണ് 'എളിയവരും വലിയവരുമൊരുപോലെ ഉദ്യമിച്ചുകൊള്ളട്ടെ' എന്നുള്ളവ്യവസ്ഥ ചെയ്തിരിക്കുന്നതു."

"എന്റെ അയൽ രാജ്യക്കാരും ഈ പാഠം പഠിക്കേണ്ടതാണ്. ഈ തരത്തിലുള്ള ഉദ്യമം ശ്രേയസ്കരമായ്ത്തീരട്ടെ!"

"എന്തെന്നാൽ, എന്റെ ഈ അഭിപ്രായം നാൾക്കുനാൾ വൎദ്ധിക്കും; അതുവളരെവളരെ വൎദ്ധിക്കാതിരിക്കയില്ല—ഇന്നത്തേക്കാൾ പകുതികൂടി ഏതുവിധവും അതു വൎദ്ധിക്കാതിരിക്കയില്ല."

"ഈ അഭിപ്രായം ഇവിടെയും അനേകം ദൂരദേശങ്ങളിലുമുള്ള ശിലകളിൽ എഴുതപ്പെട്ടിട്ടുണ്ട്. എവിടെയെല്ലാം ശിലാസ്തംഭങ്ങളുണ്ടോ അവയിലെല്ലാം അതു എഴുതുകയും വേണം."

"എത്രത്തോളം മനുഷ്യൻ സൂക്ഷ്മതത്വത്തെപ്പററി ചിന്തചെയ്യുന്നുവൊ അത്രത്തോളം ഇന്ദ്രിയങ്ങളെ കീഴടക്കുന്നതിനാലുണ്ടാകുന്ന സന്തോഷം ആയാൾക്കു ലഭിക്കും."

"ഇതു പൂൎവ്വാചാൎയ്യന്മാരാൽ വിധിക്കപ്പെട്ടിട്ടുള്ളതാണ്. പൂജ്യപാദരായ ഗുരുവിന്റെ കാലം കഴിഞ്ഞിട്ട് 256 കൊല്ലമായിരിക്കുന്നു."

## 11

### കുടുംബവൃത്താന്തം

ഈ മഹാനായ ചക്രവൎത്തിയുടെ പൂൎത്തിയായ പേര് ബൌദ്ധപുരാണങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ അശോകവൎദ്ധനൻ എന്നുതന്നെയായിരിക്കണം. ഗുജറാത്തിൽ രുദ്രദാമനാൽ നിൎമ്മിക്കപ്പെട്ടിട്ടുള്ള ഒരു ശിലാരേഖയിൽ അദ്ദേഹം നമ്മുടെ ചക്രവൎത്തിയെപ്പററി 'അശോകമൌൎയ്യൻ' എന്നു മാത്രമെ പ്രസ്താവിക്കുന്നുള്ളു. 'അശോകമൌൎയ്യൻെറ' മുൻഗാമിയായി ചന്ദ്രഗുപ്തമൌൎയ്യൻ എന്നൊരാളുണ്ടായിരുന്നുവെന്നും രുദ്രദാമൻ രേഖപ്പെടുത്തീട്ടുണ്ട്. ഈ ശിലാരേഖ ക്രിസ്ത്വാബ്ദം 150-ാം വൎഷത്തിൽ നിൎമ്മിക്കപ്പെട്ടതാണ്.

എന്നാൽ ശിലാരേഖകളിലെല്ലാം പ്രിയദൎശി (പാലി ഭാഷയിൽ പിയദസ്സി) എന്ന നാമമാണ് അശോകൻ കൈക്കൊണ്ടിട്ടുള്ളതു. തൻെറ സ്വന്തംപേർ ഒരിടത്തുമ്പ്രയോഗിച്ചിട്ടില്ല. സിലോണിലെ ഏററവും പ്രാചീനഗ്രന്ഥമായ 'ദീപവംശത്തിൽ' 'അശോകൻ,' 'പിയദസ്സി' എന്നീ പേരുകൾ ഇടകലൎന്നുപയോഗിച്ചിരിക്കുന്നു. ലുംബിനിയുദ്യാനത്തിലെ ശിലാസ്തംഭം അശോകനാൽ സ്ഥാപിക്കപ്പെട്ടതാണെന്നു ഹ്യൂൺസാങ്ങ് എന്ന ചീനാപരിവ്രാജകൻ പറയുന്നതിനാലും, അതിലും 'പ്രിയദൎശിരാജാവിനാൽ സ്ഥാപിക്കപ്പെട്ടതു' എന്നുരേഖപ്പെടുത്തിക്കാണുന്നതിനാലും മററനേകം സംഗതികളാലും, അശോകൻ, അശോക

വദ്ധനൻ, രാജാപ്രിയദശി, എന്നിവയെല്ലാം പ്രതിശബ്ദങ്ങളായിരുന്നുവെന്നു ദൃഷ്ടാന്തമുണ്ട്.

ചന്ദ്രഗുപ്തൻ ജനിച്ചതായ മൌൎയ്യവംശത്തിന്നുണ്ടായിരുന്ന സാമുദായികമായ നിലയെന്തായിരുന്നുവെന്നും ആ വംശത്തിന്ന് അക്കാലത്തെ ഏതുവൎഗ്ഗക്കാരായിട്ടാണ് സംബന്ധമുണ്ടായിരുന്നതെന്നും തീൎച്ചപ്പെടുത്തി പറവാൻ മതിയായ യാതൊരു ലക്ഷ്യങ്ങളുമില്ല. മൌൎയ്യവംശം വളരെ താണനിലയിൽ കിടന്നിരുന്നതാണെന്നു ജസ്റ്റിൻ എന്ന പാശ്ചാത്യ പണ്ഡിതൻ അഭിപ്രായപ്പെടുന്നതു സമകാലീനന്മാരുടെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കിട്ടായിരിപ്പാൻ വഴിയുണ്ട്. അതിനാൽ അതു ശരിയായിരിപ്പാനുംമതി. ചില ബൌദ്ധലേഖകന്മാർ മൌൎയ്യന്മാർ രാജവംശജന്മാരായിരുന്നുവെന്നു തെററായി അഭിപ്രായപ്പെടുന്നുണ്ട്. ചിലരുടെ അഭിപ്രായപ്രകാരം ചന്ദ്രഗുപ്തനും അശോകനും ശിശുനാഗവംശം, നന്ദവംശം എന്നിവയിൽപ്പെട്ടവരായിരുന്നു. ആദ്യത്തെ മൌൎയ്യരാജാവ് ഒടുവിലത്തെ നന്ദൻെറ വിജാതീയഭാൎയ്യയിലെ പുത്രനായിരുന്നുവെന്നും നന്ദനെ. മൌൎയ്യൻ സ്ഥാനഭ്രഷ്ടനാക്കിയതാണെന്നും വരുവാൻ വിരോധമില്ല. എന്നാൽ, നന്ദന്മാരും മൌൎയ്യന്മാരും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരുന്നില്ലെന്നുള്ളതായിരിക്കാം ഒരു പക്ഷെ അധികം വിശ്വാസയോഗ്യമായ്ത്തീരുക.

അശോകവദ്ധനൻെറ ശരിയായും അടിസ്ഥാനപൂൎവ്വമായുമുള്ള ചരിത്രം അദ്ദേഹത്തിൻെറ വാഴ്ചതുടങ്ങിയ ഇരുപത്തെട്ടാം കൊല്ലത്തിൽ ഏറെക്കുറെ അവസാനിക്കുന്നുണ്ട്.

അതുവരെയുള്ള പ്രയത്നത്തിന്റെ ഫലമായി ധമ്മമാഗ്ഗത്തെ പ്രചരിപ്പിക്കുവാൻ താൻചെയ്യുതിരുന്നതായ പ്രവൃത്തിയെ രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹം സപ്തശിലാസ്തംഭം സ്ഥാപിച്ചതു ആ കൊല്ലത്തിലാണ്. ധമ്മസ്ഥാപനത്തിന്നായ്ക്കൊണ്ടാണ് അദ്ദേഹത്തിന്റെ ഭരണകാലത്തിലധികഭാഗവും നയിക്കപ്പെട്ടിട്ടുള്ളതെന്നു പ്രസിദ്ധമാണല്ലൊ. ഇതിന്നു ശേഷം ചില ശിലാരേഖകളെല്ലാം നിമ്മിക്കപ്പെടുകയുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും ചരിത്രപ്രധാനങ്ങളല്ലാ.

അശോകന്നു സഹോദരന്മാരും സഹോദരിമാരുമുണ്ടായിരുന്നുവെന്നു ശിലാരേഖകൾ തെളിയിക്കുന്നുണ്ട്. എന്നാൽ ബിന്ദുസാരന്റെ പ്രഥമപുത്രൻ അദ്ദേഹംതന്നെയായിരുന്നുവൊ എന്നറിയുന്നില്ല. തന്റെ വംശപാരമ്പര്യത്തെക്കുറിച്ച് അദ്ദേഹം യാതൊരേടത്തും പ്രതിപാദിക്കുന്നില്ല: അദ്ദേഹം തന്റെ പുത്രന്മാരെ രണ്ടുതരക്കാരായി പിരിച്ചുകാണുന്നുണ്ട്. ഇവരിൽ ഒരുക്കൂട്ടർ രാജ്ഞിമാരുടെ മക്കളും (അതായതു, രാജ്യാവകാശികളായ പുത്രന്മാർ), മറ്റേവർ, പദവികുറഞ്ഞ പത്നിമാരിലുണ്ടായവരുമായിരിക്കേണമെന്നു നമുക്ക് തീച്ച്പ്പെടുത്താം. അദ്ദേഹത്തിന്റെ രണ്ടാമത്തെ രാജ്ഞിയുടെപേർ കാരുവാകി എന്നായിരുന്നു. ഇവളിലുള്ളന്നനായവനാണ് തതീവാരൻ എന്നവൻ. രാജാവിന്റെ പുത്രന്മാരെ തക്ഷശില, ഉജ്ജയിൻ, കോസാലി, സുവണ്ണഗിരി മുതലായ രാജ്യഭാഗങ്ങളിൽ വൈസറായിമാരായിട്ടൊ ഗവർണർമാരായിട്ടൊ നിയമിക്കപ്പെട്ടിട്ടുണ്ടായിരിക്കാമെന്ന

ല്ലാതെ, അശോകൻെറ കുടുംബസംബന്ധമായ മററു യാതൊരു വിവരവും ഒരേടത്തുനിന്നും നമുക്കു ലഭിക്കുന്നില്ല.

ക്രിസ്ത്വാബ്ദം 400-ാം വഷത്തിൽ ഇന്ത്യയിൽ സഞ്ചരിച്ചിരുന്ന ഫാഹിയാൻ എന്ന ചീനക്കാരൻ, അശോകൻെറ പുത്രനായ ധമ്മവിവദ്ധനൻ എന്നവനായിരുന്നു ഗാന്ധാരദേശത്തിൽ വാണിരുന്നതെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഈ ധമ്മവിവദ്ധനൻതന്നെയായിരിക്കണം തക്ഷശിലയിലെ വൈസറായിയായിരുന്നതു. പഴങ്കഥപ്രകാരം ഇയാൾക്കു കുണാലൻ എന്നുപേർകൂടിയുണ്ടായിരുന്നതായിക്കാണുന്നുണ്ട്. ഈ രാജകുമാരനെ അന്ധനാക്കിത്തീത്തതായ പരിതാപകരമായ കഥ മറെറാരേടത്തു പ്രസ്താവിച്ചിട്ടുണ്ട്. കാശ്മീരത്തിൻെറ ചരിത്രമെഴുതീട്ടുള്ള ഒരു പണ്ഡിതൻ അശോകൻെറ പുത്രനായ ജാലികൻ എന്നവൻ ആ രാജ്യത്ത് ഭരണാധികാരിയായിരുന്നിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. ഈ ജാലികൻ ബ്രാഹ്മണരുടെ ദേവന്മാരെയാണ് ജാഗ്രതയോടെ ആരാധിച്ചു പോന്നിരുന്നതെന്നും അതേ ചരിത്രകാരൻ രേഖപ്പെടുത്തീട്ടുണ്ട്.

സുയശസ്സ് എന്നവനായിരുന്നു അശോകൻെറ പുത്രനും പിൻവാഴ്ചക്കാരനുമെന്നും ദശരഥൻ ഈ സുയശസ്സിൻെറ പുത്രനായിരുന്നുവെന്നും വിഷ്ണുപുരാണത്തിൽ പറയുന്നുണ്ട്. ഗയക്കു സമീപമുള്ള നാഗാജ്ജുനിഗുഹകളിൽ ചില രേഖകളുണ്ട്. ആ രേഖകൾ പ്രകാരം ദശരഥൻ എന്ന രാജാവാണ് അവിടെയുണ്ടായിരുന്ന ആജീവകന്മാക്കുവേണ്ടി ആ ഗുഹകൾ നിമ്മിച്ചതു എന്നു പ്രസ്താവിച്ചു

കാണുന്നതിനാൽ ദശരഥൻ യഥാൎത്ഥത്തിലുണ്ടായിരുന്ന ഒ
രു രാജാവായിരുന്നുവെന്നു ദൃഷ്ടാന്തമാകുന്നുണ്ട്. ഈ ശിലാ
രേഖകളിലെ എഴുത്തുകൾ അശോകൻെറ ശിലാരേഖകളി
ലെ എഴുത്തുകൾക്കു സമമായിട്ടുന്നെ കാണപ്പെടുന്നുണ്ട്. ഇ
ത്രയുമല്ല, ബൌദ്ധന്മാരുടെ ഇതിഹാസപ്രകാരം കുണാല
ൻെറ പുത്രൻ നേരിട്ട് അശോകനെ പിന്തുടൎന്നുവാഴ്ചയാരം
ഭിച്ചതായി കാണുന്നതിനാൽ ആജീവകന്മാൎക്കു അശോക
ൻ നൽകിയിരുന്ന ഉപകാരങ്ങൾ അദ്ദേഹവും തുടൎച്ചയായി
കൊടുത്തുവന്നിട്ടുണ്ടായിരിക്കേണമെന്നൂഹിക്കപ്പെടുന്നു.

സിലോണിലെ പുരാവൃത്തപ്രകാരം ആ ദ്വീപിലുള്ള
വരെ ബൌദ്ധമതസിദ്ധാന്തം സ്വീകരിപ്പിച്ചതു മഹേന്ദ്രൻ
എന്നൊരാളും ആയാളുടെ സഹോദരിയായ സംഗമിത്രാ
യെന്നവളുമാണ്. ഇവർ രണ്ടുപേരും അശോകന് വേ
ദസാഗരിയെന്നവളിലുണ്ടായ സന്താനങ്ങളാണ്. എന്നാ
ൽ ഈ മഹേന്ദ്രനെപ്പററിയും മററും സിലോണിലെ ഇതി
ഹാസങ്ങളിൽ പറയുന്നതു മിക്കവാറും ചരിത്രസമ്മതമ
ല്ലെന്ന് പ്രൊഫസർ ഓാംഡൻ ബെഗ്ഗ് അഭിപ്രായപ്പെടുന്നു
ണ്ട്. എന്നാൽ ആദികാലം മുതൽക്ക് ബുദ്ധമതത്തിന്ന്
സിലോണിലുണ്ടായിരുന്ന പ്രചാരത്തെക്കുറിച്ചാലോചിക്കു
മ്പോഴും ബൌദ്ധന്മാരിൽ പലരും പ്രകൃത്യാ ഐതിഹ്യങ്ങ
ളും മററും രേഖപ്പെടുത്തിവെക്കുന്നതിൽ വാഞ്ഛയുള്ളവരാ
യിരുന്നുവെന്നു കാണുന്നതുകൊണ്ടും സിലോൺകാരുടെ
ഐതിഹ്യം മുഴുവൻ തെററാണെന്നുവെച്ചു തള്ളിക്കളയുന്ന
തു ഒരിക്കലും ശരിയല്ല. എന്നാൽ അശോകൻ തൻെറ പുത്ര

നേയും പുത്രിയേയുംകുറിച്ചു യാതൊന്നും പറഞ്ഞിട്ടില്ലാത്ത സ്ഥിക്ക അവർ രണ്ടുപേരുടേയും പരിശ്രമം ഇന്നവിധമായിരുന്നുവെന്നോമററൊ നമുക്കു തീർച്ചപ്പെടുത്തിപ്പറവാൻ സാധിക്കുന്നതല്ല. സിലോണിനെപ്പററി രണ്ടേടത്തു പ്രസ്താവിച്ചിട്ടുണ്ട്. ആ രണ്ടുടിക്കിലും മഹേന്ദ്രനെക്കുറിച്ചോ ആയാളുടെ സഹോദരിയെക്കുറിച്ചോ യാതൊന്നും കാണുന്നില്ലെങ്കിലും അശോകൻെറ ദീൎഘമായ വാഴ്ചയുടെ അവസാനകാലത്തായിരിക്കണം അദ്ദേഹം അവരെ ബുദ്ധമത പ്രചാരത്തിന്നായി സിലോണിലേക്കയച്ചതെന്നു ഊഹിപ്പാൻ വിരോധമില്ല. ഏതായാലും ഇവരെപ്പററി പ്രൊഫസർ ഓൾഡൻബർഗ്ഗ് പറയുന്നതു താഴെ ഉദ്ധരിക്കാം:—

"ഇവരെസംബന്ധിച്ചുള്ള കഥ ഉണ്ടാക്കിത്തീൎത്തിട്ടുള്ളതു സിലോണിലെ ബൌദ്ധസ്ഥാപനങ്ങൾക്കു ചരിത്ര പരമായി പ്രാചീനത്വം കല്പിപ്പാനും, ചരിത്രത്തിൽ എല്ലാംകൊണ്ടും ഉച്ചസ്ഥാനമൎഹിക്കുന്ന അശോകചക്രവൎത്തിയോടു അവയെ സംബന്ധിപ്പിക്കുവാനുംമാത്രമാണ്. ചരിത്രാടിസ്ഥാനത്തോടുകൂടിയ ഐതിഹ്യങ്ങളിലെ സൎവ്വസാധാരണമായ ചില സംഭവങ്ങളേയും കാവ്യകാരന്മാർ വൎണ്ണനാവിശേഷത്താൽ സാമാന്യത്തിലധികം ഭാസുരമാക്കിത്തീൎക്കുകപതിവാണ്; യഥാൎത്ഥമായി അവിടത്തെ മതപ്രചാരം കാലാന്തരത്തിൽ ക്രമമായുണ്ടായതായിരിക്കണം."

## 12

### മതപ്രചാരം

---

സിലോണിൽ ഇന്നുകാണുന്നതായ ബുദ്ധമതഗ്രന്ഥങ്ങ

ളെല്ലാമുണ്ടായതും അവിടെ ബുദ്ധമതത്തിന്നു അനിതരസാധാരണമായ പ്രചാരമുണ്ടായതും കാലക്രമേണയാണെന്നും അതല്ലാതെ അതൊന്നും പെട്ടെന്നു സംഭവിച്ചതല്ലെന്നും വിൻസെൻട് സ്മിത്ത് എന്ന പാശ്ചാത്യ ചരിത്രകാരനും അഭിപ്രായപ്പെടുന്നുണ്ട്. ഇന്ത്യയായുണ്ടായ സമ്പൎക്കത്താൽ സിലോണിൽ ബുദ്ധമതത്തിന് നാൾക്കുനാൾ അഭിവൃദ്ധിയുണ്ടായിക്കൊണ്ടുവന്നിരിക്കേണമെന്നുള്ളതിന്നു പക്ഷാന്തരമില്ല. എന്നാൽ ആദ്യകാലത്തു അശോകന്റെ സന്താനങ്ങൾ മതപ്രചാരത്തിന്നുള്ള അടിപ്പടവുകളെല്ലാമുറപ്പിച്ച്, രാജാവിനെ ബുദ്ധമതവൎത്തിയാക്കിത്തീൎത്ത് അവരുടെ മാതൃകാപരമായ ജീവിതക്രമത്താൽ ആ ദ്വീപിലുണ്ടായിരുന്നവൎക്ക് ഒരു മഹത്തരമായ ആദൎശമുണ്ടാക്കിക്കൊടുത്തുവെന്നൂഹിപ്പാൻ യാതൊരു വിരോധവുമുള്ളതായി തോന്നുന്നില്ല. ചോളരാജ്യത്തും പാണ്ഡ്യരാജ്യത്തും അശോകനാൽ നിൎമ്മിക്കപ്പെട്ട ഓരോ സ്തൂപങ്ങളുണ്ടായിരുന്നതായി ഹ്യൂൻസാങ്ങ് പ്രസ്താവിക്കുന്നുണ്ട്. ചോളരാജാവും പാണ്ഡ്യരാജാവും സ്വാതന്ത്ര്യരാജാക്കന്മാരായിരുന്നുവെന്നു ശിലാരേഖകൾ തെളിയിക്കുന്നുമുണ്ട്. ആ സ്ഥിതിക്കു മുൻപ്രസ്താവിച്ച സ്തൂപങ്ങൾ വാസ്തവമായി അശോകനാൽ നിൎമ്മിക്കപ്പെട്ടതായിരുന്നുവെങ്കിൽ, അതാതു രാജാക്കന്മാരുടെ ആനുകൂല്യത്തോടുകൂടിയാണ് അദ്ദേഹം അവയെ നിൎമ്മിച്ചതെന്നും അതിനാൽ അദ്ദേഹത്തിന്റെ ധൎമ്മപ്രചാരകന്മാർ സിലോൺദ്വീപായി സമ്പൎക്കമുണ്ടായിരുന്ന ദക്ഷിണേന്ത്യയുടെ തെക്കേത്തലവരെ സഞ്ചരിച്ചു പ്രയത്നിച്ചിട്ടുണ്ടെന്നും വിശദമാകുന്നുണ്ട്.

കാവേരിക്കു തെക്കുവശത്തായി സ്ഥിതിചെയ്തിരുന്ന മലക്കൂടം എന്ന രാജ്യത്തുണ്ടായിരുന്ന പ്രാചീനങ്ങളായ കെട്ടിടങ്ങളെപ്പററിയും മററും ഹ്യൂൻസാങ്ങ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.:—

"ചിലർ ശരിയായ മതമാചരിക്കുന്നവരാണ്. ചിലർ വൈധർമ്മ്യമുള്ളവരാണ്. അവക്കു ജ്ഞാനസമ്പാദനത്തിൽ വലുതായ ആഗ്രഹമൊന്നുമില്ല; കച്ചവടം നടത്തി പണം സമ്പാദിക്കേണമെന്നുള്ള മോഹമാണുള്ളതു. അവിടെ പുരാതനങ്ങളായ അനേകം വിഹാരങ്ങളുടെ ഭഗ്നാവശേഷങ്ങളുണ്ട്. എന്നാൽ ആ വിഹാരങ്ങളുടെ മതിലുകൾ മാത്രം നശിക്കാതെ കാത്തുരക്ഷിക്കപ്പെട്ടുന്നുണ്ട്. അവിടെ മതാനുഷ്ഠാന നിരതന്മാർ വളരെ ദുർല്ലഭമായിട്ടേ ഉള്ളൂ; ദേവാലയങ്ങൾ വളരെയുണ്ട്; നിർഗ്രന്ഥന്മാരായ നിരീശ്വരവാദികളും വളരെപേരുണ്ട്. ഈ നഗരത്തിന്റെ കിഴക്കുഭാഗത്തു അധികം ദൂരത്തല്ലാതായി, ഒരു പുരാതന 'സംഘാരാമ'മുണ്ട്. ഇപ്പോൾ അതിന്റെ ദേവാളികളും മുൻഭാഗത്തെ മിററവും പുല്ലുകൊണ്ടു മൂടപ്പെട്ടിട്ടാണിരിക്കുന്നതു. ഭിത്തികൾ മാത്രമെ ഉറച്ചുനില്ക്കുന്നുള്ളൂ. ഇതു അശോകരാജാവിന്റെ ഇളയ സഹോദരനായ മഹേന്ദ്രനാൽ നിർമ്മിക്കപ്പെട്ടതാണ്. ഇതിന്റെ കിഴക്കുഭാഗത്തായി ഒരു സ്തൂപമുണ്ട്. അതിന്റെ മിക്കഭാഗവും മണ്ണിന്നടിയിൽ പെട്ടുപോയിരിക്കുന്നു; ശിഖരമണ്ഡപത്തിന്റെ ഉപരിഭാഗം മാത്രമേ ഇപ്പോൾ കാണാവൂ. ഈ സ്തൂപം അശോകരാജനാൽ നിർമ്മിക്കപ്പെട്ടതാണ്,"

മേല്പദ്ധരിച്ചതിൽനിന്നു അശോകവർദ്ധനൻെറകാലത്തും അതിന്നുശേഷം വളരെകാലത്തോളവും, വാണിജ്യ സംബന്ധമായ പ്രാമാണ്യമുണ്ടായിരുന്ന തഞ്ചാവൂരിലും പരിസരങ്ങളിലും ബുദ്ധമതപ്രചാരവും ധാരാളമുണ്ടായിരുന്നുവെന്നു വിശദമാകുന്നുണ്ടല്ലൊ. ഇതിൽ മഹേന്ദ്രനെ അശോകൻെറ ഭ്രാതാവായിട്ടാണ് പറയുന്നതു; അതല്ലാതെ സിലോണിലെ ബൌദ്ധസന്യാസിമാർ പറയുംപോലെ പുത്രനായിട്ടല്ല. ഏകാകിത്വവും ശാന്തിയും ലഭിപ്പാനാഗ്രഹിച്ചിരുന്നവനായ ഈ മഹേന്ദ്രനെക്കുറിച്ചു, ഫാഹിയാൻ ചുരുക്കമായും പ്രാകൃതികമായ അലങ്കാരങ്ങളൊന്നും കൂടാതെയും ചില ഉപാഖ്യാനങ്ങൾ കൊടുക്കുന്നുണ്ട്. എന്നാൽ ഹ്യൂൺസാങ് ഫാഹിയാനേക്കാളധികം വിസ്തരിച്ചിട്ടാണ് ഈ കഥ പറയുന്നതു. മഹേന്ദ്രൻതന്നെയാണ് സിലോൺദ്വീപിൽ ബൌദ്ധസംഘം ബലവത്താക്കിത്തീർത്തതെന്നുകൂടി ഹ്യൂൺസാങ് സമ്മതിക്കുന്നു. അദ്ദേഹം പ്രസ്താവിക്കുന്നതു നോക്കുക :—

"സിംഹളം പണ്ടുകാലത്തു മതകാര്യത്തിൽ ഏറ്റവും താണനിലയിലാണ് കിടന്നിരുന്നതു. എന്നാൽ ബുദ്ധഭഗവാൻെറ നിർവ്വാഹണത്തിന്നുശേഷം ഒരുനൂറു കൊല്ലത്തിലധികം കഴിഞ്ഞിട്ടു അശോകരാജാവിൻെറ ഇളയസഹോദരനായ മഹേന്ദ്രൻ എന്ന യതീന്ദ്രൻ, സർവ്വസംഗപരിത്യാഗിയായിത്തീർന്ന്, പുണ്യലോകപ്രാപ്തിക്കായി നിരന്തരം പ്രയത്നിച്ചു. അതിനാൽ അഷ്ടൈശ്വര്യസിദ്ധികളും മോക്ഷാവാപ്തിമാർഗ്ഗങ്ങളും അദ്ദേഹത്തിന്നു കരസ്ഥമായിത്തീർന്നു;

അങ്ങിനെ ക്ഷണാൽപ്രയാണശക്തിയുള്ളവനായ്തീൎന്ന അദ്ദേഹം ഈ രാജ്യത്തു ആഗതനായി, അനന്തരം യഥാൎത്ഥമായ ധൎമ്മത്തെ ശക്തിമത്തായി പ്രചരിപ്പിക്കുകയും, മതസംബന്ധമായ ജ്ഞാനം ജനങ്ങളുടെ ഇടയിൽ പരത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ ആഗമനത്തിന്നുശേഷം ജനങ്ങൾക്കു ശരിയായ വിശ്വാസമെന്നതുണ്ടായ്തീൎന്നിട്ടുണ്ട്. അവർ ഇരുപതിനായിരം പുരോഹിതന്മാൎക്കുള്ള ഒരുനൂറു വിഹാരങ്ങൾ നിൎമ്മിക്കയും ചെയ്തിട്ടുണ്ട്. അവർ ബുദ്ധമതത്തിൽ മഹായനവംശത്തിലെ സ്ഥവീരവൎഗ്ഗക്കാരുടെ ധൎമ്മമാണ് ആചരിക്കുന്നതു."

ഏതായാലും അശോകചക്രവൎത്തിയുടെ അടുത്ത ഒരു ബന്ധുവായ മഹേന്ദ്രനെന്നവനാണ് സിലോണിൽ ബുദ്ധമതം പ്രചുരപ്രചാരമാക്കിത്തീൎത്തതെന്ന് രണ്ടു ഐതിഹ്യങ്ങൾ പ്രകാരവും തെളിയുന്നുണ്ടല്ലൊ. ഇത്രയുമല്ല, ഈ മഹേന്ദ്രനെ സംബന്ധിക്കുന്നതായ അനേകം സ്മാരകങ്ങൾ ഇന്നും സിലോണിലുള്ളതായി കാണുന്നതിനാൽ അങ്ങിനെയുള്ള ഒരു മഹാപുരുഷൻെറ മതപരമായ പരിശ്രമങ്ങളെപ്പററി യാതൊരു സംശയവും നമുക്കുണ്ടാകേണ്ടതില്ല.

## 13

### മതപ്രചാരം (തുടൎച്ച)

---

അശോകൻെറ വാഴ്ചതുടങ്ങിയ പതിമൂന്നാം കൊല്ലത്തിന്നുമുമ്പായി അനേകം മതപ്രാസംഗികന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിൽ സഞ്ചരിച്ചു മതപ്രചാരം വരുത്തീ

ട്ടുണ്ടെന്നു ശിലാരേഖകൾ തീൎച്ചയായും തെളിയിക്കുന്നുണ്ട്. അശോകൻ ബൌദ്ധസംഘത്തിൽ ചേൎന്നതു വാഴ്ചതുടങ്ങിയ ഒമ്പതാംകൊല്ലത്തിലാണെന്നും അതിന്നുശേഷം രണ്ടു കൊല്ലത്തോളം മതസംബന്ധമായ വലുതായ പരിശ്രമങ്ങളിലൊന്നും അദ്ദേഹമേൎപ്പെട്ടുകയുണ്ടായിട്ടില്ലെന്നും കാണുന്നതിനാൽ, വാഴ്ചതുടങ്ങിയ പതിനൊന്നാം കൊല്ലത്തിലായിരിക്കണം അനേകം ധൎമ്മപ്രചാരകന്മാരെ നിയമിപ്പാൻ സംഗതിയായതു. ആ സ്ഥിതിക്കു പന്ത്രണ്ടാംകൊല്ലത്തിൽ സിലോണിലും ധൎമ്മപ്രചാരകന്മാർ ചെന്നിരിക്കണം. ഈ സംഭവമുണ്ടായതു പതിനെട്ടാം കൊല്ലത്തിലാണെന്നു സിലോണിലെ പുരാവൃത്തത്തിൽ പറയുന്നതു ഏതായാലും ശരിയല്ല.

അശോകൻെറ വാഴ്ചകാലത്തു നടന്നിട്ടുള്ള മുഖ്യമായ സംഭവങ്ങളിലൊന്നാണ് ബുദ്ധമതക്കാരുടെ തൃതീയമഹാസമ്മേളനം. ഇതു പാടലീപുത്രത്തിൽവെച്ചു അശോകൻെറ ആഭിമുഖ്യത്തിൽത്തന്നെയാണ് നടന്നിട്ടുള്ളതു. ഇതു ബുദ്ധൻെറ നിൎവ്വാണംകഴിഞ്ഞിട്ടു 336 കൊല്ലങ്ങൾക്കുശേഷമാണ്; അശോകൻെറ വാഴ്ചതുടങ്ങിയ പതിനെട്ടാംകൊല്ലത്തിലുമാണ്. ഈ സംഭവം നടന്നിട്ടുള്ളതിനെപ്പററി ചരിത്രകാരന്മാരുടെയിടയിൽ വലിയ അഭിപ്രായവ്യത്യാസമൊന്നുമില്ല.

ബുദ്ധമതക്കാരുടെ പ്രഥമമഹാസമ്മേളനം, മഗധരാജ്യത്തിൻെറ അന്നത്തെ തലസ്ഥാനമായിരുന്ന രാജഗൃഹത്തിൽവെച്ചാണ് നടന്നിട്ടുള്ളതെന്നു സിലോണിലെ ബൌദ്ധസന്യാസിമാർ അഭിപ്രായപ്പെടുന്നുണ്ട്. ബുദ്ധമഹാമുനി

നിർവ്വാണമടഞ്ഞ ഉടനെ, അദ്ദേഹത്തിൻെറ ശിഷ്യസമൂഹത്തിൻെറ നേതാക്കന്മാരാണത്രെ ഈ മഹാസഭ ഏർപ്പെടുത്തിയതു. ദ്വിതീയസമ്മേളനം നിർവ്വാണത്തിന്നുപിന്നീടു ഏറെക്കുറെ ഒരുനൂറുകൊല്ലം കഴിഞ്ഞിട്ട് വൈശാലി എന്ന ദിക്കിൽവെച്ചും നടത്തപ്പെട്ടു. ഈ സഭയിൽവെച്ച്, സ്വധർമ്മഭ്രഷ്ടന്മാരെ കലശലായി അധിക്ഷേപിക്കുകയും ധർമ്മശാസ്ത്രപര്യന്വേഷണം നടത്തി ക്ലിപ്തമായ വിധികൾ കല്പിക്കുകയുമാണുണ്ടായിട്ടുള്ളതു.

പാടലീപുത്രത്തിൽവെച്ചു നടത്തപ്പെട്ട മൂന്നാംസമ്മേളനം സർവ്വഥാ ആദരണീയമാണെന്നുള്ളതിന്നു പക്ഷാന്തരമില്ല. ഒന്നാമതായി അക്കാലത്ത് ബൌദ്ധന്മാരുടെയിടയിൽ അനേകം സ്വധർമ്മഭ്രഷ്ടന്മാരും മതസിദ്ധാന്തങ്ങൾക്കു ശാസ്ത്രവിരോധമായ വ്യാഖ്യാനങ്ങൾ കല്പിച്ച് പല കുഴപ്പങ്ങളുമുത്ഭവിപ്പിച്ചിരുന്നവരുമുണ്ടായിരുന്നു. അവരുടെ അഭിപ്രായങ്ങളെയെല്ലാം ബലമായി ഖണ്ഡിക്കുകയും അവരെ മതഭ്രഷ്ടന്മാരായി തള്ളുകയും ചെയ്തതു ഈ സഭയിൽവെച്ചാണ്. ഇത്രയുമല്ല, ഈ മഹൽസമ്മേളനത്തിലെ അദ്ധ്യക്ഷനായിരുന്ന മുദ്ഗല്യൻെറ പുത്രനായ 'തിഷ്യൻ' എന്ന മഹാശയൻ 'കഥാവസ്തു' എന്ന വിശിഷ്ടഗ്രന്ഥവും അക്കാലത്തു നിർമ്മിച്ചു. കൂടാതെ, ലോകപ്രസിദ്ധനും പരമദയാലുവുമായ അശോകവർദ്ധനൻെറ സഹായസഹകരണങ്ങൾ ഈ സമ്മേളനത്തിന്നു ലഭിച്ചുവെന്നുള്ളതുതന്നെ ഇതിൻെറ മാഹാത്മ്യത്തെ തെളിയിക്കുന്നുണ്ടല്ലോ. എന്നാൽ, ഈ മൂന്നു ബൌദ്ധസഭകളുടേയും ചരിത്രസംബന്ധമായ സ്ഥാനത്തെക്കുറിച്ചു മാക്സ്

മൂള്ളർ, ഓൾഡൻബെർഗ്ഗ്, വിൻസെൻട്സ്മിത്ത് മുതലായ പാശ്ചാത്യപണ്ഡിതന്മാർ പല അഭിപ്രായവ്യത്യാസങ്ങളും പുറപ്പെടുവിക്കുന്നുണ്ടു. തൃതീയസമ്മേളനത്തെപ്പററി ശിലാരേഖകളിലൊന്നിലും യാതൊന്നും പ്രസ്താവിച്ചു കാണുന്നില്ലാത്തതിനാൽ അതിൻെറ ചരിത്രംകൂടി അടിസ്ഥാനപൂർണ്ണമല്ലെന്നാണ് വിൻസെൻട്സ്മിത്ത് പറയുന്നതു. ശിലാരേഖകളിൽ അശോകൻെറ മതപരമായ അനേകം പ്രവൃത്തികളെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടെന്നുവരികിലും എല്ലാസംഗതികളും അവയിലുൾപ്പെട്ടിട്ടുണ്ടെന്നൊ, അശോകൻെറ എല്ലാ ശിലാരേഖകളും പ്രസിദ്ധമായ്ക്കഴിഞ്ഞിട്ടുണ്ടെന്നൊ പറഞ്ഞുകൂടെന്നുള്ളതു തീർച്ചയാണ്. ആ മഹാനായ ചക്രവർത്തിയുടെകാലത്തു മിക്ക ശിലാരേഖകളും സ്ഥാപിക്കപ്പെട്ടതു ജനങ്ങൾ അധികമായി കൂടുവാനിടയുണ്ടായിരുന്ന ഇടങ്ങളിലായിരുന്നുവെന്നുള്ളതിന്നു പക്ഷാന്തരമില്ല. എന്നാൽ ഇന്നു അങ്ങിനെയുള്ള പല പ്രദേശങ്ങളും മനുഷ്യരാൽ പരിത്യജിക്കപ്പെട്ടിട്ടുണ്ട്; അവിടങ്ങളിൽ കടന്നുചെല്ലുവാൻപോലും പ്രയാസമായിട്ടാണ് കാണുന്നതു. അങ്ങിനെയിരിക്കെ, തൃതീയസമ്മേളനത്തെപ്പററി പ്രസ്താവിക്കുന്ന ശിലാരേഖകൾ വല്ലേടത്തും കാണപ്പെട്ടുകൂടെന്നില്ല*. അതല്ലാത്തപക്ഷം, ആ ശിലാരേഖകൾ നശിച്ചുപോയിട്ടുണ്ടെന്നും വന്നുകൂടെന്നില്ല.

---

* ഈയിടെക്കൂടി ചില സ്മൃതിസ്തംഭങ്ങൾ ആന്ധ്ര ദേശത്ത് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

തൃതിയ സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്ന തിഷ്യൻ എന്ന ത്യാഗിവയ്യനെ സംബന്ധിച്ച സിലോണിലെ ഐതിഹ്യത്തിൽ മാത്രമെ പ്രസ്താവിച്ചുകാണന്നുള്ളുവെന്നും, ചൈനാ, തിബത്ത്, നീപ്പാാം എന്നീ രാജ്യങ്ങളിൽ തിഷ്യന്റെ സ്ഥാനത്ത് ഗുപ്തൻ എന്ന ഗന്ധവിക്രേതാവിന്റെ പുത്രനായ ഉപഗുപ്തൻ എന്നവനെക്കുറിച്ചാണ് പറഞ്ഞു കാണുന്നതെന്നും ഈ സമ്മേളനത്തെപ്പററി സംശയിക്കേണ്ടുന്നതിന്നുള്ള മുഖ്യസംഗതിയായി വിൻസൻട്സ്മിത്ത് അഭിപ്രായപ്പെട്ടുന്നു. ഈ അഭിപ്രായം എത്രത്തോളം ആദരണീയമാണെന്നു ഭാവിയിലെ ചരിത്രപയ്യന്വേഷണം വിശദമാക്കാതിരിക്കയില്ലെന്നു നമുക്കാശിക്കാം.

ഏതായാലും, സിലോൺകാരുടെ പുരാവൃത്തം മുഴുവൻ ശരിയാണെന്നു ഒരിക്കലും പറഞ്ഞുകൂടാ. അശോകമൌയ്യന്നു പകരം കാലാശോകൻ എന്നാ ഒരുവനെ ഉണ്ടാക്കിത്തീപ്പാൻപോലും ആ പുരാവൃത്തത്തിലുദ്യമമുണ്ട്. ഇതു തീച്ചയായും തെററാണെന്നു സകല ചരിത്രകാരന്മാരും സമ്മതിക്കുന്നു. ചുരുക്കത്തിൽ, കായ്യമൊന്നായിരിക്കാം; മതപ്രചാരത്തിന്നും പോഷണത്തിന്നും ചില സമ്മേളനങ്ങൾ നടന്നിട്ടുണ്ടായിരിക്കാം. എന്നാൽ അവയുടെ കാലനിണ്ണയമൊ അവയിലെ വിഷയപരിപാടിയൊ ചരിത്രകാരദൃഷ്ട്യാ ക്ലിപ്തമായിട്ടുള്ളതല്ല.

അശോകൻ ബുദ്ധമതം കൈക്കൊള്ളുന്നതിന്നു മുമ്പു പല ക്രൂരതകളും നടത്തീട്ടുള്ളവനാണെന്നും, ആ മതം സ്വീകരിച്ചശേഷമാണ് അദ്ദേഹം പരമദയാലുവായ്ത്തീന്ന

തെന്നും കാണിപ്പാനായി ബൌദ്ധപാതിരിമാർ പലകഥക ളുമുണ്ടാക്കീട്ടുണ്ട്. അവരുടെ ആഗ്രഹം, ബുദ്ധമതത്തിൻെറ ശക്തിയാണ് അശോകനെ ജീവകാരുണ്യമുള്ള വനാക്കി ത്തീർത്തതെന്നു വരുത്തിത്തീർക്കേണമെന്നാണ്. ഇതു തീരെസ ത്യവിരോധമായിട്ടുള്ളതാണെന്നു ചരിത്രകാരന്മാരെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നുണ്ട്. അശോകൻ ഒരുകാ ലത്തും വലിയ ക്രൂരനായിരുന്നിട്ടില്ല. അക്കാലത്തെ രാജാ ക്കന്മാരെ അപേക്ഷിച്ച്, ആദ്യകാലംമുതൽക്കുതന്നെ അദ്ദേ ഹം മഹായോഗ്യനായിവത്തിച്ചിട്ടുണ്ടെന്നുള്ളതിന്നു സംശയ മില്ല. മഹാവീരാശ്രമത്തിൽച്ചേൎന്ന സന്യാസിമാരുടെ ശ്രേയ സ്സിനെ പുകഴ്ത്തുകയും വൎദ്ധിപ്പിക്കുകയും ചെയ്യേണമെന്നുള്ള ഉ ദ്ദേശംനിമിത്തം സിലോണിലെ പുരാവൃത്തത്തിൽചില ചെ റിയ ഭേദഗതികൾ വരുത്തപ്പെട്ടിട്ടുള്ളതായി ഊഹിക്കേണ്ടി യിരിക്കുന്നുവെന്നു വിൻസെൻട്സ്മിത്ത് അഭിപ്രായപ്പെടുന്നു. ഈ വിഹാരത്തിൽ വെച്ചുതന്നെയാണ് ദീപവംശം, മഹാവം ശം എന്നീ രണ്ടു ഗ്രന്ഥങ്ങളും നിൎമ്മിക്കപ്പെട്ടതു.

അശോകൻ പലരാജ്യങ്ങളിലേക്കുമയച്ച ധൎമ്മപ്രചാര കന്മാരുടെ വിവരം മുഴുവൻ മഹാവംശത്തിലെ പന്ത്രണ്ടാമ ദ്ധ്യായത്തിൽ ചേൎത്തിട്ടുണ്ട്. എന്നാൽ ഈ ധൎമ്മപ്രചാര കന്മാരെ നാനാദിക്കുകളിലേക്കയച്ചതു അശോകനല്ലെ ന്നും, തിഷ്യൻ എന്ന യതിവൎയ്യനാണെന്നുമുള്ള അഭിപ്രായം ഒരിക്കലും ശരിയല്ല. ആ ധൎമ്മപ്രചാരകന്മാരുടെ പേരും അവർ ചെന്നുചേൎന്ന ദിക്കുകളുടെ പേരും താഴെഉദ്ധരി ക്കാം :—

മദ്ധ്യാന്തികൻ പോയതു കാശ്മീരത്തേക്കും ഗാന്ധാരത്തിലേക്കും; മഹാദേവൻ മഹിശമണ്ഡലത്തിലേക്ക് (മൈസൂർ); യവനധർമ്മരക്ഷിതൻ അപരാന്തകത്തിലേക്ക് (ബോമ്പയുടെ വടക്കേക്കരെ); രക്ഷിതൻ വനവാസിയിലേക്ക് (വടക്കെ കർണ്ണാടകം); കാശ്യപൻ, മല്ലികാദേവൻ, സഹസദേവൻ എന്നിവരൊന്നിച്ചു മദ്ധ്യമൻ ഹിമവന്തത്തിലേക്ക് (ഹിമാലയം); ശോണൻ, ഉത്തരൻ എന്നിവർ സുവർണ്ണഭൂമിയിലേക്ക് (പെഗു); മഹാധർമ്മരക്ഷിതൻ മഹാരാഷ്ട്രത്തിലേക്ക്; മഹാരക്ഷിതൻ യവനന്മാരുടെ രാജ്യത്തിലേക്ക്, മുദ്ഗല്ല്യന്റെ ശിഷ്യന്മാരായ ഇത്തിയൻ. ഉത്തിയൻ, സാംബാലൻ, ഭദ്രശാലി എന്നിവരൊന്നിച്ച് മഹാമഹേന്ദ്രൻ സിലോണിലേക്ക്.

മദ്ധ്യമന്റെയും കാശ്യപന്റെയും അസ്ഥികൾ സാഞ്ചിയിലുള്ള രണ്ടാം സ്തൂപത്തിൽ ഒരു * മഞ്ജൂഷത്തിലാക്കി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ശോണാരിയിലെ ഒരു സ്തൂപത്തിലും ഇവരുടെ സ്മൃതിചിഹ്നങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടുത്തെ മഞ്ജൂഷത്തിന്റെ പുറത്ത് ഹിമവന്തത്തിലേക്കു മതപ്രചാരത്തിന്നുപോയ ആചാര്യനായ കാശ്യപനെ സംബന്ധിച്ച ചില ലിഖിതങ്ങൾ കാണാവുന്നതാണ്. സാഞ്ചിയിലെ സ്തൂപത്തിൽ മുദ്ഗല്ല്യന്റെ അസ്ഥികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടത്രെ.

സിലോണിലെ പുരാവൃത്തപ്രകാരം അശോകന്റെ കാലനിർണ്ണയം ചെയ്യുന്നതു ഒരിക്കലും ശരിയായിരിക്കയില്ല

* സ്മൃതി ചിഹ്നങ്ങൾ സൂക്ഷിക്കുന്ന പെട്ടി.

ന്നു വിൻസെൻട് സ്മിത്ത് അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം സിലോണിലെ ഐതിഹ്യത്തിൽ മഹാനായ അശോകചക്രവർത്തിയെ കാലാശോകനെന്നും ധർമ്മാശോകനെന്നും വേർതിരിച്ചു പ്രസ്താവിച്ചിട്ടുള്ളതു തീരെ തെററാണ്. ഇതുയുമല്ല ആ ഐതിഹ്യത്തിലെ പല സംഗതികളും വിശ്വാസയോഗ്യമല്ലാത്തവയും വെറും അതിശയോക്തികളുമാണ്. ബിന്ദുസാരൻെറ പുത്രനായും ചന്ദ്രഗുപ്തൻെറ പൌത്രനായുമുള്ള ഒരു ഒററ അശോകനെ മാത്രമേ ശരിയായ ചരിത്രം സ്വീകരിക്കയുള്ളു. ഈ അശോകൻ ക്രി. മു. മൂന്നാം നൂററാണ്ടിൽ സുമാർ നാല്പതു കൊല്ലത്തോളം ഇന്ത്യാരാജ്യത്തെ പാവനമായ രീതിയിൽ ഭരിക്കുകയുമുണ്ടായിട്ടുണ്ട്. അശോകൻ രാജ്യഭാരം തുടങ്ങിയതു ക്രി. മു. 272-ലും, അദ്ദേഹത്തിൻെറ പട്ടാഭിഷേകമുണ്ടായതു ക്രി. മു. 269-ലും ആയിരിക്കേണമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. അശോകചക്രവർത്തി പരലോകപ്രാപ്തനായതു ക്രി. മു. 232-ൽ ആണെന്നു 'മഹാവംശം' എന്ന ഗ്രന്ഥത്തിലും പ്രസ്താവിച്ചിരിക്കുന്നു.

ഈ പുണ്യശാലിയായ ചക്രവർത്തിയുടെ വിസ്തൃതമായ സാമ്രാജ്യത്തെപ്പററിയും അദ്ദേഹത്തിൻെറ ശ്രേഷ്ഠമായ ഭരണസമ്പ്രദായത്തെ സംബന്ധിച്ചും ഇനിയത്തെ അദ്ധ്യായത്തിൽ പ്രസ്താവിക്കാം.

# രണ്ടാം അദ്ധ്യായം

## സാമ്രാജ്യത്തിൻെറ വിശാലത.

അശോകചക്രവത്തിയാൽ ഗൌരവത്തോടും ശ്ലാഘനീയമായ രീതിയിലും ഭരിക്കപ്പെട്ടതായ ആ വിസ്തൃതമായ രാജ്യത്തിൻെറ അതൃത്തികളെ ക്ലിപ്തപ്പെടുത്തുവാൻ വലുതായ പ്രയാസമൊന്നുമില്ല. യവനഗ്രന്ഥകാരന്മാരും ശിലാലിഖിതങ്ങളും പുരാവൃത്തവും ഈ കായ്യത്തിൽ നമ്മെ യഥേഷ്ടം സഹായിക്കുന്നുണ്ട്.

ഇന്ന് അഫ്ഘാൻ രാജാവിനാൽ ഭരിക്കപ്പെടുന്നതായ കാബൂം, കാൻഡഹാർ മുതലായ മിക്കപ്രദേശങ്ങളും, ചന്ദ്രഗുപ്തൻെറയും ബിന്ദുസാരൻെറയും ഉത്തരാവകാശിയെന്ന നിലയിൽ അശോകന്നധീനമായ്ത്തീൎന്നു. അലക്സാണ്ടരുടെ കാലത്ത് മഗധരാജ്യം (ഇന്നത്തെ ബീഹാർ) വലിയ പദവിയിലെത്തിയതായിരുന്നു. അക്കാലത്തു ഇന്ത്യയിലെ മററൊരു രാജ്യവും ഇതിന്നു തുല്യമായിരുന്നില്ല. ഈ രാജ്യത്തിൻെറ തലസ്ഥാനനഗരി ആദ്യത്തിൽ രാജഗൃഹവും (ഗയാ ജില്ലയിലുള്ള രാജഗീർ) പിന്നീട് പാടലീപുത്രവുമായിരുന്നു. നവനന്ദന്മാരിലൊടുക്കത്തെവൻ ഈ ഫലസമൃദ്ധമായ രാജ്യത്തിൻെറയും ബങ്കാളത്തിൻെറയും രാജാവുമായിരുന്നു. ചന്ദ്രഗുപ്തന്നു പഞ്ചാബിൽ വിജയമുണ്ടായതോടുകൂടി അദ്ദേഹം കിഴക്കോട്ടു തിരിഞ്ഞ്, അവിടത്തെ രാജാവായിരുന്ന

ഒടുവിലത്തെ നന്ദനെ നശിപ്പിച്ച് ദക്ഷിണേന്ത്യയിലെ തെക്കെ അററത്തുള്ള രാജ്യങ്ങളൊഴിച്ച് ബാക്കിയുള്ള വിസ്തൃതമായ പ്രദേശത്തിൻെറയെല്ലാം ഏകഛത്രാധിപതിയായ്ത്തീൎന്നിട്ടുണ്ടായിരുന്നു. കത്തിയവാർ എന്ന പ്രദേശം കൂടി ചന്ദ്രഗുപ്തന്നാധീനമായിരുന്നുവെന്നു രുദ്രദാമൻെറ ശിലാശാസനത്തിൽനിന്നു പ്രത്യക്ഷമാകുന്നുണ്ട്. ചന്ദ്രഗുപ്തമൌൎയ്യൻെറ ഈ വമ്പിച്ച സാമ്രാജ്യം തലമുറയായി അമിത്രഘാതൻ എന്നു പ്രസിദ്ധനായ ബിന്ദുസാരന്നും അദ്ദേഹത്തിൽനിന്നു അശോകന്നും ലഭിക്കുകയുംചെയ്തു. കാശ്മീർ, നീപ്പാൾ എന്നീരാജ്യങ്ങളിലെ പുരാവൃത്തപ്രകാരം അവരണ്ടും മൌൎയ്യ സാമ്രാജ്യത്തിൽപ്പെട്ടിരുന്നവയായി പറയപ്പെടുന്നുണ്ട്. കാശ്മീരത്തിൻെറ ഇന്നത്തെ തലസ്ഥാനമായ ശ്രീനഗരം അശോകനാൽ സ്ഥാപിതമായതാണെന്നാണ് ഐതിഹ്യം. അശോകൻെറ പുത്രനായ ജലൌകൻ എന്നാവൻ കാശ്മീരത്തിലെ അധിപതിയായിരുന്നിട്ടുണ്ടെന്നുകൂടി ഒരു കാശ്മീര ചരിത്രകാരൻ പ്രസ്താവിക്കുന്നുവെന്നുള്ള വിവരം മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. 'അശോകരാജൻ അഞ്ഞൂറു സന്ന്യാസിമഠങ്ങളുണ്ടാക്കി, ഈ രാജ്യം (കാശ്മീരം) യതിവൎയ്യന്മാൎക്കായികൊടുത്തു' എന്നു ഹ്യൂൻസാങ്ങ് പറഞ്ഞിട്ടുണ്ട്. നീപ്പാൾ രാജ്യം അശോകൻെറ സാമ്രാജ്യത്തിൽപ്പെട്ടിരുന്നുവെന്നു ശിലാലിഖിതങ്ങൾ സവിസ്തരം തെളിയിക്കുന്നു. അശോകൻെറ വിദേശഗമനത്തിൽ അദ്ദേഹം നീപ്പാളിലെ പല സ്ഥലങ്ങളും സന്ദൎശിച്ചതായി മുമ്പിലത്തെ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അക്കാലത്തു രാജ്യത്തിൻെറ

തലസ്ഥാനനഗരി മഞ്ജുപട്ടണം എന്നതായിരുന്നു. ഇന്നത്തെ തലസ്ഥാനമായ മണ്ഡപത്തിൻെറ സ്ഥാനത്തുതന്നെയാണ് മഞ്ജുപട്ടണമുണ്ടായിരുന്നതു. അശോകൻ തൻെറ അഭ്യാഗമത്തിൻെറ സ്മരണയെ നിലനിത്തുവാനും താൻ മതാനുഷ്ഠാനനിരതനായി വത്തിച്ചിരുന്നുവെന്നു ദ്യോതിപ്പെടുത്തുവാനുമായി അവിടെ അനേകം സ്മൃതിസ്തംഭങ്ങൾ നിമ്മിച്ചു; ഇതുയുമല്ല, മഞ്ജുപട്ടണത്തിൻെറ തെക്കുകിഴക്കായി ഏറെക്കുറെ രണ്ടുനാഴിക ദൂരത്തായി ലളിതപട്ടണം എന്നു പ്രസിദ്ധമായ ഒരു നഗരവും സ്ഥാപിച്ചു. അദ്ദേഹം ഈ പട്ടണത്തിൻെറ നേരെനടുവിൽ ഒരു ക്ഷേത്രവും നാലു മൂലകളിൽ ഗോളാകാരത്തിലുള്ള വളരെ വലിയ ഓരോ സ്തൂപങ്ങളും നിമ്മിച്ചിട്ടുണ്ട്. ആ ക്ഷേത്രവും സ്തൂപങ്ങളും ഇന്നും നിലനില്ക്കുന്നുണ്ട്. ലളിതപട്ടണത്തിലുള്ള രണ്ടു ചെറിയ ആയതനങ്ങളും ഒരു സമാധിസ്ഥാനവും കൂടി അശോകനാൽ നിമ്മിക്കപ്പെട്ടതാണെന്നു പറഞ്ഞുവരുന്നുണ്ട്. ഈ ദേശസഞ്ചാരത്തിൽ, ചക്രവത്തിയൊന്നിച്ച് അദ്ദേഹത്തിൻെറ പുത്രിയും ദേവപാലൻ എന്ന ഒരു ക്ഷത്രിയൻെറ പത്നിയുമായ ചാരുമതിയെന്നവളും ഉണ്ടായിരുന്നു. ഈ നാരീരത്നം മതകാര്യപ്രസക്തയായ്ത്തീന്ന്, നീപ്പാളത്തിൽത്തന്നെ പാപ്പിടമുറപ്പിച്ച് ഒരു യോഗിനിയായി കാലം നയിച്ചു. ഈ യോഗിനി, പശുപതിനാഥത്തിൽ ഒരു വിഹാരം നിമ്മിച്ച് അതിലാണ് പാത്തുവന്നിരുന്നതു. ആ വിഹാരം ഇന്നും നിലനിന്നുവരുന്നുണ്ട്.

ബുദ്ധമതക്കാരുടെ ഐതിഹ്യപ്രകാരം, താമ്രലിപ്തി

(കൽക്കത്തയിൽനിന്ന് 35 നാഴിക ദൂരത്തുള്ള ഇന്നത്തെ താംലൂക്ക്) എന്ന തുറമുഖപട്ടണവും അശോകൻെറ സാമ്രാജ്യത്തിലുൾപ്പെട്ടതായിരുന്നു. ഈ തുറമുഖപട്ടണത്തിലാണ് സിലോണിൽനിന്നുള്ള പാന്ഥന്മാർ ഒന്നാമതായിറങ്ങിയത്. നന്ദൻെറ കീഴിലുണ്ടായിരുന്ന ബങ്കാൾരാജ്യം മുഴുവൻ ചന്ദ്രഗുപ്തന്നധീനമായ്തീൎന്ന അവസ്ഥക്ക ഒരുപക്ഷെ താമ്രലിപ്തിയും അതിലുൾപ്പെട്ടിട്ടുണ്ടായിരിക്കണം.

ഈവക കാരണങ്ങളാൽ, അശോകൻെറ സാമ്രാജ്യം കടൽതൊട്ടുകടൽവരെ നീണ്ടുകിടന്നിരുന്നുവെന്നുള്ളതു യഥാൎത്ഥമാണെന്നു വെളിവാകുന്നുണ്ടല്ലൊ. എന്നാൽ അദ്ദേഹത്തിൻെറ വാഴ്ച്ചയാരംഭിച്ചകാലത്ത്, ബങ്കാള ഉൾക്കടലിൻെറ തീരത്തായി, വടക്ക് മഹാനദിതൊട്ടു തെക്ക ഏറക്കുറെ പുലിക്കാട്ടുവരെ നീണ്ടുകിടന്നിരുന്ന കലിംഗരാജ്യം സ്വതന്ത്രമായിട്ടുള്ളതായിരുന്നു. വാഴ്ച്ചതുടങ്ങിയ ഒമ്പതാം കൊല്ലത്തിൽ ഈ രാജ്യവും കീഴടക്കപ്പെട്ടു.

ദക്ഷിണേന്ത്യയിൽ, കേരളം, ചോളം, പാണ്ഡ്യം എന്നീരാജ്യങ്ങൾ തൻെറ രാജശാസനയിൽപ്പെട്ടവയല്ലായിരുന്നുവെന്ന് അശോകൻതന്നെ സമ്മതിച്ചിരിക്കുന്നു. ചോളരാജാക്കന്മാരുടെ തലസ്ഥാനം തൃശ്ശിനാപ്പള്ളിക്കടുത്തുള്ള ഉരയൂർ എന്ന പട്ടണവും പാണ്ഡ്യന്മാരുടെ തലസ്ഥാനം മധുരയുമായിരുന്നു. ആ സ്ഥിതിക്ക മൌൎയ്യസാമ്രാജ്യത്തിൻെറ തെക്കെ അതൃത്തി, കിഴക്ക പുതുശ്ശേരി തുടങ്ങി പടിഞ്ഞാറ് കണ്ണൂർവരെയുള്ള അക്ഷാംശമായി കണക്കാക്കുന്നതിൽ വലുതായ തെററുണ്ടായിരിക്കയില്ല. ഇതിന്നു വടക്കോട്ടുള്ള

രാജ്യങ്ങളെല്ലാം ഒന്നുകിൽ അശോകൻെറ നേരെകീഴിൽ ഭരിക്കപ്പെട്ടിരുന്നവയൊ, അല്ലാത്തപക്ഷം അദ്ദേഹത്തെ അധിരാജനായിസ്വീകരിച്ചിരുന്നവയൊ ആയിരുന്നു. അതായതു, ഇന്നത്തെ ബ്രിട്ടീഷിന്ത്യയെക്കാം വലുതായ ഒരു സാമ്രാജ്യമാണ് അശോകനാൽ ഭരിക്കപ്പെട്ടിരുന്നതു.

അശോകനോടഭിസംബന്ധമുള്ളതായിരുന്ന ഒരുനൂററിമുപ്പതു സ്തൂപങ്ങളെക്കുറിച്ചു * ഹ്യൂൻസാങ്ങ് പ്രസ്താവിക്കുന്നുണ്ട്. ഇതു കൂടാതെ അദ്ദേഹത്തിൻെറ വാഴ്ചകാലത്തോടുസംബന്ധിക്കപ്പെട്ടിട്ടുള്ളതായ മററനേകം ഹമ്മ്യങ്ങളെപ്പററിയും ആ ചീനാക്കാരൻ വിവരിച്ചിരിക്കുന്നു.

---

* "പുറമെ കല്ലുകൊണ്ട് പടുത്തുകെട്ടിയിട്ടുള്ള ഒരുതരം കൽമാടമാണ് സ്തൂപമെന്നുപറഞ്ഞുവല്ലൊ. ചില സ്തൂപങ്ങളുടെ അകത്തു നാലു മൂലയിലും ചിരാതുപോലെയുള്ള ഓരോ മൺവിളക്കു വെച്ചിട്ടുണ്ടായിരിക്കും. എന്നാൽ ഈ സ്തൂപത്തിൽ അങ്ങിനെവിളക്കുകളില്ല. അകത്തു ഏകദേശം ആറടി താഴെയായി ചാരനിറത്തിൽ ഒരുതരം കുമ്മായംചേത്തുണ്ടാക്കിയ ഒരുചെറിയ സ്തൂപവും നാലംഗുലം പൊക്കത്തിൽ പിച്ചളകൊണ്ടുണ്ടാക്കിയ ഒരു അളുക്കും അവിടെയുണ്ട്. ഈ അളുക്കിൻെറ അകത്ത് ഒന്നര അംഗുലംപൊക്കത്തിൽ വെള്ളികൊണ്ട് സ്തൂപാകൃതിയിൽ പണിചെയ്യിട്ടുള്ള വേറെ ഒരളുക്കും, അതിൻേറയും അകത്തായി കത്തിക്കരിഞ്ഞ അസ്ഥിയും, ചാരവും, കുറച്ചു സ്വണ്ണം, മുത്ത്, ഗോമേദകം ഇവയും സൂക്ഷിച്ചിരിക്കുന്നു. സ്തൂപത്തിൻെറ അകത്തു മാണിക്യം അല്ലെങ്കിൽ പത്മരാഗം, സ്ഫടികം, ഗോമേദം, പീതമണി, സപ്തമണി, സൂൎയ്യകാന്തം, പുഷ്യരാഗം, ഗോമേദകം, ശിവധാതു, ശുക്തിവധു, കാച അല്ലെങ്കിൽ അഭ്രം, ഇവയും, നീലം, മുദരക്തം, ഹരിതം എന്നീ വൎണ്ണങ്ങളിലുള്ള മണിവിശേഷങ്ങളും, കുറെ അസ്ഥി

ചില സ്തൂപങ്ങൾ സ്വതന്ത്രരാജാക്കന്മാരുടെ രാജ്യങ്ങളിലും സ്ഥാപിക്കപ്പെട്ടിരുന്നതിനാൽ അശോകന്റെ മതപ്രചാരത്തിൽ ആ രാജാക്കന്മാരുടെ ആനുകൂല്യവുമുണ്ടായിരുന്നുവെന്നൂഹിപ്പാൻ വിരോധമില്ല. ഇന്നു അഫ്ഘാനിസ്ഥാൻ എന്നു പറയപ്പെടുന്നതായ രാജ്യത്തു മൂന്നു സ്തൂപങ്ങൾ ഉണ്ടായിരുന്നു. ഇതു കൂടാതെ, തക്ഷശില, കാശ്മീരം, ജലാലബാദിന്നടുത്തുള്ള നഗരഹാരം മുതലായ പശ്ചിമോത്തരപ്രദേശങ്ങളിലെല്ലാം അത്ഭുതാകാരത്തോടുകൂടിയ സ്തൂപങ്ങളുണ്ടായിരുന്നുവെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. കിഴക്ക് താമ്രലിപ്തിയിലും കലിംഗദേശത്തും; പടിഞ്ഞാറ് ഗൂജറാത്ത്, സിൻധ് എന്നീപ്രദേശങ്ങളിൽ; തെക്കു ദ്രാവിഡദേശത്തിൽപ്പെട്ട കാഞ്ചീപുരത്തും * ആന്ധ്രദേശത്തിന്റെ തലസ്ഥാനനഗരിയിലും; ഇവിടങ്ങളിലും അനേകം സ്തൂപങ്ങളുണ്ടായിരുന്നു.

---

യും കാണുന്നുണ്ട്. ഇതുപോലെ മററു സ്തൂപങ്ങളിലും വിലപിടിച്ച അനേകം സാധനങ്ങൾ കാണാം. ഒരുസ്തൂപത്തിന്റെ അകത്തുനിന്നു് കുറെ പ്രവാളവും കണ്ടുകിട്ടിയിട്ടുണ്ട്". "ചില വിശ്വവിദ്യാലയങ്ങൾ."

* "ഏകദേശം രണ്ടായിരത്തിരുനൂറു സംവത്സരങ്ങൾക്കുമുമ്പ് ഇന്ത്യാസാമ്രാജ്യചക്രവർത്തിയായിരുന്ന അശോകൻ, ബുദ്ധമതപ്രചാരത്തിന്നായി തെക്കെ ഇന്ത്യയിൽ പാണ്ഡ്യരാജ്യംവരെ മതപ്രവർത്തകന്മാരെ പറഞ്ഞയച്ചിരുന്നതായി അദ്ദേഹത്തിന്റെ ശിലാലിഖിതങ്ങളിൽ നിന്നുതന്നെ നാമറിയുന്നുണ്ടു. ഈ മതം അവിടെ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചതിൽപിന്നെ വളരെക്കാലത്തേക്കു അതിന്റെ പ്രധാനകേന്ദ്രം കാഞ്ചീപുരമായിരുന്നു. ഉത്തരേന്ത്യയിൽ നിന്നും സിംഹ

### ഭരണ സമ്പ്രദായം.

(1)

മേൽവിവരിച്ചപോലെ അത്യന്തം വിസ്തൃതമായ ആ സാമ്രാജ്യത്തെ അശോകചക്രവത്തി ഏതുപ്രകാരമാണ് ഭരിച്ചുപോന്നതെന്നു നമുക്കിനിയാലോചിക്കാം.

ചന്ദ്രഗുപ്തമൌൎയ്യനാൽ സുസ്ഥാപിതമായ ഭരണരീതിയെ അദ്ദേഹത്തിൻെറ പൌത്രനും തുടൎന്നുവന്നിട്ടുണ്ടായിരിക്കണമെന്നു ചരിത്രകാരന്മാർ സിദ്ധാന്തിക്കുന്നുണ്ടെങ്കിലും കാലാനുസൃതമായ ചില പരിഷ്കാരങ്ങളും നൂതന സമ്പ്രദായങ്ങളും അശോകചക്രവത്തിയുമേൎപ്പെടുത്തീട്ടുണ്ടായിരിക്കണമെന്നൂഹിക്കുന്നതിൽ യാതൊരു വിഷമതയുമില്ല. ചന്ദ്രഗുപ്തൻെറ സ്ഥാപനങ്ങളെപ്പററി മെഗസ്തനീസ് ഒരുവിധം പരിപൂൎണ്ണമായ വിവരം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ഇതോടു കൂടി, ശിലാശാസനങ്ങളിൽനിന്നു ഗ്രഹിക്കാവുന്നവയേയും ചേൎക്കുമ്പോൾ, നമുക്കു അശോകൻെറ സാമ്രാജ്യഘടനയെക്കുറിച്ചു നല്ല പരിജ്ഞാനമുണ്ടാകുന്നതാണ്.

---

ളദ്വീപിൽ നിന്നും സന്ന്യാസിമാർ മതപ്രചാരത്തിന്നായ് കൂടക്കൂടെ കാഞ്ചീപുരത്തു വരികയും, അവിടെ സന്ന്യാസിമാരുകളും സംഘാരാമങ്ങളും ഏൎപ്പെടുത്തി അനവധിപേൎക്ക് ബുദ്ധമത തത്വങ്ങളെക്കുറിച്ചു ഉപദേശംനൽകുകയുംചെയ്തിരുന്നു. ക്രിസ്ത്വബ്ദം ഏകദേശം 640-ൽ ഹ്യൂൺസാങ്ങ് കാഞ്ചീപുരത്തു വന്നിരുന്നസമയം, അവിടത്തെ ബുദ്ധമതത്തിൻെറ ശക്തി ക്ഷയിച്ചുതുടങ്ങിയിരുന്നുവെങ്കിലും, അക്കാലത്തു കൂടി കാഞ്ചീപുരത്തും അതിന്നടുത്തുള്ളപ്രദേശങ്ങളിലുമായി ഒരുനൂറു സംഘാരാമങ്ങളും പതിനായിരത്തോളം സന്ന്യാസിമാരുമുണ്ടായിരുന്നതായി പറഞ്ഞിട്ടുണ്ട്." 'ചില വിശ്വ വിദ്യാലയങ്ങൾ.'

രാജാവിൻെറ അധികാരം സവ്വഥാ പ്രാമാണ്യമുള്ളതായിരുന്നുവെന്നുള്ളതിന്നു സംശയമില്ല. രാജനീതിയെ സംബന്ധിച്ച ഏതുസ്ഥാപനവും അദ്ദേഹത്തിൻെറ സ്വേച്ഛാധികാരത്തിനാധീനമായിരിക്കും. ഏതു സ്ഥാപനവും നിശ്ശേഷം നിത്തിക്കളെവാൻ അദ്ദേഹത്തിന്നധികാരവുമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഇച്ഛ ഇന്നതാണെന്നു പ്രജകളെ അറിയിക്കുന്നതു അധികാരശക്തിയോടുകൂടിയവരായ ഭരണാധികാരിമാർ വഴിക്കായിരിക്കും. ഈ ഭരണാധികാരിമാരുടെ തലവന്മാരായി രാജപ്രതിനിധികളുണ്ടായിരുന്നു. ഈ പ്രതിനിധികൾ (വൈസറായിമാർ) സാധാരണയായി രാജാവിൻെറ മക്കളോ അടുത്ത ബന്ധുക്കളോ ആയിരുന്നു.

ഈ വൈസറായിമാരിലൊരുവൻെറ തലസ്ഥാനം തക്ഷശില എന്ന നഗരത്തിലായിരുന്നു. ഇന്നത്തെ റാവൽപിണ്ടി ജില്ലയിലെ 'ഷാധേറി'എന്ന സ്ഥലത്തുള്ള ഭഗ്നാവശേഷങ്ങൾ മാത്രമാണ് അതിൻെറ സ്മൃതിചിഹ്നങ്ങൾ. സറലജ് നദിയുടെ പടിഞ്ഞാറുവശംമുതൽ ഹിന്തുകുഷ്വരെയുള്ള രാജ്യമെല്ലാം ഈ വൈസറായിയുടെ ഭരണാധികാരത്തിൽപ്പെട്ടിട്ടുണ്ടായിരിക്കണം. രാജകുടുംബത്തിൽപ്പെട്ടവനായ മററൊരു വൈസറായി ഉജ്ജെയിൻ എന്ന പട്ടണത്തെ തലസ്ഥാനമാക്കി പശ്ചിമേന്ത്യയുടെ പല ഭാഗങ്ങളേയും ഭരിച്ചിരുന്നു. തൻെറ പിതാവ് ആസന്നമരണനായിക്കിടന്നിരുന്ന വൃത്താന്തമറിവായ സമയത്ത് അശോകൻ ഈ നഗരത്തിൽത്തന്നെയായിരുന്നു വൈസറായിയായി വാണിരുന്നതു. കാൎയ്യമറിവായ ഉടനെ രാജ്യാധികാരം കൈ

ക്കലാക്കവാനുള്ള ഉൽക്കണ്ഠയോടുകൂടി അദ്ദേഹം ഇവിടംവിട്ടു, പാടലീപുത്രത്തിലേക്ക പുറപ്പെട്ടുകയും ചെയ്തുയുണ്ടായിട്ടുണ്ടു.

വേറെ ഒരു വൈസറായി സുവണ്ണഗിരി എന്ന ദിക്കിൽ തലസ്ഥാനമുറപ്പിച്ചു വിന്ധ്യന്റെ തെക്കഭാഗത്തുള്ള രാജ്യങ്ങളെയെല്ലാം ഭരിച്ചു പോന്നിരുന്നു. സുവണ്ണഗിരി എവിടെയായിരുന്നുവെന്നറിവായിട്ടില്ല. രാജകുടുംബത്തിൽപ്പെട്ട നാലാമതൊരുവൻ അശോകനാൽത്തന്നെ പിടിച്ചടക്കപ്പെട്ടതായ കലിംഗദേശത്തും രാജപ്രതിനിധിയായി വത്തിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ തലസ്ഥാനം തോസാലിയെന്ന പട്ടണമായിരുന്നു. ഇതും ഇന്നദിക്കിലായിരുന്നുവെന്നു തീച്ച്യയായി അറിഞ്ഞിട്ടില്ല. മഗധരാജ്യവും പരിസരങ്ങളും ഒരുപക്ഷെ നേരിട്ടു ചക്രവത്തിയുടെ കീഴിൽ ഗവണ്ണർമാരാൽ ഭരിക്കപ്പെട്ടുപോന്നിരിക്കണം.

വൈസറായിമാരേക്കാൾ താണനിലയിലുണ്ടായിരുന്ന ഭരണാധികാരിമാർ രജ്ജുകന്മാർ എന്നുവിളിക്കപ്പെട്ടിരുന്നു. ഇവർ അനേകായിരം പ്രജകളെ ഭരിപ്പാൻ ചുമതലപ്പെട്ടവരായിരുന്നു. ഇവരുടെ കീഴിലാണ് 'പ്രാദേശികന്മാ'രുണ്ടായിരുന്നതു. മജിസ്ത്രേട്ടുമാരെ (ന്യായാദ്ധ്യക്ഷന്മാരെ) സാധാരണയായി 'മഹാമാത്രന്മാർ' എന്നാണ് പറഞ്ഞുവന്നിരുന്നതു. ധമ്മശാസ്ത്രഗുണദോഷവിവേചകന്മാരെ 'ധമ്മമഹാമാത്രന്മാർ' എന്നു പ്രത്യേകമായി പറഞ്ഞുപോന്നിരുന്നു. ഈ 'ഗുണദോഷവിവേചകന്മാർ' ഒന്നാമതായി നിയമിക്കപ്പെട്ടതു അശോകന്റെ വാഴ്ചതുടങ്ങിയ പതിനാ

ല്പാം കൊല്ലത്തിലാണ്. എല്ലാവിഭാഗക്കാരെപ്പററിയും ഒരു പോലെ അന്വേഷണം നടത്തുവാനും, ചക്രവൎത്തിയുടെ സ്വന്തം പ്രജകളുടേയും, അതൃത്തിരാജ്യങ്ങളിലെ യവനന്മാർ ഗാന്ധാരന്മാർ മുതലായ അൎദ്ധസ്വതന്ത്രന്മാരുടേയും ഇടയിൽ ബൌദ്ധധൎമ്മത്തെ കഴിയുന്നത്രപ്രചരിപ്പിക്കുവാനും, ഈ "ധൎമ്മമഹാമാത്രന്മാൎക്കു" പ്രത്യേകമായ കല്പനയുണ്ടായിട്ടുണ്ടു. മൊത്തത്തിൽ പ്രജകളുടെ ക്ഷേമത്തിന്നായി വേണ്ടതെല്ലാം അവർ പ്രവൃത്തിച്ചുകൊള്ളേണമെന്നു നിൎബ്ബന്ധമുണ്ടായിരുന്നു. തെററായി തടവുശിക്ഷകളൊ മററൊ അനുഭവിച്ചുപോരുന്നവരുടെ കാൎയ്യത്തിൽ ന്യായപ്രകാരം പ്രവൃത്തിക്കുക, പ്രായാധിക്യത്താലൊ, അത്യാപത്തുകളാലൊ വലിയ കുടുംബം പരിപാലിക്കേണ്ടി വന്നിട്ടുള്ളതിനാലൊ യഥാൎത്ഥമായ അവശത നേരിട്ടവരായ കുററവാളികൾക്ക് ശിക്ഷ കുറവുചെയ്തുകൊടുപ്പാനുള്ള അധികാരം ഈ ന്യായാദ്ധ്യക്ഷന്മാൎക്കുണ്ടായിരുന്നു; തലസ്ഥാനനഗരിയിലും പുറംപ്രദേശങ്ങളിലുമുണ്ടായിരുന്ന രാജകുടുംബത്തിലെ സ്ത്രീകളെ വിധിപോലെ രക്ഷിച്ചുപോരേണ്ടതായ ചുമതലയും ഇവരുടേതായിരുന്നു.

ഈ പ്രത്യേക ഉദ്യോഗസ്ഥന്മാരെല്ലാം സാധാരണ മജിസ്ട്രേട്ടുമാരുടെ പുറമെയായി നിയമിക്കപ്പെട്ടവരായിരുന്നു: മൃഗങ്ങളെ കൊല്ലുകയൊ ഉപദ്രവിക്കുകയൊ ചെയ്യുന്നവർ, മാതാപിതാക്കന്മാരോട് ക്രൌൎയ്യമുള്ളവരായിരിക്കുന്ന പുത്രന്മാർ, മുതലായവരുടെ കാൎയ്യമെല്ലാം നിയമപ്രകാരം തീൎപ്പെടുത്തിയിരുന്നതുഗുണദോഷവിവേചകന്മാരായിരുന്നു. രാ

ജകുടുംബത്തിലെ സ്ത്രീകൾ ന്യായവിരോധമായി പ്രവൃത്തിച്ചാൽ അതിനെപ്പററിയും നിരൂപണംചെയ്തു തീച്ച്പ്പെടുത്തുവാൻ ഇവരായിരുന്നു. സ്ത്രീകൾ പൊതുവിൽ ധമ്മവിരുദ്ധമായി പ്രവൃത്തിച്ചാൽ അതിനെക്കുറിച്ചു അന്വേഷിപ്പാനായി 'സ്ത്രീധമ്മവിവേചകന്മാർ' എന്ന ഒരു പ്രത്യേകം കൂട്ടരുണ്ടായിരുന്നു. ഇതിന്നെല്ലാം പുറമെ അശോകൻ പ്രത്യേകമായും പലതരം ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയുണ്ടായിട്ടുണ്ട്.

പ്രജകളുടെ ആക്ഷേപങ്ങളും സങ്കടാവസ്ഥകളും ഏതുസമയത്തും ഏതുസ്ഥലത്തുവെച്ചും തിരുമനസ്സറിയിപ്പാൻ തക്ക സൌകയ്യമുണ്ടാക്കുന്നതിൽ അശോകചക്രവത്തി സവ്വദാ ജാഗരൂകനായിരുന്നുവെന്ന് മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിൻെറ അസൌകയ്യങ്ങളെപ്പററിയൊന്നുംചിന്തിക്കാതെ അദ്ദേഹം ആവക ആക്ഷേപങ്ങൾക്കുള്ള പ്രതിവിധികൾ ഉടനടികണ്ടുപിടിച്ചു വിധിപ്രകാരം പ്രവൃത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ വിഷയത്തിൽ അശോകൻ തൻെറ പിതാമഹനെ അനുകരിക്കമാത്രമെ ചെയ്തിട്ടുള്ളു.

രാജ്യകായ്യവിധായകന്മാരുടെ പ്രവൃത്തികളെക്കുറിച്ചു ഗൂഢമായന്വേഷണംനടത്തി തിരുമനസ്സറിയിപ്പാനായി ചില പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു അക്കാലത്തെപതിവായിരുന്നു. ഇതുപ്രകാരം അശോകചക്രവത്തിയും ചെയ്തിട്ടുണ്ട്. ചന്ദ്രഗുപ്തന്നു പകൽസമയത്ത് ഉറങ്ങുവാൻ ധൈയ്യമുണ്ടായിരുന്നില്ലത്രെ; ചതിഭയപ്പെട്ടിട്ടു അദ്ദേഹം രാ

ത്രികാലങ്ങളിൽ ഓരോദിവസവും കിടപ്പുസ്ഥലം മാററുകയും ചെയ്തുപോന്നിരുന്നു. അശോകൻ ഈവക കാര്യങ്ങളിലും മഹാനായ തൻെറ പിതാമഹനെ അനുകരിക്ക മാത്രമെ ചെയ്തിട്ടുള്ളു.

രാജ്യത്തിലെ മുതലെടുപ്പിൽനിന്ന് ചിലവുചെയ്തിട്ട് വലുതായ ഒരു വേതനഗ്രാഹിസൈന്യം മൌര്യരാജാക്കന്മാരാൽ എപ്പോഴും പരിരക്ഷിക്കപ്പെട്ടുപോന്നിട്ടുണ്ട്.

അശോകൻെറ കാലത്ത് ഈ സൈന്യത്തിൽ ആറുലക്ഷം കാലാൾപ്പടയും, മുപ്പതിനായിരം കുതിരപ്പടയും, ഒമ്പതിനായിരം ആനപ്പടയും അനേകം രഥങ്ങളുമുണ്ടായിരുന്നുപോൽ; അക്കാലത്തെ അവസ്ഥക്ക് അവയെല്ലാം ശ്രേഷ്ഠതരമായി വ്യവസ്ഥചെയ്യപ്പെട്ടവയുമായിരുന്നു. യുദ്ധമന്ത്രണത്തിന്നായി മുപ്പതുപേരുണ്ടായിരുന്നു; ഇവരെ അഞ്ചാളുകളടങ്ങിയ ആറുവകുപ്പുകളായി പിരിക്കപ്പെട്ടിരുന്നു. ഈ ഓരോവകുപ്പുകൾ ഓരോ പ്രത്യേക വിഭാഗങ്ങളെ ഭരിപ്പാൻ ചുമതലപ്പെട്ടവയുമായിരുന്നു. ഉപയോഗമില്ലാത്ത സമയത്ത് യുദ്ധസാമഗ്രികൾ സൂക്ഷിക്കുന്നതിന്നായി തലസ്ഥാനത്തിൽ പ്രത്യേകമായ അനേകം ആയുധാഗാരങ്ങളുണ്ടായിരുന്നു. യുദ്ധത്തിലേപ്പെടുന്ന ഓരോരഥങ്ങൾക്കു നാലുകുതിരകൾവീതമാണുണ്ടായിരുന്നതു. യുദ്ധംചെയ്യുന്നവർ രണ്ടുപേരും തേർതെളിപ്പാൻ ഒരുവനും ഇങ്ങിനെ മൂന്നുപേർ രഥാരൂഢന്മാരായിരിക്കും. ആനപ്പുറത്ത്, യുദ്ധം ചെയ്യുന്നവർ മൂന്നുപേരും ആനക്കാരനൊരുവനും, ഇങ്ങിനെ നാലുപേരാണ്.

(2)

മൌൎയ്യസാമ്രാജ്യത്തിലെ അഭ്യന്തരഭരണസമ്പ്രദായം വളരെ ശ്രേഷ്ഠപദവിയെ പ്രാപിച്ചിരുന്നതും അക്കാലത്തെ അപേക്ഷിച്ചു അതുലമായ ഗുണാംശത്തോടുകൂടിയതുമായിരുന്നു. അതു പിൻകാലങ്ങളിൽ ഷേർഷാ, അക്ബർ, എന്നിവരാൽ പരിരക്ഷിക്കപ്പെട്ട രാഷ്ട്രസ്ഥാപനത്തേക്കാളൊട്ടും താണപടിയിലല്ലായിരുന്നു സ്ഥിതിചെയ്തിരുന്നതു. കൃഷിക്കാൎക്കുപകരിക്കത്തക്ക ഒരു വമ്പിച്ച ജലപ്രദാനസ്ഥാപനം അശോകചക്രവൎത്തിയുടെ കാലത്തുണ്ടായിരുന്നുവെന്നു ക്രിസ്തുവൎഷം 150-ാംകൊല്ലത്തിൽ രുദ്രദാമനാൽ നിൎമ്മിക്കപ്പെട്ട ഒരു ശിലാരേഖയിൽ നിന്നു പ്രത്യക്ഷമാകുന്നുണ്ടു്. "ഗിർനാർ"(ഗിരിനഗരം) എന്ന ദിക്കിൽ ചന്ദ്രഗുപ്തനാലുണ്ടാക്കപ്പെട്ടിരുന്ന ഒരു തടാകത്തിൽനിന്നു കൃഷിരക്ഷക്കായി ജലമെടുത്തുകൊണ്ടുപോകുവാൻതക്കുന്ന തോട്ടുകൾ നിൎമ്മിപ്പാനായി അശോകൻ സൌരാഷ്ട്രത്തിൽ (കാത്തിയവർ) അദ്ദേഹത്തിൻെറ ഭരണാധികാരിയായിരുന്ന തുഷാപ്പ് എന്ന പേർഷ്യക്കാരനെ ഏല്പിക്കുകയും, അതുപ്രകാരം ഒരു വമ്പിച്ച ജലവിതരണസ്ഥാപനമുണ്ടാക്കിത്തീരുകയും ചെയ്തതിനെക്കുറിച്ചും രുദ്രദാമൻെറ ശിലാരേഖയിൽ കാണുന്നുണ്ടു്. ഇതിൽനിന്നു കൃഷിത്തൊഴിലിൻെറ അഭിവൃദ്ധിക്കായും നിലത്തിൽനിന്നുള്ള മുതലെടുപ്പുവൎദ്ധിപ്പിക്കുവാനായും അശോകചക്രവൎത്തി കഴിയുന്നത്ര പരിശ്രമിച്ചിരുന്നുവെന്നു ദൃഷ്ടാന്തപ്പെടുന്നുണ്ടല്ലൊ. പ്രസ്തുത പരിശ്രമം തലസ്ഥാനനഗരിയിൽനിന്നു ഓരായിരത്തിലധികം നാഴിക ദൂരത്താണ് നടന്നിട്ടുള്ളതെന്നുകൂടി പ്രധാനമായി ആലോചിക്കേണ്ട വിഷയമാണ്.

നിലനികുതിപിരിപ്പാനായി പ്രത്യേകം കരംപിരിവധികാരിമാരുണ്ടായിരുന്നു. രാജ്യത്തിലെ മുഖ്യമായ മുതലെടുപ്പ് ഇന്നത്തെപ്പോലെ അന്നും നിലനികുതി തന്നെയായിരുന്നുവെന്നു പ്രത്യേകം പ്രസ്താവയോഗ്യമാണ്. കൃഷിചെയ്യാവുന്ന നിലമെല്ലാം അക്കാലത്തു രാജസ്വമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. നിലത്തിൽ നിന്നുള്ള ആദായത്തിൽ നാലിലൊന്നും ക്ലിപ്തമില്ലാത്ത ഒരു പാട്ടവും കൃഷിക്കാർ സർക്കാരിലേക്ക് കൊടുക്കേണ്ടതായുണ്ടായിരുന്നു. ആശാരിമാർ, ഇരിമ്പുപണിക്കാർ, ഖനികളിൽ പണിയെടുത്തിരുന്നവർ, ഇവരുടെയെല്ലാം മേൽനോട്ടവും രക്ഷയും നടത്തുവാൻ ഈ അധികാരിമാക്കു പ്രത്യേകമായ ചുമതലയുണ്ടായിരുന്നു. പാന്ഥന്മാക്കുള്ള മാൎഗ്ഗങ്ങൾ വിധിപോലെ പരിപാലിക്കപ്പെട്ടിരുന്നു. അനേകം പുതിയപാതകളുണ്ടാക്കുകയും പഴയവയുടെ കേടുകൾ തീക്കുകയുംചെയ്വാൻ പ്രത്യേകം ചില ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. എല്ലായിടങ്ങളിലും നാഴികക്കല്ലുകളുമുണ്ടായിരുന്നു. ഇതെല്ലാം ചന്ദ്രഗുപ്തന്റെ കാലത്തുതന്നെ ഏൎപ്പെടുത്തപ്പെട്ടിരുന്നുവെങ്കിലും പാന്ഥന്മാരുടെ സൌകൎയ്യത്തിന്നായി പാതകളുടെ ഓരങ്ങളിൽ തണൽമരങ്ങൾ നട്ടുവളൎത്തിക്കുകയും കിണറുകൾകുഴിപ്പിക്കുകയും ചെയ്തതു അശോകൻ മാത്രമായിരുന്നു.

സാൺ നദി ഗംഗയോടു ചേൎന്നിരുന്ന ദിക്കിലാണ് പാടലീപുത്രം സ്ഥിതിചെയ്തിരുന്നതു. ആ സ്ഥാനത്തുതന്നെയാണ് ഇന്നത്തെ പാററ്നയും ബാങ്കിപ്പുരവുമുള്ളതു. സാൺനദിയുടെ ഗതി പിൻകാലത്തു മാറീട്ടുള്ളതിനാൽ, ഇന്നു

ആ നദി ഗംഗയായി സംയോഗിക്കുന്നതു ധനപുരം എന്ന ദിക്കിലാണ്. പാടലീപുത്രം സുമാറു ഒമ്പതുനാഴിക നീളവും ഒന്നരനാഴിക വീതിയുമുള്ള ഒരു വമ്പിച്ചപട്ടണമായിരുന്നു. ഈ മഹാനഗരിക്കുചുററും മരംകൊണ്ടുണ്ടാക്കീട്ടുള്ള ഒരു പ്രാകാരവും അതിന്നു ചുററും ആഴമേറിയ കിടങ്ങുകളുമുണ്ടായിരുന്നു. ഈ പ്രാകാരത്തിൽ അവിടവിടെയായി അറുപത്തിനാലു നഗരമുഖങ്ങളും അഞ്ഞൂററിയെഴുപതു പ്രാസാദശിഖരങ്ങളുമുണ്ടായിരുന്നുവെന്നു മെഗസ്തനീസ് രേഖപ്പെടുത്തീട്ടുണ്ടു. അശോകൻ ഈ പ്രാകാരത്തിന്നുചുററും ഒരു വമ്പിച്ച കൽമ്മതിലുണ്ടാക്കിക്കുകയും നഗരത്തിന്നുള്ളിൽ അലങ്കാരധോരണിയോടുകൂടിയ അനേകം കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വാസ്തുവിദ്യാകുശലനായ അശോകനാൽ സ്ഥാപിതങ്ങളായ ഈ കെട്ടിടങ്ങൾ, അവയുടെ മാഹാത്മ്യത്താലും ഗംഭീരതയാലും, പിൻകാലങ്ങളിൽ ഗന്ധർവ്വനിർമ്മിതങ്ങളായി കല്പിക്കപ്പെട്ടിരുന്നുവത്രെ. ആ പുരാതന പട്ടണത്തിൻെറ മിക്കഭാഗവും ഇന്നു ഭൂഗർഭത്തിൽപ്പെട്ടു കിടക്കുകയാണ്. എന്നാൽ, മെഗസ്തനീസ്സിനാൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള പ്രാകാരത്തിൻെറ ചിലഭാഗങ്ങൾ അപ്പപ്പോഴത്തേ ഉൽഖനനത്താൽ പ്രത്യക്ഷീഭവിച്ചിട്ടുണ്ടു. അനേകം ശിലാഗൃഹങ്ങളുടെ നഷ്ടശിഷ്ടങ്ങളും കാണപ്പെട്ടിരിക്കുന്നു.

ഈ തേജോമയമായ തലസ്ഥാനനഗരിയുടെ ഭരണരീതി എത്രയും പരിഷ്കൃതമായ സമ്പ്രദായത്തിൽ രൂപവൽക്കരിക്കപ്പെട്ടതായിരുന്നു. അഞ്ചാളുകൾ വീതമുള്ള ആ

രു വിഭാഗങ്ങളാണ് ഭരണയന്ത്രത്തെ നിയന്ത്രിച്ചിരുന്നതു. ഒ
ന്നാമത്തെ വിഭാഗം.പലതരം കലകളേയും ഹസ്തവ്യവസായ
ങ്ങളേയും ഭരിച്ചുപോന്നിരുന്നു. വിദേശീയരെ കാത്തുകൊ
ള്ളുക, അവക്കുവേണ്ടസൌകയ്യങ്ങളുണ്ടാക്കിക്കൊട്ടുത്തുകൊ
ള്ളുക, എന്നിവയായിരുന്നു രണ്ടാംവിഭാഗത്തിൻെറ ചുമതല
കൾ. രോഗാതുരന്മാരായ പാരദേശീയക്ക് ചികത്സക്കുള്ള
ഏൎപ്പാടുകൾ ചെയ്തുകൊടുക്കുക, അവക്കു മരണം സംഭവി
ച്ചാൽ അവരുടെ ശവദാഹക്രിയകൾ നടത്തിക്കുക, കാലധ
ൎമ്മം പ്രാപിച്ചവരുടെ സ്വത്തുക്കൾ ശരിയായി രക്ഷിച്ചു അ
വരുടെ അനന്തരവകാശികളെ ഏല്പിക്കുക എന്നീപ്രവൃത്തി
കളെല്ലാം ഈ രണ്ടാം വിഭാഗക്കാരുടെ മുഖ്യചുമതലകള
യി പരിഗണിക്കപ്പെട്ടിരുന്നു. പരദേശക്കാർ രാജ്യം വിട്ടു
പോകുമ്പോൾ അവക്കുവേണ്ടതായ ദേഹരക്ഷക്കുള്ള ഏ
ൎപ്പാടും ഇവർ ചെയ്യേണ്ടതുണ്ടായിരുന്നു. മൂന്നാംവിഭാഗക്കാർ
ജനനമരണക്കണക്കു കുറിച്ചുവെപ്പാൻ ചുമതലപ്പെട്ടവരായി
രുന്നു. നാലാംവിഭാഗം വാണിജ്യസംബന്ധമായ കാൎയ്യങ്ങ
ളിലെല്ലാമേൎപ്പെട്ടിരുന്നു. ഇവർ തൂക്കങ്ങളും അളവുപാത്രങ്ങ
ളും പരിശോധിക്കുന്നതിൽ പ്രത്യേക നിഷ്കൃഷ്യോടെ വൎത്തി
ച്ചിരുന്നു. സാമാനങ്ങൾക്ക് ന്യായവിരോധമായ വിലകൾ
നിശ്ചയിക്കുന്നതിനെ തടയുവാനുള്ള അധികാരവും ഇവക്കു
ണ്ടായിരുന്നു. അഞ്ചാംവിഭാഗം, മനുഷ്യക്കുപകാരമുള്ള പ
ല പദാൎത്ഥങ്ങളേയും വ്യവസായശാലകളിൽവെച്ചുനിൎമ്മി
ക്കുന്നതിനെ പരിശോധിച്ചുപോന്നിരുന്നു. ആറാംവിഭാ
ഗത്തിലെ അംഗങ്ങൾ വിക്രയം ചെയ്യുന്ന എല്ലാപദാൎത്ഥങ്ങ

ളുടെയും വിലയിൽ 'ദശാംശം' സക്കാർ കരമായി വസൂലാക്കുന്നതിൽ ഏപ്പെട്ടിരുന്നു. 'ദശാംശം' കൊടുക്കാതെ കഴിപ്പാൻ ശ്രമിക്കുന്നതു വലിയ കുററമായിട്ടാണു ഗണിക്കപ്പെട്ടിരുന്നതു.

ചന്ദ്രഗുപ്തമൌൎയ്യനാലേൎപ്പെടുത്തപ്പെട്ട ഭരണസംബന്ധമായ മിക്ക നിയമങ്ങളും അശോകനാൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്നാണ് വിശ്വസിച്ചു പോരുന്നതു; എന്നാൽ ആവക നിയമങ്ങളുടെ ഭരണരീതിയിൽ തന്റെ പിതാമഹന്നുണ്ടായിരുന്ന നിഷ്ഠുരത അശോകന്നു ഒരിക്കലുമുണ്ടായിരുന്നില്ലെന്നു ഏതൊരു ചരിത്രകാരനും സമ്മതിക്കാതിരിക്കയില്ല. രാജ്യഭരണം സന്മാൎഗ്ഗവൎത്തികളായ പ്രജകളെ ലക്ഷ്യമാക്കി നടത്തേണ്ടതാണെന്നുള്ള ബോധം അശോകന്നു അന്യാദൃശമായ തരത്തിലുണ്ടായിരുന്നു; സ്വാൎത്ഥപരിത്യാഗം അദ്ദേഹത്താലനുഷ്ഠിതമായ ഒരു മുഖ്യവ്രതംകൂടിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ രാജ്യഭരണകാലത്തു പ്രജകൾക്കു എല്ലാവിധസൌഖ്യങ്ങളും ലഭിച്ചിട്ടുണ്ടായിരിക്കണമെന്നൂഹിക്കുന്നതിൽ അനൌചിത്യമില്ലല്ലോ. ഇത്രയുമല്ല, അശോകൻ തന്റെ ഭരണാധികാരിമാൎക്കു അപ്പപ്പോൾ നൽകിട്ടുള്ള പരമപാവനങ്ങളായ ഉപദേശങ്ങൾ ആ അധികാരിമാരാൽ വിധിപൂൎവ്വമാചരിക്കപ്പെട്ടിരുന്നുവെങ്കിൽ, അക്കാലത്തെ ഭാരതീയർ പരമഭാഗ്യവാന്മാരായി ജീവിച്ചിട്ടുണ്ടായിരിക്കണമെന്നുള്ളതിന്നു പക്ഷാന്തരമില്ല.

ചന്ദ്രഗുപ്തനിൽനിന്നു ബിന്ദുസാരനും ബിന്ദുസാരനിൽനിന്നു അശോകന്നും പൈതൃകമായി സിദ്ധിച്ച ആ മഹിമ

യേറിയ സാമ്രാജ്യത്തിൻെറ വിസ്താരത്തെക്കുറിച്ചാലോചി
ക്കുമ്പോൾ, അവരുടെ കാലത്തെ ഭരണയന്ത്രത്തിൻെറ ഘ
ടന തുലോം ശ്രേഷ്ഠവും ശത്രുക്കളെ ഭയവിഹ്വലരാക്കി
ത്തീക്ത്തക്ക സൈനികശക്തിയോടുക്രുടിയതുമായിരുന്നു
വെന്നു നിഷ്പ്രയാസം നമുക്കു മനസ്സിലാക്കാവുന്നതാണ്. ഇത്ര
യുമല്ല, മൌര്യ്യസാമ്രാജ്യത്തിലെ ആഭ്യന്തരഭരണത്തിൽ യാ
തൊരു കുഴപ്പവുമുണ്ടായിരുന്നില്ലെന്നും നമുക്കു തീച്ച്യയായുമ
നുമാനിക്കാം. ഇന്നത്തെപ്പോലുള്ള യാതൊരു സൌകര്യ്യങ്ങ
ളും അക്കാലത്തില്ലാതിരുന്നിട്ടും, ഇന്നത്തെ ബ്രിട്ടീഷിന്ത്യയെ
ക്കാൾ വലുതായ ഒരു സാമ്രാജ്യം അശോകചക്രവത്തിയാൽ
അഭ്യുദയത്തോടെ പരിപാലിക്കപ്പെട്ടതാലോചിക്കുമ്പോൾ
അക്കാലത്തെ യാതൊരുചക്രവത്തിമാരും അദ്ദേഹത്തിൻെറ
ആ മഹനീയമായ പദവിയിലെത്തത്തക്ക യോഗ്യതയുള്ളവ
രായിരുന്നില്ലെന്നു ചരിത്രകാരന്മാർ സംശയംക്രുടാതെ സമ്മ
തിക്കുന്നതിൽ ആശ്ചയ്യപ്പെടുവാനില്ല. ഇത്രയുമല്ല, തലസ്ഥാ
നനഗരിയായ പാടലീപുത്രത്തിൽനിന്നു ആയിരവും ആയിര
ത്തഞ്ഞൂറും നാഴിക ദൂരത്തോളം പരന്നുകിടന്നിരുന്ന രാജ്യങ്ങ
ളുടെ നാനാഭാഗത്തും രാജാവിൻെറ ആജ്ഞാശക്തി പ്രത്യ
ക്ഷീഭവിച്ചിരുന്നുവെന്നുള്ളതു വിസ്മയാവഹമെന്നല്ലാതെ മ
റെറന്തുപറയട്ടെ! തൻെറ വാഴ്ചതുടങ്ങിയ ഒമ്പതാംകൊല്ലത്തി
ൽ താൻ യാതൊരുതരം യുദ്ധത്തിലും എപ്പെടുന്നതല്ലെന്നു
അദ്ദേഹത്തിന്നു പ്രതിജ്ഞചെയ്യാൻ സാധിച്ചു; ആ പ്രതി
ജ്ഞയെ തൻെറ ദീഘമായ വാഴ്ചകാലം മുഴുവൻ അദ്ദേഹം
നിറവേററുകയുംചെയ്തു. കാരണംക്രുടാതെപോലും യുദ്ധംചെ

യ്ത്ത അയൽരാജ്യക്കാരുടെ രാജ്യങ്ങളെ കീഴടക്കുന്നതു ധമ്മശാസ്ത്രമായി കരുതപ്പെട്ട അക്കാലത്തു ശക്തിമാനായ അശോകൻ ഒരെ ഒരു യുദ്ധത്താൽത്തന്നെയുണ്ടായ മനോവേദന സഹിക്കവെയ്യാത്തവനായ്ത്തീൎന്ന് ആയുധം താഴത്തുവെച്ചതാലോചിച്ചാൽ പുണ്യശാലിയായ അദ്ദേഹത്തിൻെറ മഹാമനസ്കത യെക്കുറിച്ചു ആരാണു ആശ്ചയ്യപ്പെടാതിരിക്കുക! അക്കാലത്തെ സ്ഥിതിക്ക്, താൻമേലിൽ ഒരിക്കലും യുദ്ധംചെയ്യുന്നതല്ലെന്നു സത്യംചെയ്ത ശേഷം, ആ സത്യം നിറവേററുവാൻ അശോകന്നു കുറച്ചുപോലും പണിപ്പെടേണ്ടിവന്നില്ലെന്നതാലോചിക്കുമ്പോൾ അദ്ദേഹത്തിൻെറ സൈനികശക്തി രാജ്യവദ്ധനക്കായി കൊതിച്ചിരുന്ന മററു രാജാക്കന്മാരെ എത്രത്തോളം ഭയവിഹ്വലരാക്കീട്ടുണ്ടായിരിക്കേണമെന്നു ദ്ദഷ്ടാന്തപ്പെടുന്നില്ലയൊ ? കലഹപ്രിയന്മാരും അശാസനീയന്മാരുമായ അതൃത്തിരാജ്യവാസികളോടുപോലും അശോകചക്രവത്തി കാരുണ്യമുള്ളവനായി വത്തിച്ചിട്ടുള്ളതാലോചിച്ചാൽ അദ്ദേഹത്തിൻെറ ഗാംഭീയ്യത്തെപ്പററി ഏതൊരു തരത്തിലാണു വിവരിക്കേണ്ടതു! തൻെറ വിസ്തൃതമായ സാമ്രാജ്യത്തിൻെറ നാനാഭാഗവും പരോപകാരപ്രദങ്ങളായ അനേകം സ്ഥാപനങ്ങളാൽ ശോഭായമാനമാക്കിത്തീത്ത്, പ്രജകളുടെയിടയിൽ ധമ്മാനുഷ്ഠാനവും പുണ്യശീലവും വദ്ധിപ്പിപ്പാൻ ആജീവനാന്തം പരിശ്രമിച്ച ആ ധമ്മരാജാവിൻെറ മഹാത്മ്യങ്ങളെ സവിസ്തരം പ്രതിപാദിപ്പാൻ ആക്കാണ് സാധിക്കുക! ലോകത്തിൽ അശോകനേക്കാൾ മഹാനായ ഒരു ചക്രവത്തിയുണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണുന്നതല്ലെ

ന്നു ഒരിക്കൽക്കൂടി പറഞ്ഞുകൊള്ളട്ടെ. പരമദയാലുവും ഭരണതന്ത്രനിപുണനും പ്രജാക്ഷേമതല്പരനും ആദർശപുരുഷനമായ അശോകചക്രവർത്തിയുടെ കീർത്തി നിശ്ചഞ്ചലമായും ലോകമുള്ളകാലംമുഴുവനും നിലനില്ക്കാതിരിക്കയില്ല.

# മൂന്നാം അദ്ധ്യായം

## സ്മൃതിസ്തംഭങ്ങൾ

അശോകചക്രവർത്തി ഒട്ടാകെ എൺപത്തിനാലായിരം സ്തൂപങ്ങൾ നിർമ്മിച്ചുവെന്നാണ് ബൌദ്ധപൌരാണികന്മാർ പ്രസ്താവിച്ചിരിക്കുന്നതു. ഇതു അതിശയോക്തിയായിരിക്കാമെങ്കിലും അശോകൻ ഒരു മഹാനായ വാസ്തുവിദ്യാകുശലനായിരുന്നുവെന്നുള്ളതു തീർച്ചയാണ്. അദ്ദേഹത്താൽനിർമ്മിക്കപ്പെട്ട കെട്ടിടങ്ങളേയും സ്തൂപങ്ങളേയും പററി ഫാഹിയാൻ പറഞ്ഞിരിക്കുന്നതു താഴെ ഉദ്ധരിക്കാം.

"തലസ്ഥാനനഗരിയുടെ മദ്ധ്യത്തിലുള്ള രാജമന്ദിരവും മററനേകം കെട്ടിടങ്ങളും അദ്ദേഹത്തിൻെറ (അശോകൻെറ) ആൾക്കാരായിരുന്ന ദേവതകളാൽ നിർമ്മിക്കപ്പെട്ടവയാണ്. ഈ ദേവതകൾ അദ്ദേഹത്തിൻെറ കല്പനപ്രകാരം, കൽപ്പണിനടത്തുകയും, പ്രാകാരങ്ങളും പ്രാസാദശിഖരങ്ങളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ടു. ആ പ്രാകാരങ്ങളിലും

മററും ആശ്ചൎയ്യകരമായ കൊത്തുപണികൾ ചെയ്തിട്ടുള്ള തും ഈദേവതകൾതന്നെയാണ്."

എന്നാൽ ഫാഹിയാൻെറ കാലത്തിന്നുശേഷം ഇരുനൂറുകൊല്ലം കഴിഞ്ഞിട്ട ഹ്യൂൺസാങ്ങ് ഇന്ത്യയിൽസഞ്ചരിച്ചുകൊണ്ടിരിക്കെ പാടലീപുത്രത്തിൻെറ നഷ്ടശിഷ്ടങ്ങൾ മാത്രമേ അദ്ദേഹം കാണുകയുണ്ടായിട്ടുള്ളു; തലസ്ഥാനം അവിടെനിന്നു മാററപ്പെട്ടിട്ടുമുണ്ടായിരുന്നു. അശോകൻ നിൎമ്മിച്ചതായസന്ന്യാസി മഠങ്ങളും രാജമന്ദിരങ്ങളെപ്പോലെതന്നെ നാശമടഞ്ഞുപോയിട്ടുണ്ടായിരുന്നു. അവയിലൊന്നുപോലും ഇപ്പോൾ ശരിയായതരത്തിൽ നിലനിന്നു കാണാത്തതു പരിതാപകരംതന്നെ.

എന്നാൽ, സ്തൂപങ്ങളുടെ കാൎയ്യത്തിലാണ് അശോകൻ അത്യധികം ശ്രദ്ധവെച്ചിരുന്നത്. ഇവയെ നിൎമ്മിക്കുന്നതിൽ കണക്കില്ലാത്തത്ര പണം ചിലവാക്കപ്പെട്ടിട്ടുണ്ട്. അശോകൻെറ മുൻകാലങ്ങളിൽ, ബുദ്ധൻെറയൊ മററുപുണ്യാത്മാക്കളുടെയൊ സ്മൃതിചിഹ്നങ്ങളെ ശേഖരിച്ചു നിലനിൎത്തുവാനായിട്ടാണ് സ്തൂപങ്ങൾപണിചെയ്യപ്പെട്ടിരുന്നത്. അശോകൻെറ സ്തൂപങ്ങളെല്ലാം ഗോളാകൃതിയിലുള്ളവയായിരുന്നു. അവയുടെ ശിഖരങ്ങളിൽ ശിലാച്ഛത്രങ്ങളുമുണ്ടായിരിക്കും. പുണ്യസ്ഥലങ്ങൾ ദൎശിപ്പാൻ പുറപ്പെട്ടുപോകുന്നവൎക്ക ഈ സ്തംഭങ്ങൾ വളരെ ഉപയോഗമുള്ളവയായിരുന്നു. സ്തൂപങ്ങൾക്കുള്ളിൽ പലതരം സ്മൃതിചിഹ്നങ്ങൾ കാണപ്പെടുകയുണ്ടായിട്ടുണ്ടു. വിശേഷദിവസങ്ങളിൽ ബൌദ്ധന്മാർ ഈ സ്തൂപങ്ങളെ കേമമായി അലങ്കരിക്കുകപതിവാ

യിരുന്നവത്രെ. പണ്ടുകാലത്തു, ബുദ്ധമതക്കാരും ജൈനന്മാരും പലസ്തൂപങ്ങളും നിർമ്മിപ്പാൻ ദ്രവ്യം സംഭാവനചെയ്യുന്നവരുടെ പേരുകൾ ആ സ്തൂപങ്ങളിൽത്തന്നെ ഏതെങ്കിലുമൊരുഭാഗത്തു എഴുതിവെക്കുകയും പതിവുണ്ടായിരുന്നു.

ബൌദ്ധസ്മൃതിസ്തംഭങ്ങളുടെ ഉപരിഭാഗങ്ങളിൽ സിംഹം, ആന മുതലായമൃഗങ്ങളുടെയും മനുഷ്യരുടേയും രൂപങ്ങളാണ് കൊത്തിവെക്കപ്പെട്ടുകാണുക. ഒരുസ്തംഭത്തിന്റെ ഉച്ചസ്ഥാനത്തു ഒരുസ്ത്രീയുടെ വിഗ്രഹവും കൊത്തിവെക്കപ്പെട്ടിട്ടുണ്ടു.

ഒററക്കൽസ്തംഭങ്ങൾ കഴിയുന്നത്ര നിർമ്മിക്കുന്നതിൽ അശോകനു വലുതായ താല്പൎയ്യമുണ്ടായിരുന്നു. അദ്ദേഹത്താൽനിർമ്മിക്കപ്പെട്ട മിക്ക സ്തംഭങ്ങളും നല്ലശിലകൾ സുലഭമായി കിട്ടാവുന്ന ദിക്കുകളിൽനിന്നു വളരെ ദൂരത്താണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു. ഈ സ്തംഭങ്ങളുടെ വലിപ്പത്തേയും അവയുടെ നിർമ്മാണത്തിൽ പ്രത്യക്ഷീഭവിക്കുന്ന സംസ്കാരത്തേയും കുറിച്ചാലോചിക്കുമ്പോൾ മൌൎയ്യരാജാക്കന്മാരുടെ കാലത്തുണ്ടായിരുന്ന ശില്പശാസ്ത്രജ്ഞന്മാർ അവരുടെ തൊഴിലിൽ എത്രത്തോളം പാടവമുള്ളവരായിരുന്നുവെന്നു പ്രയാസംകൂടാതെ മനസ്സിലാക്കാവുന്നതാണ്.

അശോകന്റെ ശിലാലേഖനങ്ങളെ കാലക്രമമനുസരിച്ചു താഴെചേർക്കുംപ്രകാരമെടുക്കാവുന്നതാണ്:—

1. പതിനാലുപാഷാണ ശാസനങ്ങൾ.

2. ധൌളി, ജൌഗഡ, എന്നീദിക്കുകളിലെ 'കലിംഗശാസനങ്ങൾ.'

3. പ്രധാനങ്ങളായ ശിലാശാസനങ്ങൾ.
4. ഭാബ്രാ ശാസനം.
5. മൂന്ന് ഗുഹാ ലേഖനങ്ങൾ.
6. നീപ്പാളത്തിലെ ശാസനങ്ങൾ.
7. സപ്തശിലാശാസനങ്ങൾ.
8. ശിലാസ്തംഭശാസനങ്ങൾ.

ഇങ്ങിനെ ആകെ മുപ്പത്തിനാല ശാസനങ്ങളാണ് മുഖ്യമായുള്ളവ.

അശോകൻെറ കാലത്തു ബുദ്ധൻെറ വിഗ്രഹങ്ങളുണ്ടായിരുന്നതായി ഒരേടത്തും കാണുന്നില്ല. ആ മഹാനായ ആചാൎയ്യൻെറ സ്മരണക്കായി യാതൊരു വിഗ്രഹവുമില്ലാത്ത ഒരു ആസനം, ഒരു പാദപീഠം, ഒരു ചക്രം എന്നിവയാണ് അക്കാലത്തുപയോഗിക്കപ്പെട്ടിരുന്നതെന്നും ചരിത്രകാരന്മാരഭിപ്രായപ്പെടുന്നുണ്ട്.

---

# നാലാം അദ്ധ്യായം

## ഇന്ത്യയിലെ പുരാവൃത്തം

1

### കുടുംബവൃത്താന്തം

---

രാജഗൃഹം എന്ന പട്ടണത്തിൽ തലസ്ഥാനമുറപ്പിച്ച് രാജ്യഭാരം നടത്തിക്കൊണ്ടിരുന്ന ബിംബിസാരമഹാരാജാ

വിന്ന് അജാതശത്രു എന്ന ഒരു പുത്രനുണ്ടായിരുന്നു. അജാതശത്രുവിന്റെ പുത്രൻ ഉദയഭദ്രനും, അദ്ദേഹത്തിന്റെ പുത്രൻ മുണ്ഡനും, മുണ്ഡന്റെ പുത്രൻ കാകവൎണ്ണനും, കാകവൎണ്ണന്റെ പുത്രൻ സഹാലനും അയാളുടെ പുത്രൻ തുലകുചി എന്നാവനുമായിരുന്നു; ഇദ്ദേഹത്തിന്റെ പുത്രനായിരുന്നു മഹാമണ്ഡലൻ; അദ്ദേഹത്തിന്റെ പുത്രൻ പ്രസേനജിത്തും, പ്രസേനജിത്തിന്റെ പുത്രൻ നന്ദനുമായിരുന്നു. ഈ നന്ദന്റെ പുത്രനായിരുന്നു ബിന്ദുസാരൻ. ബിന്ദുസാരരാജാവ് പാടലീപുത്രത്തെ തലസ്ഥാനനഗരിയാക്കി രാജ്യഭാരം നടത്തിപ്പോന്നിരുന്നു. ഇദ്ദേഹത്തിന്ന് സുശീമൻ എന്ന ഒരുപുത്രനുണ്ടായിരുന്നു*.

ചമ്പാനഗരത്തിലെ ഒരു ബ്രാഹ്മണന്ന് രൂപവതിയായ ഒരു പുത്രിജനിച്ചു. ഈ പുത്രി രാജപത്നിയായ്ത്തീരുമെന്നും അവൾക്ക് രണ്ടു പുത്രന്മാരുണ്ടാകുമെന്നും അവരിലൊരുവൻ ഒരു വമ്പിച്ച സാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയും മറേറവൻ സൎവ്വസംഗപരിത്യാഗിയുമായ്ത്തീരുമെന്നും ദിവ്യനായ ഒരു ജ്യോത്സ്യൻ ബ്രാഹ്മണനെ അറിയിച്ചു. ഇതു ഫലപ്രദമാക്കിത്തീൎപ്പാൻ ആ ബ്രാഹ്മണൻ തന്റെ പുത്രിയെ ഏതോ തരത്തിൽ അരമനയിൽ പ്രവേശിപ്പിച്ചു. എന്നാൽ രാജപത്നിമാരുടെ അസൂയയാലും അസഹിഷ്ണുത

---

* ഈ വിവരമെല്ലാം 'അശോകവൎദ്ധനൻ' എന്ന ഗദ്യഗ്രന്ഥത്തെ അടിസ്ഥാനമാക്കീട്ടുള്ളതാണ. ഈ രാജവംശാവലിയിൽ ചന്ദ്രഗുപ്തന്റെ പേർപോലും പറഞ്ഞിട്ടില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ.

യാലും ആദ്യത്തിൽ ബിന്ദുസാരൻ പത്നിയാകുവാൻ അ വൾക്ക് ഭാഗ്യമുണ്ടായില്ല; രാജാവിൻെറയും പത്നിമാരുടെ യും ദാസിയാകുവാനെ കഴിഞ്ഞുള്ളു. അങ്ങിനെയിരിക്കെ ഒരുദിവസം, താൻ ദാസിയല്ലെന്നും ഒരു ബ്രാഹ്മണസ്ത്രീയാ ണെന്നുമുള്ള യഥാൎത്ഥമായ വിവരം രാജാവിനെ ധരിപ്പി പ്പാൻ അവൾക്ക സാധിച്ചു. ഇതുകേട്ടപ്പോൾ രാജാവിന്നു സ ന്തോഷമുണ്ടായി. തനിക്ക ന്യായപ്രകാരം വിവാഹം ചെ യ്യാൻ വിരോധമില്ലാത്ത ജാതിയിൽപ്പെട്ടവളായിരുന്ന ആ സുന്ദരിയായ കന്യകയെന്നറിഞ്ഞ ഉടനെ അദ്ദേഹം അവ ളെ യഥാവിധി പട്ടമഹിഷിയാക്കിത്തീൎക്കുകയുംചെയ്തു. അ വളുടെപേർ സുഭദ്രാംഗിയെന്നായിരുന്നു. അവൾക്ക് അ ശോകനെന്നും വിഗതാശോകനെന്നും രണ്ടു പുത്രന്മാരു ണ്ടായി.

ബിന്ദുസാരമഹാരാജാവ് തൻെറ മക്കളുടെ ജാതകങ്ങ ൾ പിംഗളവത്സജീവൻ എന്ന സന്ന്യാസിയെക്കൊണ്ട് ഗണി പ്പിക്കയുണ്ടായി. ജാതകപ്രകാരം അശോകന്ന് സിംഹാ സനാരോഹണത്തിന്നുള്ള ഭാഗ്യം പരിപൂൎത്തിയായുണ്ടായി രുന്നു. എന്നാൽ ബിന്ദുസാരന്ന് അശോകനെ തീരെ ഇഷ്ട മുണ്ടായിരുന്നില്ലെന്ന് ജ്യോത്സ്യന്ന് നല്ല ബോദ്ധ്യമുണ്ടായിരു ന്നതിനാൽ, ഈ വിവരം അദ്ദേഹം അശോകൻെറ മാതാവി നോടുമാത്രമേ പറകയുണ്ടായുള്ളു.

അങ്ങിനെയിരിക്കെ, തക്ഷശിലയിൽ വലുതായ ഒരു കലഹമുണ്ടായി. ഈ കലഹം നശിപ്പിപ്പാനായി ബിന്ദുസാ രൻ അശോകനെയാണ് നിയോഗിച്ചതു; എന്നാൽ അതി

ന്നുവേണ്ടതൽക്ക യുദ്ധസാമഗ്രികളൊന്നും കൊട്ടുക്കകയുമു ണ്ടായില്ല. അതിനെ ഗണ്യമാക്കാതെ, പിതാവിൻെറ ആജ്ഞയെ നിറവേററുവാനായി അശോകൻ സസന്തോഷം പുറപ്പെട്ടു. അപ്പോൾ അദ്ദേഹത്തിന്ന്, യുദ്ധത്തിന്നാവശ്യമായ എല്ലാപദാൎത്ഥങ്ങളും ദൈവഗത്യാ യാത്രാമദ്ധ്യേ സമ്പാദിപ്പാൻ സാധിച്ചു. അങ്ങിനെ ഒരു വമ്പിച്ച സൈന്യത്തോടുകൂടി അശോകൻ തക്ഷശിലയുടെ സമീപത്തിലെത്തിയപ്പോൾ, പൌരന്മാരെല്ലാവരും പട്ടണത്തിൽനിന്നു പുറത്തുവന്നു അദ്ദേഹത്തെ വിധിപോലെ മാനിച്ചു. അവരുടെ വെറുപ്പ് രാജാവിനോടൊ രാജകുമാരനോടൊ അല്ലായിരുന്നുവെന്നും ജനദ്രോഹികളായ ഭരണാധികാരികളോടുമാത്രമായിരുന്നുവെന്നും അവർ അദ്ദേഹത്തെ അറിയിക്കുകയും സംശയംകൂടാതെ അദ്ദേഹത്തിന്നു കീഴടങ്ങുകയും ചെയ്തു. അതിന്നുശേഷം അശോകൻ പാടലീപുത്രത്തിലേക്കു തിരിച്ചുചെന്നു.

മുമ്പൊരുകാലത്ത്; രാജാവിൻെറ പ്രഥമപുത്രനായ സുശീമൻ ഉദ്യാനത്തിൽനിന്നു അരമനയിലേക്കു മടങ്ങുംവഴിക്ക്, തൻെറ * കയ്യുറ നേരംപോക്കായി പ്രധാനമന്ത്രിയുടെ മുഖത്തേക്കെറിഞ്ഞു. ഇതുനിമിത്തം ആ മന്ത്രിമുഖ്യന്ന് സുശീമൻെറനേരിട്ട് വലുതായ അമൎഷമുണ്ടായി. അന്നുമുതൽ അദ്ദേഹം സുശീമൻെറ വിരോധിയായ്ത്തീരുകയും ഏതു വിധമെങ്കിലും അയാളെ രാജ്യഭ്രഷ്ടനാക്കി അശോകനെ

---

* കയ്യുറ ഒരുവൻെറ നേരിട്ടെറിയുന്നതു അവനോടുള്ള അലക്ഷ്യഭാവത്തെ സൂചിപ്പിക്കുന്നതായി കരുതപ്പെടുന്നു.

വാഴിക്കേണമെന്നുറക്കുകയും ചെയ്തു. മററുമന്ത്രിമാരും ഈ കാൎയ്യത്തിൽ പ്രധാനമന്ത്രിയുടെ അനുകൂലികളായിരുന്നു.

അക്കാലത്ത് തക്ഷശിലയിൽ വീണ്ടും കലഹമുണ്ടായി. അപ്പോഠം യുവരാജാവായ സുശീമനാണ് അങ്ങോട്ടയക്കപ്പെട്ടതു. രാജദ്രോഹികളെ അമൎത്തുവാൻ സുശീമനു സാധിച്ചില്ല. ആ സമയത്ത് വൃദ്ധനായ ബിന്ദുസാരൻ രോഗപീഡിതനായിരുന്നതുകൊണ്ട്, തൻെറ മരണാനന്തരം സുശീമനു ചെങ്കോലെടുപ്പാൻ പ്രയാസമില്ലാതാഴ്ത്തീരുവാൻഅദ്ദേഹം സുശീമനെ തലസ്ഥാനനഗരിയിലേക്കു മടക്കിവിളിച്ച് അശോകനെ തക്ഷശിലയിലേക്കയെച്ചു. എന്നാൽ, മന്ത്രിമാരെല്ലാവരും അശോകൻെറ പക്ഷക്കാരുമായിരുന്നു. ബിന്ദുസാരൻ പരലോകപ്രാപ്തനായ ഉടനെ അശോകൻ പാടലീപുത്രത്തിലേക്കു മടങ്ങിച്ചെന്ന്, രാധാഗുപ്തൻ എന്ന മന്ത്രിയുടേയും അനേകം രാക്ഷസന്മാരുടേയും സഹായത്താൽ സിംഹാസനം കൈവശപ്പെടുത്തി, സുശീമനെ ചതിച്ചു കൊലപ്പെടുത്തുകയും ചെയ്തു.

## 2

### ബുദ്ധമതസ്വീകാരം.

---

അശോകൻ ഇങ്ങിനെ രാജ്യഭാരം നടത്തിക്കൊണ്ടിരിക്കെ, "ഒരുസന്ദൎഭത്തിൽ, തൻെറ അഭിപ്രായത്തിന്നു വിരോധമായി എന്തൊ ചിലകാൎയ്യങ്ങഠം പ്രവൃത്തിച്ചവരായ അഞ്ഞൂറു മന്ത്രിമാരെ അദ്ദേഹം സ്വന്താ കയ്യാൽ കൊലപ്പെടുത്തുകയുണ്ടായി. വേറൊരിക്കൽ, അരമനയിലെ ചി

ലസ്ത്രീകൾ അദ്ദേഹത്തെ പരിഹസിപ്പാനായി രാജമന്ദിരത്തിലുണ്ടായിരുന്ന ഉദ്യാനത്തിലെ അശോകവൃക്ഷത്തിൻെറ ഇലകൾ കുറെ പറിച്ച് കീറിക്കളഞ്ഞു. ഇതുകേട്ടു ക്രുദ്ധിച്ച രാജാവ് അഞ്ഞൂറുസ്ത്രീകളെ ജീവനോടെ അഗ്നിയിലിട്ടു നശിപ്പിച്ചു." ഈ പ്രവൃത്തികളെല്ലാം കണ്ട് ഭയവിഹ്വലരായ മന്ത്രിമാർ, രാജാവിനോട് യാതൊരഭിപ്രായവും പറവാൻ ധൈര്യമില്ലാത്തവരായ്ത്തീൎന്നു. എങ്കിലും അവരിൽ ചിലർ, രാജാവു് സ്വന്തംകയ്യാൽ കൊലനടത്തുന്നതു ശരിയല്ലെന്നും അതിന്നായി ഒരു കൊലയാളിയെ നിയമിക്കുന്നതു ഉചിതമായിരിക്കുമെന്നും പ്രസ്താവിക്കുകയാൽ, അതിക്രൂരനായ ചന്ദനഗിരികയെന്നവൻ ഈ കൃത്യത്തിന്നായി അശോകനാൽ നിയമിക്കപ്പെട്ടു. ഈ ക്രൂരൻ തൻെറ മാതാപിതാക്കന്മാരെ കൊലപ്പെടുത്തീട്ടുള്ളവനായിരുന്നു. മൃഗങ്ങളെ കഠിനമായുപദ്രവിക്കുന്നതിൽ അയാൾക്ക് വല്ലതായ അഭിരുചിയുണ്ടായിരുന്നു. പുറത്തുനിന്നു നോക്കിയാൽ കമനീയമായ്തോന്നുന്ന ഒരു കാരാഗൃഹം ഇവന്നായി രാജാവ് പ്രത്യേകമായി പണിചെയ്യിച്ചു. ഇതിൽ പ്രവേശിച്ചിരുന്നവൎക്ക് ഏതെല്ലാംതരത്തിലുള്ള നരകങ്ങളാണ് അനുഭവിക്കേണ്ടിവന്നിരുന്നതെന്നു കണക്കില്ല. ഈ കാരാഗൃഹത്തിൽ കടക്കുന്നവർ ഒരിക്കലും ജീവനോടെ പുറത്തേക്കുപോകരുതെന്നായിരുന്നു അശോകൻെറ നിശ്ചയം.

അങ്ങിനെയിരിക്കെ, ഒരു ദിവസം ബാലപണ്ഡിതൻ എന്ന ഒരു സന്ന്യാസി അബദ്ധത്തിൽ ഇതിന്നുള്ളിൽ കടന്നുചെന്നു. ഉടനെതന്നെ കാരാദ്ധ്യക്ഷൻ അദ്ദേഹത്തെ ബ

ന്ധനസ്ഥനാക്കി; പിന്നീട് ഏഴുദിവസത്തെ വിരാമത്തിന്നു ശേഷം, കത്തിജ്വലിച്ചുകൊണ്ടിരുന്ന ഒരു അഗ്നികുണ്ഡത്തിലേക്ക് അദ്ദേഹത്തെ വലിച്ചിടുകയും ചെയ്തു. എന്നാൽ, ആ മഹാനായ യതീന്ദ്രൻ അഗ്നികുണ്ഡത്തിൽ ദിവ്യമായ ഒരു പത്മാസനത്തിൽ തേജസ്വിയായി സ്ഥിതിചെയ്യുന്നതുകണ്ട് ആശ്ചര്യഭരിതനായ്ത്തീന്ന ആ കാരാദ്ധ്യക്ഷൻ, വിവരം അശോകനെ അറിയിക്കുകയും അദ്ദേഹംതന്നെ ഈ സംഭവം നേരിട്ടുകണ്ടു തൃപ്തിപ്പെടുകയും ചെയ്തു. ഒട്ടുംതാമസിയാതെ അശോകൻ ഈ സന്യാസിയുടെ ഉപദേശത്താൽ ബുദ്ധമതം സ്വീകരിച്ച്, കുമാർഗ്ഗങ്ങളെല്ലാം പരിത്യജിക്കയും ചെയ്തു. തൽക്ഷണം ആ ഭയങ്കരമായ കാരാഗൃഹം നിശ്ശേഷം നശിപ്പിക്കപ്പെട്ടു; കാരാദ്ധ്യക്ഷനെ ജീവനോടെ അഗ്നിയിലിട്ടു കൊല്ലുകയും ചെയ്തു. ഈ കാരാഗൃഹം പാടലീപുത്രത്തിലായിരുന്നുവെന്നാണ് 'അശോകവദ്ധനൻ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു.

കാരാഗൃഹം നശിപ്പിച്ചശേഷം, ഉപഗുപ്തൻ എന്ന പുണ്യാത്മാവിൻെറ ഉപദേശത്താലാണ് അശോകൻ ബുദ്ധമതം സ്വീകരിച്ചതെന്ന് ഹ്യൂൺസാങ്ങ് അഭിപ്രായപ്പെടുന്നു. അശോകൻ, ഉപഗുപ്തൻെറ അഭിപ്രായമനുസരിച്ച് സാമ്രാജ്യത്തിലെ നാനാഭാഗത്തുണ്ടായിരുന്ന പ്രതിഭാശാലികളായവരെക്കൊണ്ടെല്ലാം പലേടങ്ങളിലും അനേകം സ്തൂപങ്ങൾ നിർമ്മിപ്പിച്ചു. ഈ സ്തൂപങ്ങൾ ബുദ്ധൻെറ സ്മൃതിചിഹ്നങ്ങൾ സൂക്ഷിപ്പാനുള്ളവയായിരുന്നു. ഒരു സൂര്യഗ്രഹണാവസരത്തിൽ

രാജാവിൻെറ കല്പനപ്രകാരം ബുദ്ധൻെറ സ്മൃതിചിഹ്നങ്ങൾ ഈ സ്തൂപങ്ങളിലെല്ലാം ഒരേസമയത്ത് സ്ഥാപിക്കപ്പെട്ടു. 'അശോകവർദ്ധനൻ' എന്ന ഗ്രന്ഥത്തിൽ ഈ സംഗതിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതു താഴെ ഉദ്ധരിക്കാം:—

"പൂജനീയനും പരമഭാഗ്യവാനുമായ അശോകൻ, മനുഷ്യസമുദായത്തിൻെറ അഭ്യുന്നതിക്കായി ഈ സ്തൂപങ്ങളെല്ലാം നിർമ്മിച്ചു. മുമ്പ് ഇദ്ദേഹത്തെ ക്രൂരനായ അശോകൻ എന്നാണ് പറഞ്ഞുവന്നിരുന്നതു. എന്നാൽ ഈ വിശിഷ്ടകർമ്മത്താൽ 'പുണ്യാത്മാവായ അശോകൻ' എന്ന അഭിധാനത്തിന്ന് ഇദ്ദേഹം അർഹനായ്ത്തീർന്നിരിക്കുന്നു."

### 3

### ദേശസഞ്ചാരം.

---

മുമ്പുപ്രസ്താവിച്ചപ്രകാരം അശോകൻ സാമ്രാജ്യത്തിൽ പലേടങ്ങളിലുമായി എണ്പത്തിനാലായിരം സ്തൂപങ്ങൾ നിർമ്മിച്ചശേഷം, പുണ്യസ്ഥലങ്ങൾ ദർശിക്കുന്നതിൽ വാഞ്ഛയുള്ളവനായ്ത്തീർന്നിട്ട്, കാലതാമസംകൂടാതെ, ഗുപ്തനെന്ന ഗന്ധവിക്രേതാവിൻെറ പുത്രനും സന്യാസിവര്യനുമായ ഉപഗുപ്തനെ ആളയച്ചുവരുത്തി അദ്ദേഹമൊന്നിച്ച് ദേശസഞ്ചാരത്തിന്നായി പുറപ്പെടുകയും ചെയ്തു. ഇവരുടെ കൂടെ പതിനെണ്ണായിരം ധാർമ്മികന്മാരായ പ്രജകളും യാത്ര ചെയ്തിരുന്നു.

അവർ ലുംബിനിയുദ്ധ്യാനത്തിലാണ് ആദ്യമായി ചെന്ന

ത്തു. അവിടെയെത്തിയപ്പോൾ ഉപഗുപ്തൻ അശോകനോടി പ്രകാരം പറഞ്ഞു: "പ്രഭോ, ഈ പുണ്യസ്ഥലത്താണ് പൂജ്യപാദരായ ബുദ്ധൻ ജാതനായതു. ദശ്നത്തിന്നു ശ്രേഷ്ഠനായ ആ മഹാത്മാവിൻെറ ഒന്നാമത്തെ സ്മാരകം ഇതാ ഈ കാണുന്നതാണ്. ജനിച്ച ഉടനെ ഈ സ്ഥലത്ത് അദ്ദേഹം ഏഴടിദൂരം നടക്കുകയുണ്ടായിട്ടുണ്ട്." ഈ സ്ഥലത്തും ഒരു സ്തൂപം സ്ഥാപിച്ച് അവിടുത്തെ ജനങ്ങൾക്ക് ഒരുലക്ഷം സ്വണ്ണനാണ്യം സംഭാവനചെയ്തശേഷം അവർ കപിലവസ്തുവിലേക്കു യാത്രചെയ്തു. അനന്തരം അവർ ബുദ്ധഗയയിൽപ്പോയി പാവനമായ ബോധിവൃക്ഷം സന്ദശിച്ച് അവിടേയും ഒരു സ്തൂപം പണിചെയ്യിക്കുകയും അവിടുത്തെ ജനങ്ങൾക്കു ഒരുലക്ഷം സ്വണ്ണനാണ്യങ്ങൾ സംഭാവനയായി കൊടുക്കുകയും ചെയ്തു. കാശിക്കടുത്തുണ്ടായിരുന്ന ഋഷിപട്ടണം, ബുദ്ധൻ നിവ്വാണംപ്രാപിച്ച സ്ഥലമായ കുശിനഗരം, എന്നീസ്ഥലങ്ങളും അശോകനാൽ സന്ദശിക്കപ്പെട്ടു. വളരെക്കാലം ബുദ്ധൻ മതോപദേശം ചെയ്തു പാത്തതായ ശ്രാവസ്തിയിൽ അദ്ദേഹത്തിൻെറ ശിഷ്യന്മാരായ ശാരിപുത്രൻ, മൌദ്ഗലായനൻ, മഹാകാശ്യപൻ എന്നിവരുടെ സ്മരണയെ നിലനിത്തുവാനായും ഓരോ സ്തൂപങ്ങൾ നിമ്മിക്കപ്പെട്ടു. ബുദ്ധൻെറ പ്രധാനശിഷ്യനായിരുന്ന ആനന്ദൻെറ സ്തൂപത്തിനായി അറുപതുലക്ഷം സ്വണ്ണനാണ്യം അശോകനാൽ സംഭാവനചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്.

## 4

### വീതാശോകൻ.

അശോകൻെറ സഹോദരനായ വീതാശോകൻ ബുദ്ധമതക്കാരനല്ലായിരുന്നു; അദ്ദേഹം ബൌദ്ധസന്യാസിമാരെ അധിക്ഷേപിക്കുകയും പതിവായിരുന്നു. ഈ സന്യാസിമാർ സുഖാനുഭോഗങ്ങളിച്ഛിക്കുന്നവരും കഷ്ടപ്പാടുകളെ ഭയപ്പെടുന്നവരുമായിരുന്നുവെന്നാണ് വീതാശോകൻ പ്രസ്താവിച്ചിരുന്നതു. തൻെറ സഹോദരനെ ബുദ്ധമതത്തിൽ ചേർക്കുവാൻ അശോകൻ യത്നിച്ചപ്പോരം, അദ്ദേഹം സന്യാസിമാരുടെ ഒരു അടിമമാത്രമായിരുന്നുവെന്നു പ്രസ്താവിച്ച് അദ്ദേഹത്തെ എതൃക്കുകയാണ് വീതാശോകൻ ചെയ്തതു. അതിനാൽ രാജാവ് അയാളെ മതത്തിൽ ചേർക്കുവാൻ ഒരു ഉപായമുണ്ടാക്കിത്തീർത്തു.

അദ്ദേഹത്തിൻെറ ഉപദേശപ്രകാരം, മന്ത്രിമാർ വീതാശോകനെ രാജചിഹ്നങ്ങരംധരിപ്പിച്ച് സിംഹാസനം കൈവശപ്പെടുത്തുവാൻ വാഞ്ഛയുള്ളവനാക്കിത്തീർത്തു. ഇതുകേട്ടപ്പോരം രാജാവ് വളരെ ക്രോധഭാവം കൈക്കൊണ്ട് തൽക്ഷണം അയാളെ കൊലപ്പെടുത്തുവാനാജ്ഞാപിക്കുകയും ചെയ്തു. പിന്നീട്, അശോകൻ മന്ത്രിമാരുടെ അപേക്ഷപ്രകാരമാണെന്നനിലയിൽ അയാരംക്ക് ഏഴുദിവസത്തെ വിരാമമനുവദിക്കുകയും ഈ ഏഴുദിവസം ആത്മരക്ഷക്കായി വേണ്ടുന്നതുപ്രവൃത്തിപ്പാൻ അയാളെ അനുവദിക്കുകയും ചെയ്തു. എന്നാൽ, ഈ ഏഴുദിവസത്തിലകം മരണത്തെപ്പററിയുള്ള

ചിന്തയാൽ ഭയവിഹ്വലനായ്ത്തീൎന്ന രാജസഹോദരൻ ബുദ്ധമതംസ്വീകരിച്ച് ഒരു സന്ന്യാസിയായ്ത്തീൎന്നു. അയാൾക്ക് മതോപദേശം നൽകിയതു 'സ്ഥാവീരയശസ്സ്' എന്ന യതീന്ദ്രനായിരുന്നു. ഇദ്ദേഹത്തിന്റെ അപേക്ഷപ്രകാരം രാജാവ് വീതാശോകന്നു രാജദ്രോഹകുററത്തിന്നു മാപ്പുകൊടുക്കുകയും, അയാൾക്കു പ്രത്യേകമായി ഒരു സന്ന്യാസിമഠം രാജമന്ദിരത്തിന്റെ സന്നിധിയിൽത്തന്നെ പണിചെയ്യിച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ, കുറെനാൾചെന്നശേഷം വീതാശോകൻ ഇവിടംവിട്ട്, 'കുക്കുടാരാമത്തിൽ' ചെന്നുചേൎന്നു; അനന്തരം അദ്ദേഹം കുക്കുടാരാമത്തിൽനിന്നും വിട്ടുപിരിഞ്ഞ് വിദേശനഗരത്തിലേക്കും യാത്രചെയ്തു. കുറെക്കാലം കഴിഞ്ഞശേഷം, ശരിയായ ഒരു ബൌദ്ധസന്ന്യാസിയായ്ത്തീൎന്ന വീതാശോകൻ രാജമന്ദിരത്തിലേക്കു മടങ്ങിച്ചെന്നപ്പോൾ അശോകൻ അദ്ദേഹത്തെ ഏററവും ഭക്തിയോടെ സ്വീകരിച്ച് വിധിപൂൎവ്വം മാനിച്ചു. പുണ്യാത്മാവായ്ത്തീൎന്ന ഈ രാജസഹോദരൻ പിന്നീട് അശോകനെ വിട്ടുപിരിഞ്ഞ്, അതിരാജ്യത്തിന്നപ്പുറമുണ്ടായിരുന്ന ഒരുമഠത്തിൽപോയി കാലശേഷം നയിക്കുകയാണുണ്ടായതു.

അക്കാലത്ത്, ബ്രാഹ്മണസന്ന്യാസിമാരുടെ അനുഗാമിയായിരുന്ന ഒരുവൻ ബങ്കാളത്തിലെ പുണ്ഡ്രവൎദ്ധനത്തിലുണ്ടായിരുന്ന ഒരു ബുദ്ധവിഗ്രഹം മതഭ്രാന്തുനിമിത്തം തല്ലിപ്പൊട്ടിക്കുകയുണ്ടായി. ഈ കഠിനകൃത്യത്തിന്റെ പ്രതിവിധിയായി അശോകന്റെ കല്പനയാൽ ആ നഗരവാസികളാ

യ പതിനെണ്ണായിരം ജനങ്ങൾ * നിർദ്ദയം കൊല്ലപ്പെട്ടു. മററൊരു സന്ദർഭത്തിൽ, വേറൊരു മതഭ്രാന്തൻ, പാടലീപുത്രത്തിലെ ഒരു ബുദ്ധവിഗ്രഹത്തെ അതിൻെറ സ്ഥാനത്തിൽനിന്ന് ദൂരത്തു വലിച്ചിട്ടു. ഇതിന്നായി, രാജാവ് ആ മതഭ്രാന്തനേയും അയാളുടെ ബന്ധുക്കൾ, സ്നേഹിതന്മാർ എന്നിവരേയും ജീവനോടെ അഗ്നിയിലിട്ടു കൊലപ്പെടുത്തി. ഇത്രയുമല്ല, ബ്രാഹ്മണസന്യാസിമാരുടെ ശിരച്ഛേദംചെയ്ത് അതു രാജാവിന്നു കാഴ്ചവെച്ചാൽ ശിരസ്സൊന്നുക്ക് ഇന്നതുവിതം സമ്മാനംകൊടുക്കുന്നതാണെന്നുള്ള ഒരു വിളംബരവും അക്കാലത്തു പ്രസിദ്ധമാക്കപ്പെട്ടു.

ഈ വിളംബരം പ്രചരിച്ചുകൊണ്ടിരിക്കെ, ഒരുദിവസം, ഭിക്ഷുവേഷധാരിയായ വിഗതാശോകൻ ഒരു ഗോപാലൻെറ കുടിലിൽ രാത്രികാലം കഴിപ്പാനായി കയറിച്ചെന്നു. അതിഥിയുടെ പ്രകീർണ്ണരൂപംകണ്ട്, അയാൾ വല്ല്യനായ ഒരു ബ്രാഹ്മണസന്യാസിയായിരിക്കുമെന്നു കരുതി, അയാളെ കൊലപ്പെടുത്തി രാജസമ്മാനം വാങ്ങുവാനായി ഗോപാലപത്നി അവളുടെ ഭത്താവിനെ പ്രേരിപ്പിക്കുകയും അതുപ്രകാരം ആ ഗോപാലൻ വിഗതാശോകൻെറ ശിരസ്സ് രാജാവിൻെറ മുമ്പിൽ കാഴ്ചവെക്കുകയുംചെയ്തു. ഇതുകണ്ടപ്പോൾ അശോകൻ വിറച്ചുപോയി തൻെറ! കല്പനയുടെ ക്രൌര്യം കാലതാമസംകൂടാതെ തനിക്കുതന്നെ അനുഭവ

* ഇവയെല്ലാം വെറും കെട്ടുകഥകളാണെന്നു ആദ്യത്തെ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ പ്രത്യേകം സ്മരിക്കുമല്ലോ.

പ്പെട്ടു; ശോകസന്തപ്തനായ അദ്ദേഹം തൽക്ഷണം ആ വിളംബരം റദ്ദാക്കുകയുംചെയ്തു. ഇത്രയുമല്ല, മേലിൽ തന്റെ സാമ്രാജ്യത്തിൽ യാതൊരാളെയും യാതൊരു കുററത്തിന്നും കൊലപ്പെടുത്തുന്നതല്ലെന്നും * അദ്ദേഹം തീച്ച്പ്പെടുത്തി.

ഇതേസംഗതി ഫാഹിയാൻ മറെറാരു തരത്തിലാണ്, പ്രസ്താവിച്ചിട്ടുള്ളതു. രാജസഹോദരന്റെ പേരെന്തായിരുന്നുവെന്ന്അദ്ദേഹംപറഞ്ഞിട്ടില്ല. അശോകന്റെ ഇളയ സഹോദരൻ സവ്വസാംഗപരിത്യാഗിയായ്ത്തീന്ന്, രാജഗൃഹം എന്ന ദിക്കിന്നരികിലുണ്ടായിരുന്ന ഒരു അദ്രിശിഖരത്തിൽ ജീവിച്ചിരുന്നുവെന്നും കാലാന്തരത്തിൽ അദ്ദേഹം മഹാപുണ്യാത്മാവായ്ത്തീന്നുവെന്നും മാത്രമെ ആ ചീനായാത്രികൻ പറയുന്നുള്ളു. രാജാവ് ആ സന്ന്യാസിയെ ഒരിക്കൽ അരമനയിലേക്കുക്ഷണിക്കയുണ്ടായി; പക്ഷെ, അദ്ദേഹം അതു സ്വീകരിച്ചില്ല അപ്പോൾ അദ്ദേഹത്തിന്റെ വിശ്രമസ്ഥലമായി പാടലീപുത്രത്തിൽ ത്തന്നെ ഒരു ശൈലമുണ്ടാക്കിക്കൊടുക്കാമെന്നു രാജാവ് പ്രതിജ്ഞചെയ്തു. അനന്തരം തന്റെ രാജ്യത്തുള്ള ധീമാന്മാരായ പ്രജകളെയെല്ലാം ഒരുവലിയ വിരുന്നിന്നായിക്ഷണിച്ച്, അവരറിവാനായി അശോകൻ ഇപ്രകാരം വിളംബരപ്പെടുത്തി.—"നാളത്തെ വിരുന്നിന്നായി ഞാൻ നിങ്ങളെയെല്ലാം ഭക്തിപൂവ്വം ക്ഷണിച്ചുകൊള്ളുന്നു. എന്നാൽ

---

* ഒന്നാമദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ള ശിലാശാസനംനോക്കിയാൽഅശോകൻ മരണശിക്ഷയെ നിത്തിക്കളകയുണ്ടായിട്ടില്ലെന്നു പ്രത്യക്ഷമാകുന്നുണ്ട്.

നിങ്ങൾക്കു യഥോചിതം ആസനങ്ങൾ നൽകുവാൻ ഇവിടെ സൌകൎയ്യക്കുറവുള്ളതിനാൽ നിങ്ങളെല്ലാവരും അവരവൎക്കുള്ള ആസനങ്ങൾ കൊണ്ടുവന്നാൽക്കൊള്ളാം.” പിറെറന്ന് രാജ്യത്തുള്ള മഹാജനങ്ങളെല്ലാവരും അരമനയിൽ ചെന്നുചേൎന്നു. അവൎക്കിരിപ്പാനായി ചതുരത്തിലുള്ള ഓരോകല്ലുകളും അവർ കൊണ്ടുചെന്നിരുന്നു. വിരുന്നൂട്ടുകഴിഞ്ഞശേഷം, അശോകൻ അവരോട് ആ കല്ലുകളെല്ലാമൊന്നിച്ചുകൂട്ടുവാനപേക്ഷിക്കുകയും അതുപ്രകാര പാടലീപുത്രത്തിൽ ഒരു വലിയ ശിലാശൈലമുണ്ടാകുകയുംചെയ്തു. അതിൻെറ സമീപത്തായി 35 അടി നീളവും 22 അടിവീതിയും 77 അടി പൊക്കവുമുള്ള ഒരു ശിലാമണ്ഡപവുമുണ്ടാക്കപ്പെട്ടു.

ഈ സന്യാസിയുടെ പേർ മഹേന്ദ്രൻ എന്നായിരുന്നുവെന്നാണ് ഹ്യൂൺസാങ്ങ് പ്രസ്താവിക്കുന്നതു.

## 5

### സിംഹളത്തിലെ ബുദ്ധമതപ്രചരണം

---

വാഴ്ചതുടങ്ങിയ ആദ്യകാലത്ത് അശോകന്ന് ഒരു ഇളയ സഹോദരനുണ്ടായിരുന്നു. ഈ യുവാവ് അതിവ്യയം ചെയ്തിരുന്നവനും ക്രൂരനുമായിരുന്നു. ചക്രവൎത്തിക്കുമാത്രം ധരിക്കാവുന്നതായ വസ്ത്രാലങ്കാരങ്ങളും അയാൾ എപ്പോഴും ധരിച്ചിരുന്നു. അയാളുടെ ദുൎന്നടവടികൾനിമിത്തം പ്രജകൾ അമൎഷണന്മാരായ്ത്തീരുകയും അതിനാൽ മന്ത്രിമാർ രാജാവിനോട് അയാളെപ്പററി ആക്ഷേപിക്കുകയുംചെയ്തു. അവർ രാജാവിനോടിപ്രകാരം പറഞ്ഞു:—“പ്രഭൊ, വൃഥാഭിമാനി

യായ താങ്കളുടെ സഹോദരൻ അതിരുകവിഞ്ഞ പല പ്ര വൃത്തികളും നടത്തുന്നുണ്ട്. അയാളുടെ നാട്യം ഏറ്റവും ആ ക്ഷേപാർഹമായിത്തീർന്നിരിക്കുന്നു. രാജശക്തി പക്ഷപാതശൂ ന്യമായി നിലനില്ക്കുന്നകാലത്തോളം ജനങ്ങൾ സന്തുഷ്ടന്മാ രായി വർത്തിക്കും; പ്രജകൾ സന്തുഷ്ടന്മാരായിരിക്കുന്ന കാല ത്തോളം രാജാവ് ശാന്തമായി രാജ്യഭാരം നടത്തും; നമ്മുടെ പ്രാചീനന്മാരാൽ പ്രദാനംചെയ്യപ്പെട്ടതായ ഭരണസമ്പ്ര ദായത്തെ തിരുമേനി അത്യന്തം ശ്രദ്ധയോടെ നിലനിർത്തി പ്പോരുകയും അവയ്ക്കു പ്രതികൂലികളായിത്തീരുന്നവരെ കഠിന മായി ശാസിക്കുകയും ചെയ്യണമെന്നു അടിയങ്ങൾ വിനയ പൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു."

അതുകേട്ടു ശോകസന്തപ്തനായിത്തീർന്ന അശോകൻ ക ണ്ണീർ വാർത്തുകൊണ്ടു തന്റെ സഹോദരനോടു ഇപ്രകാരംപ റഞ്ഞു:—"എന്റെ പ്രജകളെ സന്തുഷ്ടരാക്കുംവണ്ണം രക്ഷിക്കേ ണ്ടതായ ചുമതല പൈതൃകമായി എന്നിൽ വന്നുചേർന്നിരി ക്കുന്നു. എന്റെ സഹോദരനായ നീതന്നെ നിന്നോടെനിക്കു ള്ള പ്രേമഭാവം മറന്നിരിക്കുന്നുവല്ലോ! എന്റെ വാഴ്ചയുടെ ആദ്യകാലത്തുതന്നെ നിയമങ്ങളെ അനാദരിക്കുകയെന്നുള്ള തു എനിക്കസാധിക്കയില്ല. നിന്നെ ശിക്ഷിച്ചാൽ, പിതൃശാ പമുണ്ടായാലോ എന്നു ഞാൻ ഭയപ്പെടുന്നു. നിന്റെ അ പരാധങ്ങളെ ഗണ്യമാക്കാതിരുന്നാൽ പ്രജകളുടെയിടയിൽ എന്നെപ്പറ്റി ദുരഭിപ്രായമുണ്ടാകുകയും ചെയ്യും! ഞാനെ ന്തുചെയ്യേണ്ടു!"

രാജകുമാരൻ തന്റെ തെറ്റുകളെല്ലാം സമ്മതിക്കു

കയും തനിക്ക് ഏഴുദിവസത്തെ വിരാമം മാത്രം കിട്ടിയാൽ മതിയെന്നപേക്ഷിക്കുകയും ചെയ്തു. * അതുപ്രകാരം, അയാൾ ഒരു ഇരുട്ടറയിലിട്ടടക്കപ്പെട്ടുവെങ്കിലും ഭക്ഷണപദാൎത്ഥങ്ങളും സുഖസാമഗ്രികളും അയാൾക്ക് യഥേഷ്ടം നൽകപ്പെട്ടിരുന്നു. ആദ്യത്തെദിവസമവസാനിച്ചതോടുകൂടി കാരാഗൃഹപാലൻ, "ഒരു ദിവസം കഴിഞ്ഞു; ഇനി ആറുദിവസമെ ബാക്കിയുള്ളൂ" എന്നു തടവുകാരനോട് ഉച്ചത്തിൽപറഞ്ഞു. ഇങ്ങിനെ ഓരോദിവസവും പറഞ്ഞുകൊണ്ടിരുന്നു. ആറുദിവസമവസാനിച്ചപ്പോഴെക്കും തടവുകാരൻെറ പശ്ചാത്താപവും മറ്റു സംസ്കാരങ്ങളും പൂൎത്തീകരിച്ചു. തൽക്ഷണം അദ്ദേഹം ഒരു മഹാപുണ്യാത്മാവായ്ത്തീരുകയും തനിക്കുസിദ്ധിച്ച അൽഭുതശക്തിയാൽ ആകാശത്തിലോട്ടുയരുകയും ചെയ്തു. ഈ സംഭവം കാണ്മാനായി അശോകൻ കാരാഗൃഹത്തിന്നരികിലേക്കു ചെന്നിരുന്നു. ഇത്ര ശ്രേഷ്ഠമായ പദവി ലഭിച്ചുകഴിഞ്ഞിരുന്നവനായ അദ്ദേഹം അവദ്ധ്യനായ്ത്തീൎന്നിരിക്കുന്നുവെന്നും അതിനാൽ മേലിൽ അദ്ദേഹത്തിന്നു സ്വസ്ഥാനത്തേക്കുതന്നെ മടങ്ങാമെന്നും രാജാവു കല്പിച്ചു. എന്നാൽ, തനിക്ക് ലോകവ്യാപാരത്തിൽ പ്രവേശിപ്പാനിഷ്ടമില്ലാതായിരിക്കുന്നുവെന്നും ഏകാകിത്വമാണ് താൻ കാംക്ഷിക്കുന്നതെന്നുമാണ് മഹേന്ദ്രൻ മറുവടി പറഞ്ഞതു. അപ്പോൾ രാജാവ്, മഹേന്ദ്രന്ന് ശാന്തചിത്തനായി വസിക്കത്തക്ക ഒരു ആശ്രമം പാടലീപുത്രത്തിൽത്തന്നെ ഉണ്ടാക്കിക്കൊടു

---

* സിലോണിലെ കഥയിൽ തിഷ്യൻ’ എന്ന രാജകുമാരനെപ്പറ്റി പറഞ്ഞിരിക്കുന്നതു നോക്കുക.

ക്കാമെന്നോല്ലുകയും, ധീമാന്മാരായ പ്രജകളെ ക്ഷണിച്ചുവരുത്തി ഒരു വിരുന്നുനടത്തി, മുമ്പുപ്രസ്താവിച്ചപ്രകാരം ഒരു ശിലാമഠം സ്ഥാപിക്കുകയുംചെയ്തു. ബുദ്ധമതം സ്വീകരിച്ചശേഷം മഹേന്ദ്രൻ ദക്ഷിണേന്ത്യയിലേക്കു യാത്രചെയ്ത്, കാവേരി കടലിൽചേരുന്നദിക്കിൽ ഒരു സന്യാസിമഠം സ്ഥാപിച്ചു.

അതിന്നുശേഷം, അദ്ദേഹം തൻെറ അത്ഭുതശക്തി പ്രയോഗിച്ച് സിംഹളദ്വീപിൽ (സിലോണിൽ) ചെല്ലുകയും അവിടെ ബുദ്ധമതം പരത്തുകയും ചെയ്തു. ഈ ബൌദ്ധസന്യാസിയുടെ പ്രവേശനത്തിന്നുമുമ്പ് സിലോണിലെ നിവാസികൾ 'ദുഷിച്ച് നാശംപിടിച്ച മതാചാരങ്ങളോടുകൂടിയവരായിരുന്നു.' എന്നാൽ, ഹ്യൂൻസാങ്ങിൻെറ അഭിപ്രായപ്രകാരം സിംഹളദ്വീപ് ബുദ്ധമതം സ്വീകരിച്ചതു ബുദ്ധൻെറ നിർവ്വാണംകഴിഞ്ഞ് ഒരു നൂറുകൊല്ലംകഴിഞ്ഞിട്ടാണ്.

## 6

### കുനാലചരിത്രം

അശോകൻെറ പുത്രനായ കുനാലൻ എന്നവൻെറ ദൃഷ്ടികൾ പറിച്ചെടുത്തിട്ടതായ പ്രദേശത്തു സ്ഥാപിച്ചിട്ടുള്ളതാണെന്ന നിലക്ക് ക്രിസ്തുവിന്നുശേഷം ഏഴാം നൂററാണ്ടിൽ തക്ഷശിലയിലെ ഒരു സ്തൂപം അക്കാലത്തെ യാത്രികന്മാർക്കു ജനങ്ങൾ കാണിച്ചുകൊടുക്കുക പതിവായിരുന്നുപോൽ. ആ കുനാലൻെറ ചരിത്രം ഇപ്രകാരമാണ്:—

തൻെറ പ്രേമഭാജനമായ അസന്ധിമിത്ര എന്ന പ

ത്നി മരിച്ചശേഷം അശോകചക്രവൎത്തി, ദുർവൃത്തയായ തിഷ്യരക്ഷിതാ എന്ന ഒരു സ്ത്രീയെ വിവാഹംചെയ്തു. അസന്ധിമിത്രയുടെ പുത്രനായിരുന്നു കുനാലൻ. സൎവ്വാംഗസുന്ദരനായ ഈ രാജകുമാരന്റെ നേത്രങ്ങൾക്ക് പ്രത്യേകമായ മനോജ്ഞതയുണ്ടായിരുന്നു. തിഷ്യരക്ഷിതക്ക് കുനാലനെ പ്രാപിപ്പാനാസക്തിയുണ്ടായി. അവളുടെ ആഗ്രഹത്തിന്നു രാജകുമാരൻ വഴിപ്പെടാതിരുന്നപ്പോൾ അതുവരെ വളരെ സ്നേഹം നടിച്ചിരുന്നവളായ ആ ദുഷ്ടനാരി അദ്ദേഹത്തെ അത്യന്തം വെറുത്തു. തന്റെ ധൎമ്മശീലത്താൽ അധഃകാരിണിയായ രാജപത്നിക്ക് അസഹനീയമായ ലജ്ജയുണ്ടാക്കിത്തീൎത്ത മനോഹരരൂപനായ ആ രാജകുമാരനെ ഏതുവിധമെങ്കിലും നശിപ്പിക്കേണമെന്നു തീൎച്ചപ്പെടുത്തീട്ട്, തിഷ്യരക്ഷിത അതിന്നായി ഒരു ഉപായമുണ്ടാക്കി. അതുപ്രകാരം തലസ്ഥാനനഗരത്തിൽനിന്ന് എത്രയോ അകലത്തു തക്ഷശിലയിലെ ഭരണാധികാരിയായി കുനാലനെ അയപ്പാൻ മധുരവചനങ്ങളാൽ അവൾ ഭൎത്താവിനെ പ്രേരിപ്പിച്ചു.

പിതൃനിയോഗപ്രകാരം രാജകുമാരൻ തക്ഷശിലയിലേക്കു പുറപ്പെട്ട അവസരത്തിൽ, രാജശാസനത്തിൽ മുദ്രവെച്ചിട്ടുള്ളേടത്തു തന്റെ പല്ലിന്റെ അടയാളം കാണുന്നതായാൽ അതു ശരിയായ കല്പനയായി കരുതിക്കൊള്ളേണമെന്ന് അശോകൻ അയാളോടുപദേശിക്കയുണ്ടായി. ഈ രാജപ്രതിനിധി തക്ഷശിലയിൽ ശ്രേഷ്ഠമായരീതിയിൽ കുറെക്കാലം ഭരണം നടത്തിപ്പോന്നു. എന്നാൽ, രാജപത്നി

യുടെ കോപം നാൾക്കുനാൾ വൎദ്ധിച്ചുകൊണ്ടുതന്നെവന്നു. അവൾ കുനാലനെ നശിപ്പിപ്പാനുള്ള അവസരം പാൎത്തുകൊണ്ടിരിക്കയായിരുന്നു. അങ്ങിനെ കുറെനാൾ ചെന്നശേഷം അവൾ "ഈ കല്പനകിട്ടിയ ഉടൻ രാജപ്രതിനിധിയായ കുനാലന്റെ കണ്ണുകൾ കുത്തിക്കളയുക; തൽക്ഷണം അദ്ദേഹത്തേയും പത്നിയേയും കാട്ടിലേക്കോടിക്കുകയുംചെയ്ക" എന്ന ഒരു രാജശാസനം കൃത്രിമമായുണ്ടാക്കി, രാജാവ് നിദ്രപ്രാപിച്ചുകൊണ്ടിരിക്കെ, അദ്ദേഹത്തെ ലേശംപോലുമറിയിക്കാതെ അദ്ദേഹത്തിന്റെ ദന്തചിഹ്നം ശാസനത്തിലുണ്ടാക്കി ത്വരിതഗതിയിൽ അതിനെ തക്ഷശിലയിലെ മന്ത്രിമാൎക്കയച്ചുകൊടുത്തു. ഈ കല്പനകിട്ടിയപ്പോൾ മന്ത്രിമാർ ഏററവും പരിഭ്രമിച്ച്, ഇതികൎത്തവ്യതാമൂഢന്മാരായ്തീൎന്നു. ശോകസന്തപ്തന്മാരായ മന്ത്രിപ്രവരന്മാരുടെ പരിഭ്രമംകണ്ടിട്ട് കുനാലൻ അതിന്റെ കാരണമന്വേഷിച്ചു. മന്ത്രിമാർ "ഈ കല്പന സംശയജന്യമായിരിക്കുന്നുണ്ട്. അതിനാൽ തലസ്ഥാനനഗരിയിലേക്ക് വീണ്ടും ആളെ അയച്ച് സൂക്ഷ്മാവസ്ഥയറിയുന്നതുവരെ രാജകുമാരനെ ബന്ധനസ്ഥനാക്കിയാൽമതി" എന്നാലോചിച്ചുറച്ചുവെങ്കിലുംകുനാലൻ അതു സമ്മതിച്ചില്ല. അദ്ദേഹം, "എന്റെ പിതാവിന്റെ ആജ്ഞ എന്നെ തൽക്ഷണം അന്ധനാക്കേണമെന്നാണെങ്കിൽ നിശ്ചയമായും നിങ്ങൾ ആ ആജ്ഞയെ നിറവേററണം; അദ്ദേഹത്തിന്റെ ദന്തംകൊണ്ടുള്ള അടയാളമിട്ട കല്പന അദ്ദേഹത്തിന്റേതുതന്നെയാണെന്ന് ദൃഷ്ടാന്തപ്പെട്ടിരുന്നുണ്ട്. സംശയമില്ല; തെററുസംഭവിപ്പാൻ കാരണവുമി

ക്ക്" എന്നു ഖണ്ഡിതമായിപ്പറഞ്ഞു. അതനുസരിച്ച് അദ്ദേഹത്തിന്റെ ആജ്ഞപ്രകാരംതന്നെ ഒരു ചണ്ഡാളൻ അദ്ദേഹത്തിന്റെ കണ്ണുകൾരണ്ടും കുത്തിക്കളഞ്ഞു. അന്ധതയാൽ ദുഃഖിതനായ്ത്തീൎന്ന കുനാലൻ തന്റെ ആത്മമിത്രമായ പത്നിയൊന്നിച്ച് ഭിക്ഷണംയാചിച്ചുകൊണ്ട് അങ്ങുമിങ്ങു മലയുവാൻ പുറപ്പെട്ടുകയുംചെയ്തു. ഇങ്ങിനെ ദുഃഖാക്രാന്തന്മാരായി യാത്രചെയ്തുപോകുംവഴിക്ക് അവർ പാടലീപുത്രത്തിലെത്തി. അവിടെവെച്ച് അന്ധനായ രാജകുമാരൻ, "അയ്യൊ, തണുപ്പും വിശപ്പും സഹിക്കവെയ്യാതെ ഞാൻ അത്യന്തം കുഴങ്ങുന്നുവല്ലൊ. രാജകുമാരനായിരുന്ന ഞാൻ ഇപ്പോൾ ഒരു വെറും യാചകനായ്ത്തീൎന്നിരിക്കുന്നു. എന്റെപേരിലുണ്ടാക്കിത്തീൎത്തിട്ടുള്ള അപവാദങ്ങൾ ശരിയല്ലെന്നു തെളിയിക്കാൻ എനിക്കു സന്ദൎഭംലഭിച്ചാലെത്രനന്നായിരുന്നു! എന്റെ യാഥാൎത്ഥ്യമെങ്ങിനെ രാജാവിനെ അറിയിക്കും!" എന്ന് കണ്ണീർവാൎത്തുകൊണ്ടും ദീനസ്വരത്തിലും പറഞ്ഞുകൊണ്ടിരുന്നു. ഏതായാലും അദ്ദേഹത്തിന്ന് എങ്ങിനെയൊ അരമനയിലെ ഒരു ചത്വരത്തിൽ കടന്നുചെല്ലുവാൻ സൌകൎയ്യംകിട്ടി. അവിടെവെച്ചു അദ്ദേഹം കരഞ്ഞുകൊണ്ടു ദുഃഖപരിപൂൎണ്ണമായ ഒരു മുരളീഗാനംചെയ്തു.

ഈ സമയത്ത് അശോകചക്രവൎത്തി ആ ചത്വരത്തിന്നരികലുള്ള ഒരു ചന്ദ്രശാലയിലിരിക്കുന്നുണ്ടായിരുന്നു. മുരളീനാദവും കരച്ചലും കേട്ടപ്പോൾ അദ്ദേഹത്തിന്ന് വലുതായ സംശയം ജനിക്കുകയാൽ അദ്ദേഹം വൈതാളികനെ ചന്ദ്രശാലയിലേക്കു കൂട്ടിക്കൊണ്ടുചെല്ലുവാൻ ഒരു വേലക്കാര

നോടാജ്ഞാപിച്ചു. തന്റെ പ്രിയപുത്രനായ കുനാലനെ അന്ധനായ വൈതാളികനായി കണ്ടമാത്രത്തിൽ അശോകൻ അനിവാൎയ്യമായ സന്താപത്തിന്നു പാത്രമായ്ത്തീൎന്ന. അനന്തരം അദ്ദേഹം ഇതിന്റെ കാരണമന്വേഷിച്ചതിൽ, രാജകുമാരൻ ഏററവും വിനീതനായി ഇപ്രകാരം പറഞ്ഞു: "പരമാൎത്ഥത്തിൽ, പിതൃഭക്തി പോരാത്തതിനാലാണ് ഞാൻ ഈവിധം ശിക്ഷിക്കപ്പെട്ടിട്ടുള്ളതു. ഞാൻ തക്ഷശിലയിലുള്ള സമയം ഒരിക്കൽ ഒരു രാജകല്പനയുണ്ടായി. അതിനെ നിരസിക്കുവാൻ എനിക്ക് ധൈൎയ്യമുണ്ടായില്ല. ഇതു എന്റെ കൎമ്മദോഷമെന്നേപറവാനുള്ളു".

രാജാവിന്ന് കാൎയ്യത്തിന്റെ യാഥാൎത്ഥ്യമെല്ലാം മനസ്സിലായി. അദ്ദേഹം ദുർവൃത്തയും കഠിനചിത്തയുമായ തിഷ്യരക്ഷിതയെ തൽക്ഷണം അഗ്നികുണ്ഡത്തിലിട്ടു കൊലപ്പെടുത്തി. ഈ കഷ്ടംകൈ പ്രവൃത്തിപ്പാൻ അവളെ സഹായിച്ചവരായ അധികാരിമാരിൽ ചിലൎക്ക് മരണശിക്ഷ വിധിക്കുകയും ചിലരെ നാടുകടത്തുകയും മററെല്ലാവരേയും ഉദ്യോഗത്തിൽനിന്ന് പിരിച്ചുവിടുകയുംചെയ്തു.

അക്കാലത്ത് മഹാബോധിവൃക്ഷത്തിന്റെ സമീപത്തിലുണ്ടായിരുന്ന ഒരു സന്യാസിമഠത്തിൽ ഘോഷൻ എന്ന ഒരു പുണ്യാത്മാവ് വസിക്കുന്നുണ്ടായിരുന്നു. രാജാവ് തന്റെ പുത്രനായ കുനാലനെ അദ്ദേഹത്തിന്റെ സന്നിധിയിൽ കൂട്ടിക്കൊണ്ടുചെന്ന്, അദ്ദേഹത്തിന്ന് കണ്ണുകളുണ്ടാകുവാനനുഗ്രഹിക്കേണമെന്നപേക്ഷിച്ചു. അതനുസരിച്ച് ആ സന്യാസി പിറെറന്നു കാലത്തു പ്രജകളുടെ ഒരു മഹാ

സമ്മേളനം വേണമെന്നാവശ്യപ്പെടുകയും അതിന്നു ചെല്ലുന്നവരെല്ലാം അവരവരുടെ കണ്ണീർ സൂക്ഷിപ്പാൻ ഓരോപാത്രം കയ്യിലെടുക്കേണമെന്ന് നിയമിക്കുകയുംചെയ്തു. അതുപ്രകാരം അടുത്തദിവസം ഒരു വലുതായ പ്രജാസമ്മേളനം നടന്നു. ആ അവസരത്തിൽ ആ മഹാതപസ്വി ബുദ്ധധർമ്മത്തെക്കുറിച്ച് ഒരു പ്രസംഗം നടത്തി. ഈ ധർമ്മോപദേശം കേട്ടവർ മനസ്സലിഞ്ഞ് കണ്ണീർവാർക്കുകയും ആ കണ്ണീരെല്ലാം അവരവരുടെ പാത്രങ്ങളിൽ ശേഖരിക്കുകയുംചെയ്തു. അനന്തരം ആ സന്യാസി ഇപ്രകാരം പറഞ്ഞു: "ഞാൻ ഇപ്പോഴുപദേശിച്ചതു ഏററവും ശ്രേഷ്ഠവും ആശ്ചര്യജനകവുമായ ധർമ്മമാണ്. എൻെറ ഈ ധർമ്മവിവരണം ശരിയല്ലെങ്കിൽ, ഞാൻ പറഞ്ഞിട്ടുള്ളതിൽ സത്യവിരോധമായി വല്ലതുമുണ്ടെങ്കിൽ, എല്ലാം ഇപ്പോഴത്തെപ്പോലെതന്നെയിരിക്കട്ടെ; എന്നാൽ ഞാൻ പറഞ്ഞതു സത്യമാണെങ്കിൽ ഈ കണ്ണീർത്തുള്ളികൾകൊണ്ടു കഴുകിയ ഉടനെ ഈ രാജകുമാരൻെറ ദൃഷ്ടികൾക്ക് യഥാപൂർവ്വം പ്രകാശമുണ്ടാകട്ടെ"

ഇതുപ്രകാരം * കുനാലൻ പ്രവൃത്തിക്കുകയാൽ അയാളുടെ രണ്ടു കണ്ണുകളും മുമ്പിലത്തെപ്പോലെതന്നെ പ്രകാശവും സൌന്ദര്യമുള്ളവയുമായ്തീർന്നു.

---

* ചീനാപരിവ്രാജകനായ ഹ്യൂൺസാങ്ങ് ക്രിസ്ത്വാബ്ദം 629-ൽ തക്ഷശിലയിലുണ്ടായിരുന്ന കുനാല സ്തൂപത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു!— "ഇവിടെയുണ്ടായിരുന്ന സംഘമഠങ്ങളിൽ മിക്കവയും ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞു പോയിരിക്കുന്നു. നശിച്ചു കഴിഞ്ഞിട്ടില്ലാത്തവയിൽ ബൌദ്ധസന്യാസിമാർ മഹായാനു

## 7
## തിഷ്യരക്ഷിത.

അശോകൻെറ പത്നിയായ തിഷ്യരക്ഷിതയുടെ വ്യഭിചാരപരമായ മനോഭാവത്തിന്നു കുനാലൻ കീഴടങ്ങാഞ്ഞയാൽ ആ രാജകുമാരൻെറ നേരിട്ടുള്ള പക ഏതുവിധത്തിലെങ്കിലും വീട്ടുവാനായി ദുർവൃത്തയായ അവൾ അവസരംപാൎത്തുകൊണ്ടിരിക്കയുണ്ടായെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ഇക്കാലത്ത് ഭയങ്കരവും പ്രത്യക്ഷത്തിൽ അസാദ്ധ്യമായ്ത്തോന്നുന്നതുമായ ഒരു രോഗം അശോകനെ ബാധിച്ചിരുന്നു. ഇതിനാലവശനായ്ത്തീൎന്ന രാജാവ് തിഷ്യരക്ഷിതക്കധീനനായ്ത്തീരുകയും എല്ലാകാൎയ്യങ്ങളിലും യഥേഷ്ടം പ്രവൃത്തിപ്പാൻ അവളെ അനുവദിക്കുകയുംചെയ്തു. രാജ്യാധികാരംപോലും യാതൊരു തടവുംകൂടാതെ അവളാൽ നടത്തപ്പെട്ടു.

അശോകൻ, തൻെറ രോഗം ഒരുകാലത്തും മാറാത്തതാണെന്നു കരുതീട്ട് ഇപ്രകാരം കല്പിച്ചു: "കുനാലനെ ആളയച്ചുവരുത്തുക; അയാൾക്കു പട്ടാഭിഷേകം നടത്തേണമെന്ന് ഞാനാഗ്രഹിക്കുന്നു. ഞാനിനി ജീവിച്ചിരുന്നിട്ട് പ്രയോജനമെന്താണ്?" ഇതുകേട്ടപ്പോൾ തിഷ്യരക്ഷിതക്ക് വല്ല

---

ശാസ്ത്രം പഠിച്ചുപോക്കുന്നുണ്ട്. അശോകചക്രവൎത്തിയാൽ സ്ഥാപിക്കപ്പെട്ട അനേകം സ്തൂപങ്ങൾ ഇവിടെയുണ്ട്. കുനാലൻെറ സ്മാരകമായി നിൎമ്മിച്ചിട്ടുള്ള സ്തൂപവും വളരെ ഗംഭീരമായിട്ടുണ്ട്. അന്ധന്മാർ ഈ സ്തൂപം സന്ദൎശിച്ചാൽ അവൎക്ക് ദൃഷ്ടിയുണ്ടാകുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ഇവിടെയുള്ളവർ 'ബുദ്ധൻ, ധൎമ്മം, സംഘം' എന്നീ രത്നങ്ങളെ ആദരിച്ചുവരുന്നു.

തായ ഭയമുണ്ടായി. കുനാലൻ രാജാവായ്തീന്നാൽ തന്റെ കാൎയ്യം വിഷമമായ്തീരുമെന്നു അവൾ തീൎച്ചപ്പെടുത്തി. അനന്തരം അവൾ രാജാവിനോട് "ആൎയ്യപുത്രാ! അവിടുത്തെ സുഖക്കേട് ഞാൻ മാററിക്കൊള്ളാം. അവിടെക്ക് പൂൎവ്വസ്ഥിതിപോലെ ആരോഗ്യമുണ്ടാക്കിത്തീൎക്കുകയും ചെയ്തുകൊള്ളാം. എന്നാൽ, എന്റെ സമ്മതംകൂടാതെ യാതൊരു ചികിത്സകനേയും തിരുമേനി അരമനയിലേക്കു വരുത്തിപ്പോകരുതു" എന്നുപറഞ്ഞു. രാജാവ് അവളുടെ അഭിപ്രായപ്രകാരം പ്രവൃത്തിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്തു.

അങ്ങിനെയിരിക്കെ, രാജാവിനെ ബാധിച്ചിരുന്നതുപോലുള്ള ഒരു രോഗം ഒരു ആട്ടിടയനേയും ബാധിച്ചിരുന്നു. രോഗശമനത്തിന്നുള്ള മരുന്നു വാങ്ങുവാനായി ആ ഇടയന്റെ ഭാൎയ്യ ഒരു ചികിത്സകന്റെ അടുക്കൽച്ചെന്നു. അയാൾ അവന്റെ രോഗം ശമിപ്പിച്ചുകൊടുക്കാമെന്നേററിട്ട് വിവരം ഗൂഢമായി രാജപത്നിയെ അറിയിച്ചു. ഉടനെ രാജപത്നി അവനെ ഒരു ഗൂഢസ്ഥലത്തേക്കു വരുത്തി, അവന്റെ ദേഹം കീറിനോക്കിച്ചപ്പോൾ, വയററിൽ ഒരു വലുതായ കൃമിയുള്ളതായിക്കണ്ടു. ഈ കൃമിയായിരുന്നു ശരീരത്തിന്റെ ശരിയായ കരണത്തെയെല്ലാം തടഞ്ഞിരുന്നതു. മരുന്നുകൾ പലതും പ്രയോഗിച്ചുനോക്കീട്ടും കൃമി കുഴലിൽനിന്നു പുറത്തുവന്നില്ല. ഒടുവിൽ കുറച്ചുവെള്ളുള്ളിച്ചാറെടുത്തു കൃമിയുടെമേലൊഴിച്ചു; തൽക്ഷണം അതുചത്ത് കുഴലിൽനിന്നു പുറത്തുചാടി. അതിന്നുശേഷം തിഷ്യരക്ഷി

ത അശോകനോടു കുറെ വെള്ളുള്ളി ഭക്ഷിപ്പാനാവശ്യപ്പെട്ടു. അതിന്നു രാജാവ് "പ്രിയെ, ഞാൻ ക്ഷത്രിയനല്ലെ? എനിക്ക് വെള്ളുള്ളിതിന്നാമൊ?" എന്നു ചോദിക്കുകയും അതിന്നുത്തരമായി രാജപത്നി, "ആൎയ്യപുത്ര, ആപൽക്കാലത്തു അങ്ങിനെ ചെയ്യുന്നതിൽ യാതൊരു പാപവുമില്ല, മരുന്ന് എന്നുള്ള നിലക്കു ഇതുകഴിച്ചാലും" എന്നുപറഞ്ഞ് അദ്ദേഹത്തെ ആശ്വസിപ്പിക്കുകയാൽ അദ്ദേഹം അതു സേവിച്ച് രോഗഹീനനായ്ത്തീരുകയുംചെയ്തു.

## 8

### പ്രായാധിക്യത്താൽനേരിട്ട അവശത

അശോകൻ ബുദ്ധമതപ്രചരണത്തിന്നായി ഒരു നൂറു കോടി സ്വൎണ്ണനാണ്യം ദാനംചെയ്യേണമെന്നു തീരുമാനിച്ചിരുന്നപ്രകാരം, അക്കാലത്തിലകത്ത് തൊണ്ണൂററിയാറു കോടിയിലധികം നാണ്യം സന്യാസിമഠങ്ങളിലേക്ക് കൊടുത്തുകഴിഞ്ഞിട്ടുണ്ടായിരുന്നു. ബാക്കിനാലുകോടികൂടി തന്റെ കാലമവസാനിക്കുന്നതിന്നുമുമ്പായി കൊടുത്തുതീൎക്കേണമെന്നു കരുതീട്ട് തലസ്ഥാന നഗരിയിലെ കുക്കുടാരാമത്തിലേക്ക് ദിവസംപ്രതി കഴിയുന്നത്ര വെള്ളിയും സ്വൎണ്ണവും അദ്ദേഹം അയച്ചുകൊടുത്തുകൊണ്ടിരുന്നു. അക്കാലത്തെ യുവരാജാവ് കുനാലന്റെ പുത്രനായ സമ്പാദിയായിരുന്നു. രാജാവ് ഈവിധം അതിവ്യയംചെയ്യുന്നതിനാൽ രാജ്യമാസകലം നാശോന്മുഖമായ്ത്തീരുമെന്നും ശത്രുക്കളെ തടഞ്ഞുനിൎത്തുവാനുള്ള രാജശക്തി നിശ്ശേഷം നശിക്കുമെന്നും മന്ത്രിമാർ അഭി

പ്രായപ്പെട്ടകയാൽ, യുവരാജാവ് മേലിൽ ആ കാര്യത്തിൽ രാജാവിന്റെ ആജ്ഞയെ അനുസരിക്കേണ്ടതില്ലെന്ന് ധനാഗാരാദ്ധ്യക്ഷന്നു കല്പനകൊടുത്തു. ഇങ്ങിനെ ധനാഗാരത്തിൽനിന്നു ദ്രവ്യം ലഭിപ്പാൻ സാധിക്കാതായ്തീൎന്നപ്പോൾ വയോവൃദ്ധനും അവശനുമായ രാജാവ് കുക്കുടാരാമത്തിലേക്ക് അരമനയിലെ സ്വൎണ്ണപ്പാത്രങ്ങളെടുത്തയച്ചുതുടങ്ങി. അതവസാനിച്ചപ്പോൾ വെള്ളിപ്പാത്രങ്ങളായി. അതുമവസാനിച്ചപ്പോൾ ഇരിമ്പുസാമാനങ്ങൾപോലും കുക്കുടാരാമത്തിലെത്തിക്കപ്പെട്ടു. അരമനയിൽ രാജാവിന്റെ ഉപയോഗത്തിന്ന് മണ്പാത്രങ്ങൾമാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ രാജാവ് മന്ത്രിമാരോട് ഇപ്രകാരം ചോദിച്ചു: "ഇപ്പോൾ ഈ രാജ്യത്തിലെ രാജാവ് ആരാണ്?" അതിന്ന് മന്ത്രിമാർ, "തിരുമേനിതന്നെയാണ്" എന്നുമറുപടിപറഞ്ഞു. അതിന്, അശോകൻ കരഞ്ഞുകൊണ്ട്, "അയ്യോ! സ്നേഹം നിമിത്തമല്ലയൊ നിങ്ങൾ ഈ സത്യവിരോധമായവാക്കു പറയുന്നതു! ഞാൻ എന്റെ രാജപദവിയിൽ നിന്ന് ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു! രാജാവെന്നനിലക്ക് ഈ ആമലകമല്ലാതെ മററൊന്നും ദാനംചെയ്യാൻ എനിക്കുസാധിക്കാതെയല്ലേ ഇരിക്കുന്നതു!" എന്നുപറഞ്ഞു. അനന്തരം, അദ്ദേഹം ആ ആമലകത്തെയും കുക്കുടാരാമത്തിലേക്കയച്ചുകൊടുത്തു. അതു കൊണ്ടുകൊടുത്ത അവസരത്തിൽ അദ്ദേഹം അവിടത്തെ സന്ന്യാസിമാൎക്ക് ഇപ്രകാരമൊരു സന്ദേശവും അയച്ചുകൊടുത്തു: "പുണ്യാത്മാക്കളായ യതീന്ദ്രന്മാരെ! ഇതാ ഈ ആമലകമാണ് എന്റെ ഒടുവിലത്തെ സംഭാവന. ഇന്ത്യാചക്രവൎത്തിയുടെ

ധനസ്ഥിതി ഈ നിലയിലെത്തിയിരിക്കുന്നു! എന്റെ രാജ്യത്വവും ശക്തിയും എന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു. ആരോഗ്യമൊ കായികമായ ശക്തിയോ ഇല്ലാത്തവനും ചികിത്സകന്മാരുടെ സഹായമില്ലാത്തവനുമായ്തീൎന്നിട്ടുള്ള എനിക്ക് ഇപ്പോൾ പുണ്യാത്മാക്കളുടെ സംഘംമാത്രമേ ആശ്രയമുള്ളു. ഈ ആമലകം എന്റെ ഒടുവിലത്തെ സംഭാവനയായി കൈക്കൊണ്ട് നിങ്ങളെല്ലാവരും അതു ഭക്ഷിച്ചാൽ കൊള്ളാമെന്ന് ഞാനഭ്യൎത്ഥിക്കുന്നു."

ഒരിക്കൽക്കൂടി അശോകൻ തന്റെ മന്ത്രിയായ രാധാഗുപ്തനോട് ഇപ്രകാരം ചോദിച്ചു: "ഈ രാജ്യത്തിലെ രാജാവ് ആരാണ്?" അതിന്നു മന്ത്രി ബഹുമാനപുരസ്സരം "സ്വാമിൻ, തിരുമേനിതന്നെയാണ് ഈ രാജ്യത്തിലെ സൎവ്വശക്തനായ ഭരണാധികാരി" എന്നുത്തരം പറഞ്ഞു.

ഇതുകേട്ടപ്പോൾ അദ്ദേഹം താഴെചേൎത്തപ്രകാരം പ്രസ്താവിച്ചു: "സമുദ്രമാകുന്ന നീലകാന്തവസനത്താൽ ചുററപ്പെട്ടിരിക്കുന്നതും അനേകം വിശിഷ്ടരത്നങ്ങളുള്ള ഖനികളോടുകൂടിയതും ജീവജാലങ്ങൾക്കെല്ലാം ആധാരമായിരിക്കുന്നതുമായ ഈ ഭൂമിയെ ബൌദ്ധമഹാസംഘത്തിന്നായി ഞാനിതാ ദാനംചെയ്തിരിക്കുന്നു. ഇന്ദ്രന്റെ രാജധാനിയിൽ സൎവ്വസുഖവുമനുഭവിച്ചു വസിപ്പാനൊ ബ്രഹ്മലോകം പ്രാപിപ്പാനൊ അല്ല ഞാനിപ്രകാരം ചെയ്യുന്നതു. രാജസുഖവും ഞാൻ കാംക്ഷിക്കുന്നില്ല. കാരണം, അതെല്ലാം ക്ഷണഭംഗുരങ്ങളാകുന്നു. ഋഷീശ്വരന്മാരാലാദരിക്കപ്പെട്ടുന്നതും ശാശ്വതവുമായ ആത്മസംയമത്തെ ആഗ്രഹിച്ചിട്ട് അതിലുള്ള

പരമമായ ഭക്തിയോടുകൂടിയാണ് ഞാൻ ഈ ദാനംചെയ്തിരിക്കുന്നതു."

ഇപ്രകാരം പ്രസ്താവിച്ചശേഷം അശോകൻ ഒരു ദാനപത്രികയുണ്ടാക്കി അതിൽ രാജചിഹ്നം ചാൎത്തിയശേഷം കാലധൎമ്മംപ്രാപിക്കുകയും ചെയ്തു.

അശോകന്റെ ആദ്യത്തെ പ്രതിജ്ഞപ്രകാരം കൊടുപ്പാനുണ്ടായിരുന്ന നാലുകോടി സ്വൎണ്ണനാണ്യം പ്രതിഫലമായിക്കൊടുത്ത്, അദ്ദേഹത്തിന്റെ മന്ത്രിമാർ സാമ്രാജ്യം ബൌദ്ധസന്യാസിമാരോട് വീണ്ടെടുത്ത് സമ്പാദിയെ രാജാവാക്കിവാഴിച്ചു. സമ്പാദിയുടെ പുത്രനായ ബൃഹസ്പതിയും അദ്ദേഹത്തിന്റെ പുത്രനായ വൃഷസേനനും അദ്ദേഹത്തിന്റെ പുത്രനായ പുഷ്യധൎമ്മനും പുഷ്യധൎമ്മന്റെ സന്തതിയായ പുഷ്യമിത്രനും പരമ്പരയാ ആ സാമ്രാജ്യം വളരെക്കാലം ഭരിച്ചുപോരികയും ചെയ്തു.

# അഞ്ചാം അദ്ധ്യായം.

## * സിലോണിലെ പുരാണകഥകൾ

### 1

### ബുദ്ധമതം സ്വീകരിച്ചതു.

മഗധരാജാവായ കാലാശോകന്ന് പത്തു പുത്രന്മാരു ണ്ടായിരുന്നവർ, പിതാവിന്റെ മരണശേഷം ഇരുപത്തി രണ്ടുകൊല്ലക്കാലം ക്രമപ്രകാരം രാജ്യപരിപാലനം നടത്തി. അതിന്നുശേഷം നവനന്ദന്മാരും ഇരുപത്തിരണ്ടുകൊല്ലം രാജ്യം ഭരിച്ചു.

നവനന്ദന്മാരിലൊടുവിലത്തവൻ ധനനന്ദൻ എന്നവ നായിരുന്നു. ചാണക്യൻ എന്ന ഒരു ബ്രാഹ്മണൻ ഈ രാജാ വിന്റെ പരമശത്രുവായ്ത്തീരുകയും, അനേകം കുതന്ത്രങ്ങളാൽ അദ്ദേഹത്തെ കൊലപ്പെടുത്തി, മൌൎയ്യരാജവംശത്തിൽ പ്പെട്ട ചന്ദ്രഗുപ്തൻ എന്നവനെ രാജാവാക്കിവാഴിക്കയുംചെ യ്തു. ഈ ചന്ദ്രഗുപ്തൻ ഇരുപത്തിനാലുകൊല്ലം സൎവ്വശക്ത നായി രാജ്യം ഭരിച്ചു. ഇദ്ദേഹത്തിന്റെ പുത്രനായ ബിന്ദു സാരൻ ഇരുപത്തിയെട്ടുകൊല്ലവും രാജ്യഭാരം നടത്തി.

---

* ദീപവംശം, മഹാവംശം എന്നീ പുരാണഗ്രന്ഥങ്ങളാണ് ഈ അദ്ധ്യായത്തിന്നാധാരം. ഇതിലെ സംഗതികളെപ്പററി ഒന്നാമ ദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ., ഈ സംഗതികളൊന്നുംതന്നെ ചരിത്രകാരന്മാരാൽ സമ്മതിക്കപ്പെടുന്നവയല്ല. അവയെല്ലാം മത പ്രചാരകന്മാരുടെ പഴങ്കഥകളാണെന്നാണ് മക്ക്ഫെയിൽ മുതലായ വർ തെളിയിച്ചുകഴിഞ്ഞിട്ടുള്ളതു.

ബിന്ദുസാരമഹാരാജാവിന്ന് പതിനാറുപത്നിമാരിലാ യി നൂററിയൊന്നു പുത്രന്മാരുണ്ടായിരുന്നു. ഇതിൽ മൂത്ത വന്റെ പേർ സുമനസ്സ് എന്നും ഒടുവിലത്തവന്റെ പേർ 'തിഷ്യൻ' എന്നുമായിരുന്നു. തിഷ്യന്റെ ഏകോദരഭ്രാ താവായ അശോകൻ ബിന്ദുസാരനാൽ പശ്ചിമേന്ത്യ യിലെ വൈസറായിയായി നിയമിക്കപ്പെട്ടിരുന്നു. ബിന്ദുസാ രൻ ആസന്നമൃത്യുവായിക്കിടക്കുകയാണെന്നുള്ള വൃത്താന്ത മറിഞ്ഞ ഉടനെ, അശോകൻ തന്റെ തലസ്ഥാനമായിരു ന്ന ഉജ്ജയിനിപട്ടണം വിട്ടുപിരിഞ്ഞ്, പാടലീപുത്രത്തിലേക്കു ചെന്നു. തലസ്ഥാനനഗരിയിലെത്തിയ ഉടനെ സുമനസ്സി നേയും മററു തൊണ്ണൂററിയെട്ടു സഹോദരന്മാരേയും അദ്ദേ ഹം കൊലപ്പെടുത്തി തിഷ്യൻ എന്ന ഇളയസഹോദരനെമാ ത്രം ജീവനോടെ വിട്ടു. അങ്ങിനെ സിംഹാസനാരോഹണം ചെയ്തു അശോകൻ ഇന്ത്യാരാജ്യത്തിലെ ഏകച്ഛത്രാധിപ തിയായ്ത്തീരുകയും ചെയ്തു. എന്നാൽ, തന്റെ സഹോദര ന്മാരെ കൊലപ്പെടുത്തുകകാരണമായി അശോകനെ "ദുഷ്ട നായ അശോകൻ" എന്നാണ് എല്ലാവരും വിളിച്ചുപോ ന്നിരുന്നതു.

സുമനസ്സിനെ കൊലപ്പെടുത്തിയ അവസരത്തിൽ അ ദ്ദേഹത്തിന്റെ പത്നിക്കു ഗർഭമുണ്ടായിരുന്നു. അവൾ രാജ മന്ദിരത്തിൽനിന്ന് ഏതുവിധമൊ ഒളിച്ചോടി ഒരു പാവ പ്പെട്ടവന്റെ ഗൃഹത്തിൽപ്പോയി രക്ഷപ്പെട്ടു. അരമനയിൽ നിന്നു രക്ഷപ്പെട്ടദിവസംതന്നെ അവൾക്ക് ഒരു പുത്രനുണ്ടാ യി. നിഗ്രോധൻ എന്നുപേരായ മഹാതേജസ്വിയായ ഈ

പുത്രൻ ഏഴാമത്തെ വയസ്സിൽ ഒരു ബൌദ്ധസന്യാസിയായ്തീൎന്നു.

ഈ ബാലസന്യാസി ഒരിക്കൽ രാജധാനിക്കരികിൽകൂടെ സഞ്ചരിക്കയായിരുന്നു. രാജാവായിരുന്ന അശോകൻ ഈ ബാലൻെറ പവിത്രതയാൽ അത്യന്തമപഹൃതചിത്തനായ്തീൎന്നിട്ട്, അയാളെ രാജധാനിയിലേക്കു കൂട്ടികൊണ്ടുപോയി. അവിടെച്ചെന്നശേഷം രാജാവ്, "ബാലക! ഇവിടെ നിനക്ക് പ്രിയമായ്തോന്നുന്ന ആസനം ഏതൊ അതു നീ സ്വീകരിച്ചുകൊൾക" എന്നുപറഞ്ഞു. ജന്മനാ അത്യുന്നതകുലജാതനായ ആ ബാലൻ സംശയംകൂടാതെ അവിടെയുണ്ടായിരുന്ന സിംഹാസനത്തിൽ കയറിയിരിക്കുകയും, അതുകണ്ടപ്പോൾ, അവൻ സാമാന്യനല്ലെന്നും യഥാൎത്ഥത്തിൽ ആ രാജധാനിയുടെ അധിപനായിരിപ്പാനൎഹതയുള്ളവനാണെന്നും മനസ്സിലാക്കീട്ട്, അശോകൻ അവന്ന് തൻെറ സ്വന്തം ഖൾഗ്ഗം സമ്മാനമായിക്കൊടുത്തശേഷം ഭക്ഷണാദികളെക്കൊണ്ട് അവനെ തൃപ്തിപ്പെടുത്തുകയുംചെയ്തു.

അതിന്നുശേഷം, അശോകൻ ആ ബാലസന്യാസിയിൽനിന്ന് ബുദ്ധമതസിദ്ധാന്തത്തിൻെറ സൂക്ഷ്മാംശം മനസ്സിലാക്കുകയും ഉടനെ അദ്ദേഹം ആ മഹിമയേറിയ മതം കൈക്കൊൾകയും ചെയ്തു.

"ആത്മാൎത്ഥമായ പ്രയത്നത്താൽ അമരത്വം ലഭിക്കും; ഔദാസീന്യത്താൽ നാശവും ഭവിക്കും" എന്നാണ് ആ ബാലസന്യാസി ഒന്നാമതായി അശോകനുപദേശിച്ചതു. പിറെറന്ന്, നിഗ്രോധൻ മുപ്പത്തിരണ്ടു സന്യാസിമാരെ അരമ

നയിലേക്കു കൂട്ടിക്കൊണ്ടുപോകുകയും ബുദ്ധധമ്മത്തെ രാജ ധാനിയിൽ പ്രതിഷ്ഠിതമാക്കിത്തീക്കുകയും ചെയ്തു. അ ശോകൻെറ മതപരിവത്തനമുണ്ടായതു് അദ്ദേഹത്തിൻെറ വാഴ്ചതുടങ്ങിയ നാലാംകൊല്ലത്തിലാണ്; സഹോദരനായ തിഷ്യനെ അതേകൊല്ലത്തിൽത്തന്നെയാണ് രാജപ്രതി നിധിയായി നിയമിക്കപ്പെട്ടതു.

അതുവരെ ബ്രാഹ്മണമതം വിശ്വസിച്ചുപോന്നി രുന്ന അശോകചക്രവത്തി, പരമപാവനമായ ബുദ്ധ ധമ്മം കൈക്കൊണ്ടതോടുകൂടി, പരമ്പരയായി രാജരക്ഷയി ൽപാത്, ഭക്ഷണാദികഠംകഴിച്ച് സുഖമായി കാലംകഴി ച്ചിരുന്ന അറുപതിനായിരം ബ്രാഹ്മണർ, അരമനയിൽ നി ന്ന് ബഹിഷ്കരിക്കപ്പെടുകയും ആ സ്ഥാനം ലോകോദ്ധാരണ ത്തിന്നായി ജീവിതം നയിച്ചിരുന്നവരായ ബൌദ്ധസന്യാ സിമാരാലലങ്കരിക്കപ്പെടുകയും ചെയ്തു. ഈ സന്യാസിമാ രുടെ അഭിപ്രായമനുസരിച്ച് എണ്പത്തിനാലായിരം ഹർമ്മ്യ ങ്ങഠം സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി അശോക ചക്രവത്തിയാൽ നിമ്മിക്കപ്പെട്ടു. ഇതു മൂന്നുകൊല്ലത്തില കമവസാനിക്കുകയും ചെയ്തു. തൻെറ അപാരമായ ദിവ്യശ ക്തിയാൽ ആ രമ്യഹർമ്മ്യങ്ങളെല്ലാം അശോകചക്രവത്തി ക്ക് ഒരേ നോട്ടത്തിൽ കാണുവാനും സാധിച്ചുവത്രെ.

സവ്വഗുണ പരിപൂണ്ണനായ ബുദ്ധൻെറ നിവ്വാണത്തി നുശേഷം 218 കൊല്ലം കഴിഞ്ഞിട്ടാണ് അശോകനു പട്ടാ ഭിഷേകമുണ്ടായതു. അശോകനുണ്ടായിരുന്ന അവണ്ണനീ യമായ ദിവ്യത്വത്തിൻെറ യശസ്സ് ലോകംമുഴുവൻ വ്യാപി

ക്കുകയും, സ്വർഗ്ഗവാസികളെല്ലാം അദ്ദേഹത്തിൻെറ ദൂതന്മാരായിത്തീരുകയും ചെയ്തിട്ടുണ്ട്. അവർ സ്വർഗ്ഗത്തിലെ തടാകത്തിൽനിന്ന് വളരെ സ്വാദും വാസനയുമുള്ള ഫലങ്ങളും മററനേകം പദാർത്ഥങ്ങളും അദ്ദേഹത്തിന്ന് കൊണ്ടുകൊടുക്കുക പതിവായിരുന്നു. പൂജ്യപാദരായ ബുദ്ധനെ ദിവ്യദൃഷ്ടിയാൽ കാണ്മാൻപോലും അശോകന്നു സാധിച്ചിട്ടുണ്ട്.

2

### മഹേന്ദ്രൻെറയും സംഘമിത്രയുടേയും വൃത്താന്തം

ബിന്ദുസാരമഹാരാജാവിൻെറ കാലത്ത് അശോകൻ അവന്തിരാജ്യത്തിലെ രാജപ്രതിനിധിയായി ഉജ്ജെയിനി പട്ടണത്തിൽ വസിച്ചിരുന്നപ്പോൾ 'വേദിശഗിരി' എന്ന ദിക്കിലെ ദേവിയെന്ന ഒരുവളെ തൻെറ ഭാൎയ്യയായി കൈക്കൊൾകയുണ്ടായിട്ടുണ്ട്. അവൾ അശോകനൊന്നിച്ച് പാടലീപുത്രത്തിലേക്കുചെല്ലുകയും അവിടെവെച്ച് മഹേന്ദ്രൻ എന്ന പ്രസിദ്ധനായിത്തീൎന്ന പുത്രനേയും രണ്ടുകൊല്ലത്തിന്നു ശേഷം 'സംഘമിത്രാ' എന്നു പേരായ ഒരു പുത്രിയേയും പ്രസവിക്കുകയുംചെയ്തു. അശോകൻ, തൻെറ മരുമകനായ അഗ്നിബ്രഹ്മൻ എന്നവന്ന് സംഘമിത്രയെ വിവാഹം ചെയ്തു കൊടുത്തു. അഗ്നിബ്രഹ്മന്ന് ഇവളിൽ സുമനസ്സ് എന്ന ഒരു പുത്രനുമുണ്ടായി.

അശോകൻെറ പട്ടാഭിഷേകം കഴിഞ്ഞ് നാലുകൊല്ലത്തിന്നുള്ളിൽ അദ്ദേഹത്തിൻെറ സഹോദരനായ തിഷ്യൻ, മരുമകനായ അഗ്നിബ്രഹ്മൻ, പൌത്രനായ സുമനസ്സ്, ഇ

വരെല്ലാം ബൌദ്ധസംഘത്തിൽ ചേൎന്നുകഴിഞ്ഞിരുന്നു. സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി എണ്ണുത്തിനാലായിരം ഹർമ്മ്യങ്ങൾ സ്ഥാപിച്ചവനായ അശോകൻ അതുവരെ ചെയ്തപാപങ്ങളിൽനിന്നെല്ലാം വിമുക്തനായ്ത്തീരുകയും പിൻകാലങ്ങളിൽ 'ധമ്മപരായണനായ അശോകൻ' എന്ന അഭിധാനത്തിന്നൎഹനായ്ത്തീരുകയും ചെയ്തു. ചക്രവൎത്തിയുടെ സഹോദരനായ തിഷ്യൻ ബൌദ്ധസംഘത്തിൽച്ചേരുകയാൽ, മഹേന്ദ്രൻ രാജപ്രതിനിധിയായി നിയമിക്കപ്പെട്ടു. എന്നാൽ, അദ്ദേഹത്തിൻെറ (അശോകൻെറ) ധമ്മോപദേഷ്ടാവായ (മൂദ്ഗല്യൻെറ പുത്രനായ) തിഷ്യൻ എന്നവൻെറ അഭ്യൎത്ഥനയാൽ അശോകൻ മഹേന്ദ്രനും സംഘമിത്രക്കും ബൌദ്ധസംഘത്തിൽ ചേരുവാനനുമതിനൽകി; ഇവർ രണ്ടുപേരേയും ബൌദ്ധസന്ന്യാസിമാക്കനുരൂപമായ പീതവസനം ധരിപ്പിക്കുകയുംചെയ്തു.

പട്ടാഭിഷേകം കഴിഞ്ഞ എട്ടാംകൊല്ലത്തിൽ സുമിത്രൻ, തിഷ്യൻ എന്ന രണ്ടു സിദ്ധന്മാർ കാലഗതിയടഞ്ഞു. ഇവരുടെമരണശേഷം അത്ഭുതലക്ഷണങ്ങൾ ലോകത്തിൽ പ്രത്യക്ഷമാകുകയും അതിനാൽ അനേകായിരം ജനങ്ങൾ ബുദ്ധധമ്മവൎത്തികളായ്ത്തീരുകയും അവർ ബൌദ്ധസന്ന്യാസിമാക്കുവളരെദ്രവ്യം സംഭാവനചെയ്കയുമുണ്ടായി. ഇതുനിമിത്തം വയോധികന്മാരായവർ പലരും ബൌദ്ധസംഘത്തിൽച്ചേന്നു് താന്താങ്ങളുടെ ഇഷ്ടംപോലെ മതസിദ്ധാന്തങ്ങൾക്കു് വ്യാഖ്യാനങ്ങളുണ്ടാക്കിത്തുടങ്ങി. ബ്രാഹ്മണരാലാദരിക്കപ്പെട്ടുവരുന്നതും, ബുദ്ധനാൽ നികൃഷ്ടമായി കരുതപ്പെട്ടതുമായ യാഗാ

ടികൾപോലും ഈ സന്ന്യാസിമാരിൽ പലരാലും നടത്ത പ്പെട്ടു. ഇതുനിമിത്തം മതകാര്യത്തിൽ പല കുഴപ്പങ്ങളു മുണ്ടായിത്തീരുകയുംചെയ്തു. മതവിരുദ്ധങ്ങളായ ആചാരങ്ങ ളും വിശ്വാസങ്ങളും വളരെയധികം വദ്ധിക്കുകയാൽ അ ശോകൻെറ മതോപദേഷ്ടാവായ തിഷ്യൻപോലും, മത കാര്യാന്വേഷണമെല്ലാം മഹേന്ദ്രനെ ഏല്പിച്ചശേഷം, ഗം ഗോത്രിയിലെ അരണ്യപ്രദേശത്തിൽ പ്രവേശിച്ചു. എ ന്നാൽ, രാജാവിൻെറ അപേക്ഷപ്രകാരം ആ ബൌദ്ധസ ന്ന്യാസി വീണ്ടും മതകാര്യത്തിലിറങ്ങിപ്രയത്നിച്ച് സ്വധമ്മ ഭ്രഷ്ടന്മാരെയെല്ലാം തോല്പിച്ചോടിക്കുകയും 'കഥാവസ്തു' എന്ന മഹൽഗ്രന്ഥം നിമ്മിക്കുകയും ചെയ്തു; ഇതുയുമല്ല, പാ ടലീപുത്രത്തിലെ അശോകാരാമത്തിൽവെച്ച് ബുദ്ധമതസം ബന്ധമായ തൃതീയമഹാസമ്മേളനവും അദ്ദേഹത്താൽ നട ത്തിക്കപ്പെട്ടു. ഈ സംഭവങ്ങളുണ്ടായതു അശോകൻെറ വാഴ്ചയാരംഭിച്ച് പതിനേഴുകൊല്ലം കഴിഞ്ഞിട്ടാണ്.

അതേകൊല്ലത്തിൽ 'ദേവപ്രിയനായതിഷ്യൻ' സി ലോണിലെ രാജാവായ്ത്തീൻ. അദ്ദേഹം അശോകരാജാ വിൻെറ ഒരു ഉത്തമമിത്രമായിരുന്നു. സിലോണിലെ രാ ജാവിന്ന് അശോകനെ നേരിട്ടുകാണുവാൻ സാധിച്ചിട്ടി ല്ലെങ്കിലും സ്നേഹബഹുമാനാദികളെ പുരസ്കരിച്ച് തൻെറ മരുമകനെ അദ്ദേഹം അശോകൻെറ രാജധാനിയിലേക്കു യക്കയുണ്ടായി. പുറപ്പെട്ട ഏഴാംദിവസം സിലോണിലെ ബൌദ്ധസംഘം താമ്രലിപ്തിയെന്ന തുറമുഖത്തിലെത്തി; പിന്നത്തെ ഏഴുദിവസത്തിലകം ചക്രവത്തിയുടെ രാജധാ

നിയിലുമെത്തി. അശോകൻ രാജയോഗ്യമായനിലയിൽ അവക്ക് ആതിത്ഥ്യംനൽകുകയുണ്ടായി. രാജദൂതന്മാർ അഞ്ചുമാസകാലം രാജധാനിയിൽ പാൎത്ത് സ്വരാജ്യത്തേക്കു മടങ്ങിയപ്പോൾ സിലോണിലെ രാജാവിനെ അറിയിപ്പാനായി താഴെചേൎക്കുംവിധമുള്ള ഒരു സന്ദേശം അശോകൻ അവർവശമയച്ചിരുന്നു:— "ഞാൻ ബുദ്ധനെ ശരണംപ്രാപിച്ചിരിക്കുന്നു; ധമ്മത്തെ ശരണംപ്രാപിച്ചിരിക്കുന്നു; സംഘത്തെ ശരണം പ്രാപിച്ചിരിക്കുന്നു. താങ്കളും ഇവയിൽ ദൃഢചിത്തനായ്ത്തീരേണമെന്ന് ഞാനാശിക്കുന്നു. സൎവ്വോപരിയായ ഈ മതത്തിൽ വിശ്വാസമുള്ളവനായ്ത്തീരുക. പരമഗുരുവിനെ ശരണംപ്രാപിക്കുക." ഒമ്പതുമാസത്തോളം നിലനിന്നതായ തൃതീയസമ്മേളനത്തിൻെറ അന്ത്യത്തിൽ മുദ്ഗല്ലപ്യൻെറ പുത്രനായ തിഷ്യൻ, ലോകത്തിൽ ബുദ്ധമതം പ്രചരിക്കേണമെന്നുദ്ദേശിച്ച്, കാശ്മീരം, ഗാന്ധാരം, മഹീശമണ്ഡലം (മൈസൂർ), വനവാസി (വടക്കൻ കണ്ണാടകജില്ല), അപരാന്തകം, മഹാരാഷ്ട്രം, യവനരാജ്യങ്ങൾ, സുവണ്ണഭൂമി (പെഗു), സിംഹളം എന്നീദിക്കുകളിലേക്കെല്ലാം ധമ്മപ്രചാരകന്മാരെ അയച്ചു.

മഹേന്ദ്രനേയും സഹായകന്മാരായി അഞ്ചുപേരേയുമാണ് സിലോണിലേക്കയച്ചത്. അവർ അവിടെയെത്തി, രാജാവോട് പ്രഥമസംഭാഷണം നടത്തിയ ഉടനെതന്നെ രാജാവും നാല്പതിനായിരം സഹചരന്മാരും ബുദ്ധമതം സ്വീകരിച്ചു. അവിടത്തെ 'അനലാ' എന്ന രാജ്ഞിയും അവളുടെ ആളിമാരായിരുന്ന അഞ്ഞൂറു നാരീമണികളും ബൌദ്ധസം

ഘത്തിൽ ചേരുവാനാഗ്രഹിച്ച്, അതിന്നായി മതപ്രചാരക ന്മാരോടഭ്യത്ഥിച്ചു. എന്നാൽ, സ്ത്രീകൾക്കു ധമ്മോപദേശം ചെയ്യാൻ തങ്ങൾക്കധികാരമില്ലെന്നും, 'സംഘമിത്രാ' എ ന്നാവൾക്ക് അപ്രകാരംചെയ്യാൻ സാധിക്കുമെന്നും അവർ മറുവടിപറഞ്ഞു. ഇതിനെക്കുറിച്ചു വേണ്ടപോലെ ചിന്തിച്ച ശേഷം, സിംഹളാധിപൻ തൻെറ മരുമകനെ വീണ്ടും അ ശോകചക്രവത്തിയുടെ അടുക്കലേക്കയച്ച്, സംഘമിത്രയേ യും ബോധിവൃക്ഷത്തിൻെറ ഒരുശാഖയേയും അയച്ചുകിട്ടുവാ നാവശ്യപ്പെട്ടു. തൻെറ പ്രേമഭാജനമായ പുത്രിയെ വിട്ടു പിരിയുവാൻ അശോകന്ന് കഠിനമായ ദുഃഖമുണ്ടായിരുന്നു വെങ്കിലും, ധമ്മപ്രചരണത്തേക്കാൾ വലുതായി യാതൊ ന്നുമില്ലെന്നുറച്ചിരുന്ന ആ മഹാപുരുഷൻ സംശയമെന്യേ അപ്രകാരമുള്ള പ്രതിനിധിപ്രേഷണത്തിന്നനുജ്ഞനൽകുക യാണുണ്ടായതു. കൂടാതെ, അശോകൻെറ നേതൃത്വത്തിൽ ത്തന്നെയുള്ള ഒരു സൈന്യം താമ്രലിപ്തിവരെ സംഘമിത്ര യേയും കൂട്ടുകാരേയും അനുഗമിക്കുകയും ചെയ്തു. "ബോധി വൃക്ഷത്തിൻെറ ശാഖയെ വഹിച്ചിരുന്ന കപ്പൽ അതിവേഗ ത്തിൽ സമുദ്രത്തിൽക്കൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു. കപ്പലി ൻെറഗതി സവ്വഥാ ശാന്തമായിരുന്നു. ആ മാഹാത്മ്യമേറിയ വൃക്ഷത്തിൻെറ നാലുപാടും പഞ്ചവണ്ണത്തിലുള്ള പുഷ്പങ്ങൾ ശോഭിച്ചുകൊണ്ടിരുന്നു. ആകാശത്തിൽ ശ്രേഷ്ഠമായ ഗാനംമുഴങ്ങിക്കൊണ്ടുമിരുന്നു" എന്നിപ്രകാരമാണ് ബൌ ദ്ധപുരാണത്തിൽ പറഞ്ഞിരിക്കുന്നതു. ആ മഹനീയ മായ വൃക്ഷത്തെ സിംഹളാധിപൻ ആദരപൂവ്വം സ്വീ

കരിച്ച് തന്റെ 'മഹാമേഘോദ്യാനത്തിൽ' അതിനെ സ്ഥാപിച്ചു. അതിൽനിന്ന് എട്ടുവലിയ ചില്ലുകളുണ്ടാകുകയും അവയെല്ലാം പിന്നീട് ആ ദ്വീപിൽ ഓരോപ്രദേശങ്ങളിൽ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അക്കാലങ്ങളിൽത്തന്നെ, സിലോൺരാജാവ് മഹേന്ദ്രന്റെ സ്മാരകമായി ഒരു സന്യാസിമഠം ആദ്യമായി ആ ദ്വീപിൽ സ്ഥാപിച്ചു. • അധികം താമസിയാതെ അവിടെത്തന്നെ മറെറാരു സന്യാസിമഠവും സ്ഥാപിക്കപ്പെടുകയുണ്ടായി.

അനുലാ എന്ന രാജകുമാരിയും അവളൊന്നിച്ച് വേറെ ആയിരംപേർ കന്യകമാരും സംഘമിത്രയുടെ ധർമ്മോപദേശം കൈക്കൊണ്ട് തപസ്വിനീമഠത്തിൽ പ്രവേശിച്ചു. രാജാവ് (സിലോണിലെ) സംഘമിത്രക്ക പ്രത്യേകമായി ഒരു തപസ്വിനീമഠം സ്ഥാപിക്കയുമുണ്ടായി. പിന്നീട് ഈ മഠത്തിൽവെച്ചുതന്നെയാണ് ആ യോഗിനി നിർവ്വാണം പ്രാപിച്ചിട്ടുള്ളതു. ഇക്കാലത്ത് സിംഹളാധിപൻ 'ഉത്തിയൻ' എന്നാവനായിരുന്നു. മഹേന്ദ്രന്റെ നിർവ്വാണം അതിന്നുമുമ്പിലത്തെക്കൊല്ലത്തിലുമായിരുന്നു.

ബോധിവൃക്ഷത്തിന്റെ ഒരു ശാഖ സിലോണിലേക്കയച്ചതിനെ സംബന്ധിച്ചുള്ള ഉത്സവത്തിൽ അശോകൻ പങ്കുകൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന്റെ പൌത്രനായ സുമനസ്സിന്റെ ആദ്ധ്യക്ഷത്തിൽ ഒരു സംഘം സിലോണിൽനിന്ന് പാടലീപുത്രത്തിലെത്തി. ആ ദ്വീപിൽ പണിചെയ്യിപ്പാനുദ്ദേശിച്ചിരുന്ന മഹനീയമായ സ്തൂപത്തിൽ സ്ഥാപിക്കുന്നതിന്ന് ബുദ്ധന്റെ സ്മൃതിചിഹ്നങ്ങൾ ലഭിപ്പാനാ

യ്യൊണ്ടാണ് ആ സംഘക്കാർ ചക്രവത്തിയുടെ അടുക്കൽ ചെന്നതു. തന്റെ മിത്രമായ സിംഹളരാജാവിന്റെ അപേക്ഷപ്രകാരം ചില സ്മൃതിചിഹ്നങ്ങൾ അശോകൻ സിലോണിലേക്കയച്ചുകൊടുക്കുകയുമുണ്ടായി. അതേഅവസരത്തിൽ, "ചൂഡാമണിസ്തൂപത്തിൽ നിന്നെടുത്തതായ ഒരു കണ്ഠാസ്ഥി" ദേവാധിപനായ ശക്രനും ആ സംഘക്കാക്ക് നൽകിയത്രെ. ഈ സ്മൃതിചിഹ്നങ്ങളെ അന്യാദൃശമായ ആദരവോടെ സിലോൺരാജാവ് കൈക്കൊള്ളുകയും അവയെ "സ്തൂപാരാമം" എന്ന സ്തൂപത്തിൽ സ്ഥാപിക്കുകയുംചെയ്തു. ഈ സന്ദർഭത്തിൽ അവിടെ പല ആശ്ചൎയ്യകരങ്ങളായ സംഭവങ്ങളുണ്ടായി. ഇതെല്ലാം കണ്ട് ബൌദ്ധധൎമ്മത്തിന്റെ ശക്തിയെപ്പററി ബോധ്യംവന്നവരായ അനേകായിരം ദ്വീപവാസികൾ ബുദ്ധമതം സ്വീകരിക്കുകയും രാജാവിന്റെ ഇളയ സഹോദരൻ സംഘത്തിൽച്ചേരുകയും ചെയ്തു.

ശുഭമസ്തു

A 40